I.ഇ.ബി. XII-കേരള നിയമസഭ/II–21

**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ–സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ഒക്ടോബർ 26, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) മലബാർ മേഖലയിൽ ഹൈക്കോടതി ബഞ്ച്

ശ്രീ.കെ.സുധാകരൻ: മലബാർ മേഖല ഇന്ന് വിദ്യാഭ്യാസ–വ്യാവസായിക രംഗങ്ങളിൽ തെക്കൻ ജില്ലകളെ അപേക്ഷിച്ച് അവഗണിക്കപ്പെടുന്നു. വികസനത്തിന്റെ കാര്യത്തിൽ കണ്ണൂർ, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകൾ ഏറെ പിന്നിലാണ്. വികസന ഫണ്ട് അലോക്കേഷൻ വരുമ്പോൾ ഓരോ താലൂക്കുകളുടേയും വില്ലേജുകളുടേയും വികസനങ്ങൾ മാനദണ്ഡമായി എടുക്കാറുണ്ട്. മലബാറിന് അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ല. നിർദ്ദിഷ്ട ഹൈക്കോടതി ബഞ്ച് തിരുവനന്തപുരത്താണോ മലബാറിലാണോ സ്ഥാപിക്കുവാനുള്ള അർഹതയെന്ന് പരിശോധിക്കാൻ തയ്യാറാകണം. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകൾക്കാണ് തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് വരുന്നതുകൊണ്ട്

പ്രയോജനമുണ്ടാകുന്നത്. തിരുവനന്തപുരത്ത് ഒരു ഹൈക്കോടതി ബഞ്ച് സ്ഥാപിച്ചാൽ സർക്കാരുമായുള്ള കേസ്സുകളെല്ലാം തിരുവനന്തപുരത്തേയ്ക്ക് മാറ്റപ്പെടുകയും അതിൽ 60 ശതമാനം കേസുകളും നടത്തേണ്ടവർ മലബാറു കാരായതിനാൽ അവർ തിരുവനന്തപുരത്തേയ്ക്ക് വരേണ്ടിവരികയും ചെയ്യും. ഈ സാഹചര്യങ്ങൾ പരിഗണിച്ച് ഹൈക്കോടതി ബഞ്ച് മലബാർ മേഖലയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): കേരളപ്പിറവിക്കുശേഷം തലസ്ഥാനത്ത് കേരള ഹൈക്കോടതിയുടെ ബഞ്ച് ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും പിന്നീട് അത് നിറുത്തലാക്കുകയുണ്ടായി. സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്ത് ഫയലിംഗ് അധികാരത്തോടുകൂടിയ ഹൈക്കോടതി ബഞ്ചിന്റെ അഭാവം സർക്കാർ തലത്തിലുള്ള കേസ്സുകളുടെ നടത്തിപ്പിന്റെ മേൽനോട്ടത്തിലും അതുമൂലമുള്ള അധിക സാമ്പത്തിക ബാദ്ധ്യതയ്ക്കും വഴിവയ്ക്കുന്നുണ്ട്. തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് പ്രവർത്തിക്കാത്ത ഏക സംസ്ഥാനം കേരളം ആണ്. തലസ്ഥാനത്ത് ഒരു ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുക എന്നുള്ളത് ഈ സർക്കാരിന്റെ പ്രധാന അജണ്ടകളിൽ ഒന്നാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റീസിനോടും കേന്ദ്ര നിയമ വകുപ്പു മന്ത്രിയോടും തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാന ത്തിൽ ഇക്കാര്യം ഹൈക്കോടതിയുടേയും കേന്ദ്ര നിയമ മന്ത്രാലയ ത്തിന്റേയും സജീവ പരിഗണനയിലാണ്. കോഴിക്കോട് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്ന ആവശ്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലി ല്ലെങ്കിലും ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

(2) <u>കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

ശ്രീ.പി.ജയരാജൻ: കണ്ണൂർ ജില്ലയിൽ ഒരു വിമാനത്താവളം മലബാറിന്റെ വികസനത്തിന് ഏറ്റവും ആവശ്യമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവെങ്കിലും അന്ന് കേന്ദ്ര ഗവൺമെന്റിന്റെ ക്ലിയറൻസ് ലഭിച്ചില്ല. .ഈ ഗവൺമെന്റ് ഡോക്ടർ വേണു ഐ.എ.എസ്.-നെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് അക്വിസിഷന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്ഥലം അക്വയർ ചെയ്യുന്നതിനുവേണ്ടി ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ടീമിനെ നിശ്ചയിക്കുകയും കണ്ണൂർ എയർപോർട്ട് യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): കണ്ണൂരിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിമാനത്താവളം നിർമ്മിക്കുന്ന കാര്യം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പരിഗണനയിലാണ്. കണ്ണൂരിനടുത്ത് മൂർഖൻ പറമ്പ് എന്ന സ്ഥലത്ത് വിമാനത്താവളം സ്ഥാപിക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കുകയും കിൻഫ്രയെ നോഡൽ ഏജൻസിയായി നിശ്ചയിക്കുകയും വിമാനത്താവളത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിക്കുകയും പാർട്ട്ണർഷിപ്പ് വ്യവസ്ഥയിൽ പദ്ധതി നടപ്പിലാക്കുന്നതാണ് ഉചിതമെന്ന് ഈ കമ്മിറ്റി സർക്കാരിനെ ഉപദേശിക്കുകയും ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. വിമാനത്താവളത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ ഡോക്ടർ വേണു ഐ.എ.എസ്- നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ക്രമപ്രശ്നം**

ചോദ്യത്തിന് നൽകിയ മറുപടിയിലെ അപാകത

ശ്രീ.കെ.എം. മാണി: ഇക്കഴിഞ്ഞ 2006 ഒക്ടോബർ 11–ാം തീയതി 451–ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടി വസ്തുതാവിരുദ്ധമാണ്. 2003–ൽ കേന്ദ്രസർക്കാർ ഒരു ബില്ലും സംസ്ഥാനങ്ങൾക്ക് അയച്ചുതന്നിട്ടില്ല. എന്നാൽ കേന്ദ്ര ലാ കമ്മിഷൻ തയ്യാറാക്കിയ 1999–ലെ 'ദ കറപ്റ്റ് പബ്ളിക് സർവന്റ്സ് ഫോർഫ്യൂച്ചർ ഓഫ് പ്രോപ്പർട്ടീസ് ബിൽ' കേന്ദ്ര വിജിലൻസ് കമ്മിഷൻ എല്ലാ സംസ്ഥാന ങ്ങൾക്കും അയച്ചുകൊടുക്കുകയുണ്ടായി. സംസ്ഥാന സർക്കാർ വിജിലൻസ് ഡയറക്ടർക്ക് അയച്ചുകൊടുത്ത പ്രസ്തുത ബിൽ ആവശ്യമില്ല എന്നും നിലവിലുള്ള നിയമവ്യവസ്ഥകൾ പര്യാപ്തമാണെന്നുമുള്ള വിജിലൻസ് അഡ്വൈസറുടെ ഉപദേശത്തിന്റെ വെളിച്ചത്തിൽ ബില്ലിന് തുടർ നടപടി ആവശ്യമില്ല എന്ന് വിജിലൻസ് ഡയറക്ടറും വിജിലൻസ് സെക്രട്ടറിയും ഉപദേശിച്ചിരുന്നു. പ്രസ്തുത നോട്ടിംഗോടുകൂടിയ ഫയൽ നിയമ പരിഷ്ക്കരണ കമ്മിറ്റി പരിശോധിക്കുകയും ഈ വിഷയത്തിലേയ്ക്ക് പ്രത്യേകമായ നിയമം വേണമെന്ന് ശുപാർശ ചെയ്യുകയും 'കേരള പബ്ളിക് സർവന്റ്സ് ഫോർഫ്യൂച്ചർ ഓഫ് ഇല്ലീഗൽ പ്രോപ്പർട്ടീസ് ബിൽ–2003' എന്നപേരിൽ ഒരു പുതിയ ബിൽ തയ്യാറാക്കി അന്നത്തെ മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തു. 'കേരള കറപ്റ്റ് പബ്ളിക് മെൻ ഫോർഫ്യൂച്ചർ ഓഫ് പ്രോപ്പർട്ടീസ് ബിൽ–2003' എന്ന പേരുതന്നെ തെറ്റാണ്. മുൻ സർക്കാർ ഒന്നും ചെയ്തില്ല എന്നും ബില്ലിന്റെ പേര് തെറ്റാണെന്നും ഈ ബില്ലിൽ അഖിലേന്ത്യാ സർവ്വീസുകാരെ ഉൾപ്പെടുത്തിയിട്ടില്ല എന്നും പറയുന്നത്

ശരിയല്ല. ഇപ്രകാരം വസ്തുതാപരമായ കാര്യത്തെ തെറ്റിദ്ധാരണാജനകമായി മുഖ്യമന്ത്രി സഭയിൽ പറഞ്ഞത് ഓർഡറിലാണോ എന്ന് റൂൾ ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 11-10-2006-ൽ 451-ാം നമ്പർ ചോദ്യത്തിന് ഞാൻ നൽകിയ മറുപടിയിലെ ചില അപാകതകളാണ് ഇവിടെ ചൂണ്ടിക്കാട്ടിയത്. ഈ ചോദ്യത്തിന്റെ സപ്ളിമെന്ററി ചോദ്യത്തിന് കേന്ദ്ര ഗവണ്മെന്റ് 2003-ൽ അയച്ചുതന്ന ബില്ലിൻമേൽ മുൻ സർക്കാർ യാതൊരു നടപടിയും എടുത്തിട്ടില്ല എന്നല്ല, കാര്യമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നാണ് ഞാൻ പറഞ്ഞത്. 2003-ൽ ലഭിച്ച ഈ ബിൽ മുൻ ഗവണ്മെന്റ് വിജിലൻസ് ഡയറക്ടറുടെ അഭിപ്രായത്തിനയച്ചുവെങ്കിലും തുടർ നടപടി എടുത്തിട്ടില്ല. ഈ ഗവണ്മെന്റ് വന്നതിനുശേഷമാണ് വിജിലൻസ് ഡയറക്ടറുടെ അഭിപ്രായം ഉടനടി അറിയിക്കണമെന്നാവശ്യപ്പെട്ടത് എന്നാണ് ഉദ്ദേശിച്ചത്.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**സബ്മിഷൻ**

(1) കേരളത്തിൽ ഐ.ഐ.ടി

ശ്രീ.ജി.കാർത്തികേയൻ: കേരളത്തിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐ.ഐ.ടി)യുടെ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭി ക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): മദ്രാസ് ഐ.ഐ.ടി.യുടെ ഒരു സാറ്റലൈറ്റ് കാംപസ് കേരളത്തിൽ സ്ഥാപിക്കുന്ന കാര്യം പരിഗണിച്ചു വരികയാണ്. നിർദ്ദിഷ്ട സാറ്റലൈറ്റ് കാംപസിൽ 2007-08 അദ്ധ്യയന വർഷം മുതൽ വിദ്യാർത്ഥി പ്രവേശനം നടത്താൻ കഴിയുംവിധം സംസ്ഥാന

സർക്കാർ താൽക്കാലിക സൗകര്യങ്ങൾ നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജിൽ ലഭ്യമാക്കുന്നതാണ്. സാറ്റലൈറ്റ് കാമ്പസ് തുടങ്ങി 5 വർഷത്തിനകം കേന്ദ്ര ഗവണ്മെന്റിന് നിയമംവഴി പ്രസ്തുത കാമ്പസ് ഐ.ഐ.ടി.യായി മാറ്റാവുന്നതാണ്.

(2) കിരൺ ജെ. വേലായുധന്റെ ആശ്രിതർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ

ശ്രീ.എം.എ.വാഹീദ്: കാശ്മീരിൽവച്ച് തീവ്രവാദികളുമായുള്ള ഏറ്റുമുട്ടലിൽ മരിച്ച ചെമ്പഴന്തി സ്വാമിയാർ മഠം ശ്രീനീലകണ്ഠനിലയത്തിൽ വേലായുധൻ നായരുടെ മകൻ കിരൺ ജെ. വേലായുധന്റെ ആശ്രിതന് സർക്കാർ ജോലിയും കുടുംബത്തിന് അർഹമായ സാമ്പത്തികാനുകൂല്യങ്ങളും നൽകണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): കാശ്മീരിൽവച്ച് വീരചരമമടഞ്ഞ കിരൺ ജെ. വേലായുധന്റെ ആശ്രിതനായ അരുൺ ജെ. വേലായുധന് അർഹതപ്പെട്ട സർക്കാർ ജോലി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം റിപ്പോർട്ടിനായി സൈനികക്ഷേമ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാൽ ഉടൻതന്നെ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(3) പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ

ശ്രീ.എ.പ്രദീപ്കുമാർ: പൊതുമേഖലാ സ്ഥാപനങ്ങൾ, സിവിൽ സപ്ലൈസ്, ആരോഗ്യം, എക്സൈസ്, വിദ്യാഭ്യാസം, പോലീസ് തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യുകയും എത്രയും പെട്ടെന്ന് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഒഴിവുകൾ പൂർണ്ണമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നിലവിലുള്ള എല്ലാ സ്ഥിരം ഒഴിവുകളും രണ്ടാഴ്ചയ്ക്കകം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 24-6-2006-ന് എല്ലാ വകുപ്പു തലവന്മാർക്കും ജില്ലാകളക്ടർമാർക്കും പൊതുമേഖലാസ്ഥാപനങ്ങളിലെ തലവന്മാർക്കും നിർദ്ദേശം നൽകുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-9-2006 വരെ 14614 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പി.എസ്.സി. അറിയിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ സ്വീകരിക്കുന്ന നടപടി സംബന്ധിച്ച് തുടർച്ചയായി ഗവണ്മെന്റ് നിരീക്ഷണം നടത്തുകയും വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്. സ്ഥിരം നിയമനം നടത്തേണ്ട തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിലും മറ്റും നിയമനം നടത്തുന്ന രീതി ഈ സർക്കാർ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ട ആരോഗ്യ വകുപ്പിലെ നിയമനങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധിച്ചു. 80 ശതമാനത്തിലധികം പാർട്ട് ടൈം സ്വീപ്പേഴ്സിന്റെ വേക്കൻസികൾ പ്രൊമോഷൻ തസ്തികയിൽപ്പെടുന്നതാണ്. ഇവർക്ക് 70 വയസ്സുവരെ ജോലിയിൽ തുടരാം. ഉടൻതന്നെ വേക്കൻസികൾ ഫിൽ ചെയ്യാൻ ശ്രമിക്കുന്നതായിരിക്കും.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): കുറെ നാളുകളായി ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത

ഒരു സ്ഥിതി വിദ്യാഭ്യാസ വകുപ്പിൽ തുടരുകയായിരുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനത്തിന് സ്ഥിരമായിട്ടുള്ള അധ്യാപകർ ഉണ്ടാകണമെന്നുള്ളതാണ് ഈ ഗവണ്മെന്റിന്റെ താൽപര്യം. ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്.

(4) <u>തൃശൂരിൽ മെഡിക്കൽ യൂണിവേഴ്സിറ്റി</u>

<u>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ</u>: മെഡിക്കൽ കോളേജുകളുടെ എണ്ണം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ അവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും ഐകരൂപ്യത്തിനുംവേണ്ടി കേരളപ്പിറവിയുടെ ജൂബിലി ആഘോഷവേളയിൽത്തന്നെ തൃശൂരിൽ ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>മി.സ്പീക്കർ:</u> ഇതുസംബന്ധിച്ച് സബ്മിഷൻ ഉന്നയിക്കുന്നതിന് ശ്രീ. എ.സി. മൊയ്തീനും ശ്രീ. ബാബു എം. പാലിശ്ശേരിയും നോട്ടീസ് തന്നിരുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> മെഡിക്കൽ യൂണിവേഴ്സിറ്റിക്ക് തൃശൂർ അനുയോജ്യമായ സ്ഥലമാണെങ്കിലും എവിടെയാണ് സ്ഥാപിക്കേണ്ടതെന്ന നയപരമായ തീരുമാനം ഇതുവരേയും എടുത്തിട്ടില്ല.

(5) <u>സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അക്രമങ്ങൾ</u>

<u>ശ്രീമതി കെ.കെ.ശൈലജ ടീച്ചർ</u>: പ്രോസ്റ്റിറ്റ്യൂഷൻ, മനുഷ്യക്കച്ചവടം, സ്ത്രീധന നിരോധനം, ബാലവേല എന്നിവയ്ക്കെതിരെ നിയമമുണ്ടെങ്കിലും നടപ്പിലാക്കാൻ കഴിയുന്നില്ല. കുറ്റകൃത്യങ്ങളെ പ്രോൽസാഹിപ്പിക്കുന്ന പ്രസിദ്ധീകരണങ്ങളും മാധ്യമങ്ങളും നിരോധിക്കുന്നതിനും അവ വിറ്റഴിക്കുന്ന

സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനും സെൻസർഷിപ്പ് നിയമം കർശനമായി നടപ്പാക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സാംസ്ക്കാരികരംഗം മലീമസമാകുന്ന വിധത്തിലുള്ള സാഹചര്യം വർദ്ധിച്ചുവരുന്നത് നിയമങ്ങളില്ലാത്തതുകൊണ്ടല്ല.നിലവിലുള്ളതു കൂടാതെ കേന്ദ്ര സാമൂഹ്യക്ഷേമ വകുപ്പ് സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനായി ഒരു നിയമം ഇപ്പോൾ കൊണ്ടുവന്നിട്ടുണ്ട്. നിയമങ്ങൾ നടപ്പിലാക്കുന്നതിൽ പരാജയമുണ്ടാകുന്നതിനാലാണ് കുറ്റകൃത്യങ്ങൾ പെരുകുന്നത്. സ്റ്റേറ്റ് കമ്മിഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് രൂപീകരിക്കുന്ന കാര്യം ആലോചിക്കുന്നു. സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്ന അശ്ലീല സാഹിത്യങ്ങളെ തടയുന്നതുസംബന്ധിച്ചും വിശദമായ ചർച്ചകൾ നടത്തേണ്ടതുണ്ട്. വിവിധ മഹിളാ സംഘടനകളുടെ യോഗം വിളിച്ചുചേർത്ത് സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് ജാഗ്രതാ സമിതികൾ പ്രവർത്തിക്കേണ്ടതുസംബന്ധിച്ച് തീരുമാനമെടുക്കുകയും അതിന്റെ പൂർത്തീകരണത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയുമാണ്.

### (6) രാജീവ് നഗർ, കണ്ണാന്തുറ പ്രദേശങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. വി. സുരേന്ദ്രൻപിള്ള: കഴിഞ്ഞ ദിവസമുണ്ടായ അതികഠിനമായ മഴമൂലം രാജീവ്നഗർ, കണ്ണാന്തുറ വയർലസ് കോളനി തുടങ്ങിയ സ്ഥലങ്ങളിൽ ഒലിച്ചുപോകാൻ നിവൃത്തിയില്ലാതെ വെള്ളക്കെട്ടു ണ്ടാവുകയും ജനങ്ങൾക്ക് നിത്യനിദാനകാര്യങ്ങൾപോലും നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാവുകയും പ്രായാധിക്യവും രോഗവുംമൂലം നാലുപേർ മരിക്കുകയും ചെയ്തു. വെള്ളപ്പൊക്കത്താൽ ദുരിതമനുഭവി

ക്കുന്നവരെ റിലീഫ് ക്യാമ്പുകളിൽ താമസിപ്പിച്ചിരിക്കുന്നു. മഴ പെയ്താൽ ഇനിയും വെള്ളക്കെട്ടുണ്ടാകുമെന്നതിനാൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): അതിശക്തമായ മഴമൂലം തിരുവനന്തപുരം വെസ്റ്റ് നിയോജകമണ്ഡലത്തിൽപ്പെട്ട രാജീവ്നഗർ, കണ്ണാന്തുറ, വയർലസ് കോളനി എന്നിവിടങ്ങളിൽ വെള്ളം ഒഴുകി പോകാതെ ജനങ്ങൾ ബുദ്ധിമുട്ടുകയും തദ്ദേശവാസികളായ നാലുപേർ മരിക്കുകയും ചെയ്തവിവരം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടു. ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയും ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രിയും സ്ഥലം സന്ദർശിക്കുകയും ജില്ലാ കളക്ടർ, ആർ.ഡി.ഒ. എന്നിവരുടെ നേതൃത്വത്തിൽ ആ പ്രദേശത്തുള്ളവരെ മാറ്റിപ്പാർപ്പി ക്കുന്നതുൾപ്പെടെ ആവശ്യമായ ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. കെ.എസ്.ടി.പി. പ്രകാരം എയർപോർട്ട് റോഡിന്റെ ഉയരം കൂട്ടിയതാണ് വെള്ളപ്പൊക്കമുണ്ടാകാൻ കാരണം. ആ പ്രദേശത്തെ കുടുംബ ങ്ങൾക്ക് സ്ഥിരമായി സ്ഥലവും വീടും നൽകി മാറ്റി താമസിപ്പിക്കുന്നതിന് ഒരു പുതിയ പദ്ധതി തയ്യാറാക്കി സമർപ്പിക്കാൻ ജില്ലാകളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

### (7) സ്വകാര്യ ബസ് സമരം

ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി: നവംബർ 20-നു മുമ്പ് കേരളത്തിലെ എല്ലാ ഹെവി വെഹിക്കിൾസിലും സ്പീഡ് ഗവർണർ ഘടിപ്പിക്കണമെന്ന സുപ്രീം കോടതി വിധിയെത്തുടർന്ന് ഒക്ടോബർ 29-ന് ലോറിസമരം നടത്താനും ഒക്ടോബർ 30 മുതൽ കേരളത്തിലെ സ്വകാര്യ ബസുകൾ സർവ്വീസ് നിർത്തിവയ്ക്കാനും തീരുമാനിച്ചിരിക്കുകയാണ്. സ്പീഡ് ഗവർണർ

ഘടിപ്പിക്കണമെന്ന തീരുമാനം കേരളത്തെ മാത്രം ബാധിക്കുന്ന പ്രശ്നമായി മാറിയിരിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണം.

ശ്രീ.കെ.കെ.ദിവാകരൻ: കേരളത്തിൽ മാത്രം സ്പീഡ് ഗവർണർ ഘടിപ്പിക്കണമെന്ന നിയമം പ്രാവർത്തികമാക്കിയാൽ കേരളത്തിലെ വാഹനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ വാടകയ്ക്ക് കൊടുക്കുന്നതിനു കഴിയുകയില്ല. ഹൈക്കോടതിയിൽ ഇതുസംബന്ധിച്ചുള്ള കേസ് വന്നപ്പോൾ ഈ നിയമം പ്രാവർത്തികമാക്കുന്നതിന് അൽപ്പം സാവകാശം വേണമെന്ന് പറഞ്ഞിരുന്നതാണ്. കേന്ദ്ര ഗവണ്മെന്റുമായി ബന്ധപ്പെട്ട് ഈ പ്രശ്നത്തിന് അടിയന്തിര പരിഹാരം കാണണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.മാത്യൂ ടി. തോമസ്): കേരളത്തിലെ ടാങ്കർ ലോറി ഉൾപ്പെടെയുള്ള ഹെവി വെഹിക്കിൾസ് നടത്താനുദ്ദേശിക്കുന്ന സമരം ഒഴിവാക്കുന്നതിന് ഗവണ്മെന്റ് 27-10-2006-ന് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്നതാണ്. സംസ്ഥാനത്തെ എല്ലാ സ്റ്റേജ് കാര്യേജുകളും ഹെവി ട്രാൻസ്പോർട്ട് വെഹിക്കിൾസും സ്പീഡ് ഗവർണർ ഘടിപ്പിക്കണമെന്ന കോടതി വിധിയെത്തുടർന്നാണ് ഗവണ്മെന്റ് അതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചത്. റിവ്യൂ പെറ്റീഷൻ സമർപ്പിച്ചെങ്കിലും കോടതി അത് നിരസിച്ചതിനെത്തുടർന്ന് സ്പീഡ് ഗവർണ്ണർ ഘടിപ്പിക്കാനുള്ള സമയം ദീർഘിപ്പിച്ചുകൊണ്ട് ഗവണ്മെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. സുപ്രീം കോടതിയുടെ കർശന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് മോട്ടോർ വാഹന വകുപ്പ് സ്പീഡ് ഗവർണർ ഘടിപ്പിക്കണമെന്ന കാര്യത്തിൽ നടപടി സ്വീകരിച്ചത്.

നിയമപരമായി ഇതിൽ എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്ന് ഗവണ്മെന്റ് പരിശോധിച്ചുവരുന്നു.

(8) അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച ട്രഷറി വകുപ്പിലെ ജീവനക്കാരുടെ സീനിയോറിറ്റി പുനർനിർണ്ണയം

ശ്രീ.എ.കെ.ശശീന്ദ്രൻ: 1984 വരെ ട്രഷറി വകുപ്പ് ജീവനക്കാർക്ക് ജില്ലാ അടിസ്ഥാനത്തിലായിരുന്ന സീനിയോറിറ്റി ലിസ്റ്റ് മാറ്റി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും ട്രഷറി, രജിസ്ട്രേഷൻ വകുപ്പുകൾ ഈ ഉത്തരവ് പ്രാവർത്തികമാക്കിയിട്ടില്ലായിരുന്നു. തുടർന്ന് രജിസ്ട്രേഷൻ വകുപ്പ് കോടതിയെ സമീപിച്ച് അനുകൂലമായ വിധി സമ്പാദിച്ചുവെങ്കിലും ട്രഷറി വകുപ്പിൽ ആ നടപടിക്രമം സ്വീകരിക്കാത്തതിനാൽ ധാരാളം ആളുകൾക്ക് സീനിയോറിറ്റി നഷ്ടപ്പെടുന്ന സാഹചര്യം നിലനിൽക്കുകയാണ്. ഈ സാഹചര്യം പരിഗണിച്ച് ട്രഷറി വകുപ്പ് ജീവനക്കാരുടെ താൽപ്പര്യം സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സംസ്ഥാന ട്രഷറി വകുപ്പ് രൂപംകൊണ്ടപ്പോൾ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് ജില്ലാ തലത്തിലാണ് നിർണ്ണയിച്ചിരുന്നതെങ്കിലും അതിനുശേഷം വന്ന ഉത്തരവുകൾ പ്രകാരം ഗസറ്റഡ്-നോൺ ഗസറ്റഡ് വിഭാഗത്തിന് സംസ്ഥാനതലത്തിലാക്കി സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചു. ഈ ഉത്തരവുകൾ പ്രകാരം 12.12.1972 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി ലിസ്റ്റ് തയ്യാറാക്കാനും നേരത്തേയുള്ള ഉത്തരവനുസരിച്ച് അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിക്കുന്നവർ മുൻ ജില്ലയിലെ സീനിയോറിറ്റി ഉപേക്ഷിക്കുകയും ചെയ്യണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നു. എന്നാൽ ട്രഷറി വകുപ്പിൽ തുടക്കം മുതൽ മലബാർ മേഖലയും തിരുകൊച്ചി മേഖലയും രണ്ട് റീജിയനായി

കണക്കാക്കുകയും അവയ്ക്കുള്ളിലെ പരസ്പരം സ്ഥലംമാറ്റം അന്തർ ജില്ലാ സ്ഥലംമാറ്റമായി പരിഗണിക്കുകയും ചെയ്തിരുന്നില്ല. 1986-ലെ ഉത്തരവനുസരിച്ച് തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ചുള്ള ആക്ഷേപം ട്രഷറി വകുപ്പിലില്ലെങ്കിലും ഇവിടെ ഉന്നയിച്ച സബ്മിഷന്റെ അടിസ്ഥാനത്തിൽ അപാകതകളുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(9) മദ്രസ നവീകരണപദ്ധതിപ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട്

ശ്രീ. സി.ടി. അഹമ്മദ് അലി: വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മുസ്ലീം സമുദായത്തെ ഉന്നമനത്തിലേയ്ക്ക് കൊണ്ടുവരുന്ന തിനുള്ള കേന്ദ്ര ഗവണ്മെന്റിന്റെ മദ്രസ നവീകരണ പദ്ധതിപ്രകാരം സയൻസ്, കണക്ക്, സോഷ്യൽ സ്റ്റഡീസ്, ഇംഗ്ളീഷ്, ഹിന്ദി എന്നീ വിഷയങ്ങളിൽ അധ്യാപകരെ നിയമിക്കുന്നതിന് സമർപ്പിച്ച അപേക്ഷകളിൽ 80 എണ്ണത്തിന് 59,04,000 രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചുവെങ്കിലും തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതുകൊണ്ട് തുക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. 2006-2007-ലെ അപേക്ഷ ക്ഷണിച്ച് എത്രയുംവേഗം മുൻ വർഷം കൊടുക്കാനുള്ളതുൾപ്പെടെയുള്ള സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): മദ്രസകളിൽ അദ്ധ്യയനം നടത്തുന്നവർക്ക് പൊതുവിദ്യാഭ്യാസ രംഗത്ത് പുരോഗതി കൈവരിക്കുന്നതിനുവേണ്ടിയാണ് മദ്രസ വിദ്യാഭ്യാസ നവീകരണ പദ്ധതി ഏർപ്പെടുത്തിയത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇതിൽ കുറെ ബാക്ലോഗ് ഉണ്ടായിരുന്നു. 2004-2005 അദ്ധ്യയന വർഷം 97 മദ്രസകളെ ഈ പദ്ധതിയിൽപ്പെടുത്താൻ ശുപാർശ ചെയ്തു

വെങ്കിലും 82 മദ്രസകൾക്കാണ് കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് അനുവദിച്ചത്. ഈ ഇനത്തിൽ 59,04,000 രൂപയാണ് അനുവദിച്ചത്. കൂടുതൽ ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടതുമൂലം 3,38,91,000 രൂപ 429 മദ്രസകൾക്ക് ലഭ്യമാക്കാമെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. തുക ലഭിക്കുന്ന മുറയ്ക്ക് അർഹതപ്പെട്ട എല്ലാ മദ്രസകൾക്കും വിതരണം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുന്നതാണ്.

(10) വടക്കാഞ്ചേരിയിൽ കെ.എസ്.ഇ.ബി. ഡിവിഷൻ ഓഫീസ്

ശ്രീ.എ.സി.മൊയ്തീൻ: വടക്കാഞ്ചേരിയിൽ കെ.എസ്.ഇ.ബി.ക്ക് സ്വന്തമായുള്ള സ്ഥലത്ത് ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിന് പത്ത് വർഷം മുമ്പ് തീരുമാനമെടുത്തെങ്കിലും തൃശ്ശൂരിൽത്തന്നെ ഈ ഓഫീസ് നിലനിർത്തിയിരിക്കുകയാണ്. വെസ്റ്റ് ഡിവിഷൻ ഓഫീസ് വടക്കാഞ്ചേരിയിൽ ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ): തൃശ്ശൂർ വെസ്റ്റ് ഇലക്ട്രിക്കൽ ഡിവിഷനിൽ മലയോര മേഖലകൾ ഉൾക്കൊള്ളുന്നതും ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടക്കേണ്ടതുമായ വടക്കാഞ്ചേരി മേഖലയുടെ സമഗ്രമായ വൈദ്യുത വികസനം ഉറപ്പുവരുത്തുന്നതിന് വടക്കാഞ്ചേരി കേന്ദ്രീകരിച്ച് ഒരു ഇലക്ട്രിക് ഡിവിഷൻ വേണമെന്ന ദീർഘകാല ആവശ്യം കണക്കിലെടുത്ത് വടക്കാഞ്ചേരി-ചേലക്കര സബ് ഡിവിഷനുകൾ ഉൾപ്പെടുത്തി ഒരു ഇലക്ട്രിക് ഡിവിഷൻ രൂപീകരിക്കാൻ പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(11) ആറ്റിങ്ങൽ ടൗണിലെ ഗതാഗതക്കുരുക്ക്

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ആറ്റിങ്ങൽ നാഷണൽ ഹൈവേ എൻ.എച്ച്. 47 വഴിയാണ് കടന്നുപോകുന്നത്. ഇവിടെ ഒരു ബൈപ്പാസ്

നിർമ്മിക്കുന്നതിന് നാഷണൽ ഹൈവേയുടെ കിഴക്ക് വശത്ത് കുറച്ച് സ്ഥലം സർവ്വേ നടത്തി നോട്ടിഫൈ ചെയ്തിരുന്നു. എൻ.എച്ച്.ന്റെ പടിഞ്ഞാറ് ഭാഗത്ത് ഇപ്പോൾ സ്വകാര്യ കമ്പനികൾ സാറ്റ്ലൈറ്റ് സർവേ നടത്തിയതായി അറിയുന്നു. ഇതിൽ ഏത് ബൈപ്പാസാണ് ഗവൺമെന്റ് ഫൈനലൈസ് ചെയ്തിട്ടുള്ളതെന്നും ഇത് എന്ന് പൂർത്തിയാകുമെന്നും അറിയിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.റ്റി.യു.കുരുവിള): സേലം-കന്യാകുമാരി എൻ.എച്ച്. 47 കടന്നുപോകുന്ന ആറ്റിങ്ങൽ മുതൽ മൂന്ന് കിലോമീറ്റർ നീളത്തിൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് പ്രാഥമിക സർവ്വേ നടത്തി അലൈൻമെന്റ് പ്ളാൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് 2006-ൽ സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചില്ല. ദേശീയപാത 47 നാലുവരി പാതയായി ഉയർത്തുന്നതിന്റെ ഭാഗമായി എൻ.എച്ച്.എ.ഐ. കൺസൾട്ടന്റ് മുഖേന സർവ്വേ നടത്തി ആലംകോടുനിന്നും ആരംഭിച്ച് മാമംപാലം കഴിഞ്ഞ് അവസാനിക്കുന്ന 12 കിലോമീറ്റർ നീളംവരുന്ന ബൈപ്പാസ്സിന്റെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആറ്റിങ്ങൽ ബൈപ്പാസ് ഉൾപ്പെടെ ചേർത്തല മുതൽ തിരുവനന്തപുരംവരെയുള്ള നാലുവരിപ്പാതയുടെ നിർമ്മാണം കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.എച്ച്.എ.ഐ. ആണ് നടപ്പിലാക്കുന്നത്.

(12) കോന്നി കേന്ദ്രമാക്കി ഒരു റൂറൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്

ശ്രീ.അടൂർ പ്രകാശ്: കോന്നിയിലെ ഏഴ് പഞ്ചായത്തുകളിൽപ്പെട്ട തൊഴിൽരഹിതർ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് 60 കിലോമീറ്ററോളം യാത്ര ചെയ്യേണ്ടിവരുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് കോന്നി ആസ്ഥാനമാക്കി ഒരു റൂറൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കാൻ നടപടിയുണ്ടാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ.ഗുരുദാസൻ): പത്തനംതിട്ട ജില്ലയിൽ നിലവിൽ അഞ്ച് എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലം ഈ വർഷം പുതിയ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കാൻ കഴിയില്ല. അടുത്തവർഷം ഇതിന്റെ സാധ്യത യെക്കുറിച്ച് ആലോചിക്കാം.

(13) അയ്യമ്പുഴ പഞ്ചായത്തിലെ ഹരിജൻ കുടുംബങ്ങൾക്ക് പട്ടയം

ശ്രീ.ജോസ് തെറ്റയിൽ: റവന്യൂ-ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകൾ ജോയിന്റ് ഇൻവെസ്റ്റിഗേഷൻ നടത്തി അനുകൂല റിപ്പോർട്ട് നൽകിയെങ്കിലും അങ്കമാലിയിലെ മലയാററനൂർ-കോടനാട് ഫോറസ്റ്റ് ഡിവിഷനിൽ അയ്യമ്പുഴ പഞ്ചായത്തിലെ പാണ്ടുപ്പാറ, കണ്ണിമംഗലം പ്രദേശങ്ങളിൽ അമ്പതിലേറെ വർഷങ്ങളായി താമസിക്കുന്ന ഹരിജൻ കുടുംബങ്ങൾക്ക് പട്ടയം നൽകി യിട്ടില്ല. ഇതിനുവേണ്ട നടപടി സ്വീകരിക്കണം.

റവന്യ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): റവന്യൂ-വനം വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തിയപ്പോൾ ഭൂരേഖകളിലു ണ്ടായ നേരിയ വ്യത്യാസംമൂലമാണ് കോടനാട് ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട കണ്ണിമംഗലം പ്രദേശത്തെ പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടെയുള്ളവർക്ക് കൈവശരേഖയും പട്ടയവും നൽകാൻ സാധിക്കാത്തത്. ഇത് പ്രത്യേകം പരി ശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ ജില്ലകളിൽ ഇതുപോലെ ബുദ്ധിമുട്ടുകളുണ്ടായതിന് പരിഹാരം കാണാൻ റവന്യു-വനം വകുപ്പുകൾ സംയുക്ത നടപടി സ്വീകരിച്ചുവരികയാണ്.

(14) ഹയർ സെക്കന്ററി സ്ക്കൂളുകളിലെ പ്രവൃത്തി സമയം

ശ്രീ.ബി. ബാബു പ്രസാദ്: ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വന്നതോടുകൂടി 80 ശതമാനം മാർക്ക് പാഠ്യ

വിഷയങ്ങളിലും 20 ശതമാനം മാർക്ക് കണ്ടിന്യുവസ് വാല്യുവേഷനിലും 20 ശതമാനം മാർക്ക് പ്രോജക്ടിനും വിദ്യാർത്ഥികൾ നേടണം. തിങ്കളാഴ്ച മുതൽ ശനിയാഴ്ചവരെ സ്കൂളുകൾക്ക് പ്രവൃത്തി ദിവസങ്ങളായതിനാൽ വിദ്യാർത്ഥികൾക്ക് ഇതിന് കഴിയുന്നില്ല. ഈ പ്രോസസിംഗിന് അദ്ധ്യാപകർക്കും സമയം വേണം. ആയതിനാൽ ശനിയാഴ്ചകൾ അവധി ദിവസങ്ങളാക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഹയർ സെക്കന്ററിക്ക് എൻ.സി.ഇ.ആർ.ടി.യുടെ പാഠ്യക്രമമാണ് അംഗീകരിച്ചിട്ടുള്ളത്. അതനുസരിച്ച് നിശ്ചിത മണിക്കൂർ കുട്ടികൾ പഠിക്കേണ്ട തുണ്ട്. ശനിയാഴ്ച അവധി നൽകിയാൽ മറ്റ് ദിവസങ്ങളിൽ അത്രയും സമയം കൂടുതലായി കണ്ടെത്തേണ്ടിവരും. അത് വിദ്യാർത്ഥികൾക്ക് കൂടുതൽ ബുദ്ധി മുട്ടാകും. അക്കാഡമിക് വശങ്ങൾ കണക്കിലെടുത്ത് ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. ഹയർ സെക്കന്ററി തലത്തിൽ സർവ്വീസ് ചട്ടങ്ങൾ നിലവിലുണ്ട്. മിനിസ്റ്റീരിയൽ സ്റ്റാഫിന് നിലവിൽ സർവ്വീസ് ചട്ടമില്ലാത്തത് പരിഹരിക്കാൻ നടപടി സ്വീകരിക്കും.

### (15) കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിൽ സ്റ്റാഫിന്റെ അപര്യാപ്തത

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 1993-ൽ നാലരക്കോടി രൂപ ചെലവഴിച്ച് താനൂരിൽ നിർമ്മിച്ച വനിതാ പോളിടെക്നിക്കിൽ 600-ഓളം കുട്ടികൾ പഠിക്കുന്നതിൽ 40 കുട്ടികൾക്ക് മാത്രമാണ് ലാബ് സൗകര്യം ഉള്ളത്. അതുകൊണ്ട് പലപ്പോഴും പ്രാക്ടിക്കൽ പരീക്ഷ നടത്താൻ കഴിയുന്നില്ല. ത്രിവൽസര കോഴ്സുകൾ പഞ്ചവൽസര കോഴ്സുകളായി മാറുന്നു. ലാബിലേയ്ക്ക് കറണ്ട് കണക്ഷൻ കിട്ടിയിട്ടില്ല. നിലവിലുള്ള രണ്ട്

കോഴ്സുകൾക്ക് പുറമേ പുതുതായി രണ്ട് കോഴ്സുകൾകൂടി അനുവദിച്ചിട്ടുണ്ട്. രണ്ട് കോഴ്സുകൾക്കുള്ള അദ്ധ്യാപകരുടെ തസ്തികയാണ് ഇപ്പോഴുള്ളത്. 33 തസ്തികകളിൽ 16 എണ്ണം ഒഴിഞ്ഞുകിടക്കുന്നു. ഈ സ്ഥാപനത്തിൽ വനിതാ ജീവനക്കാരില്ല. ഗസ്റ്റ് ലക്ചറന്മാരെ നിയമിക്കുന്നതിന് നടപടി ഉണ്ടാകണം. നിലവിലുള്ള കമ്പ്യൂട്ടർ ആപ്ളിക്കേഷൻസ് ആന്റ് മാനേജുമെന്റ് കോഴ്സിന് പി.എസ്.സി.യുടെ അംഗീകാരം ലഭ്യമാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി: (ശ്രീ.എം.എ. ബേബി): അവിടെ ഫർണിച്ചറില്ലെന്ന പ്രശ്നം പരിഹരിക്കുന്നതാണ്. ലാബ് സൗകര്യം മെച്ചപ്പെടുത്തുന്നതിന് 4,69,000 രൂപയുടെ ഭരണാനുമതിയുണ്ട്. കൂടുതൽ തുക ആവശ്യമുണ്ടെങ്കിൽ അനുവദിക്കും. വനിതാ അദ്ധ്യാപകരെയും ഗസ്റ്റ് ലക്ചറേഴ്സിനേയും നിയമിക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകും. വൈദ്യുതി കണക്ഷൻ ഉടൻ ലഭ്യമാക്കും.

(16) നിയമവിരുദ്ധമായി നടത്തുന്ന ഭ്രൂണഹത്യ

ശ്രീ. തോമസ് ഉണ്ണിയാടൻ: സംസ്ഥാനത്ത് നിയമവിരുദ്ധമായ ഭ്രൂണഹത്യ വർദ്ധിച്ചുവരികയാണ്. കേന്ദ്ര ആക്ടിന്റെ മറവിൽ മൾട്ടി ഹോസ്പിറ്റൽ മുതൽ ഡോക്ടേഴ്സിന്റെ വസതിയിൽവരെ ഇത് നടക്കുന്നുണ്ട്. ഭ്രൂണഹത്യ ചെയ്യുന്നതിലൂടെ പല സ്ത്രീകൾക്കും മാനസിക വിഭ്രാന്തിയുണ്ടാകുന്നു. പൂർണ്ണ വളർച്ചയായ കുഞ്ഞുങ്ങളെവരെ ഈ രീതിയിൽ നശിപ്പിക്കുന്നുണ്ട്. അനധികൃത ലിംഗ നിർണ്ണയവും അബോർഷനും വർദ്ധിച്ചുവരികയാണ്. ഇതിനെതിരെ നിയമമുണ്ടെങ്കിലും അത് ശക്തമല്ല. ഇക്കാര്യത്തിൽ കർക്കശ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കേരളത്തിൽ 115 സ്കാനിംഗ് സെന്റർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഈ സെന്ററുകളിലൂടെ പെൺ ഭ്രൂണഹത്യ നടക്കുന്ന സ്ഥിതി സംബന്ധിച്ച് സംശയം ഉയർന്നുവന്നിട്ടുണ്ട്. ഇത്തരത്തിലുള്ള ഏതെങ്കിലും ഒരു പ്രശ്നം ഏതെങ്കിലും സ്ഥാപനത്തിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെടുത്തിയാൽ ആ സ്ഥാപനത്തിനെതിരെ പി.എൻ.ഡി.ടി. ആക്ട് പ്രകാരം കർശന നടപടി സ്വീകരിക്കും.

### (17) ബസ് സർവ്വീസ് രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ.പി.തിലോത്തമൻ: അടിക്കടിയുണ്ടാകുന്ന ഡീസലിന്റെയും പെട്രോളിന്റെയും വിലവർദ്ധനവ്, നിയന്ത്രണമില്ലാത്ത പെർമിറ്റ് വിതരണം തുടങ്ങിയവമൂലം ബസ് രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ തകർച്ചയെ നേരിടുകയാണ്. സർക്കാരിന്റെ ചില ആനുകൂല്യങ്ങൾ ഇവർക്ക് നേരത്തെ ലഭിച്ചിരുന്നത് ഇപ്പോൾ നൽകുന്നില്ല. കേരളത്തിൽ പ്രധാനമായും മൂന്ന് സംഘങ്ങളാണ് ഈ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നത്. മുൻകാലങ്ങളിലുണ്ടായിരുന്ന ആനുകൂല്യങ്ങൾ പുന:സ്ഥാപിച്ച് ഈ സംഘങ്ങളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി. സുധാകരൻ): കേന്ദ്ര ആക്ടിലെ ഭേദഗതികൾമൂലം ഈ സംഘങ്ങളുടെ പ്രയോറിറ്റി എടുത്തുകളഞ്ഞു. ഇന്ധന വില വർദ്ധനവും ഇൻകം ടാക്സ് ചുമത്തലുംമൂലം സംഘങ്ങൾ നഷ്ടത്തിലായി. നിരവധി മോട്ടോർ സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തിക്കുന്നവ വളരെ കുറവാണ്. നിലവിൽ പ്രവർത്തിക്കുന്ന മൂന്ന് സംഘങ്ങളിൽ 58 ബസ്സുകളും 400 തൊഴിലാളികളുമാണുള്ളത്. 25 വർഷ ത്തിലേറെ പഴക്കമുള്ള സംഘങ്ങളുടെ ഷെയർ 3,00,000 രൂപയിൽനിന്ന്

7,00,000 രൂപയായി വർദ്ധിപ്പിക്കാനും 5,00,000 രൂപവീതം ഗ്രാന്റ് നൽകുന്നതിനും ഗവൺമെന്റ് തയ്യാറാണ്. ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ നൽകുന്ന 12 മുതൽ 14 ശതമാനം വരെയുള്ള പലിശ 10 ശതമാനമായി റഗുലേറ്റുചെയ്യാനും ബാക്കി റീ-ഷെഡ്യൂൾ ചെയ്യാനും നടപടി സ്വീകരിക്കാം. റൂട്ടുകൾ നൽകുന്നതിന് സഹകരണ സ്ഥാപനത്തിന് പരിഗണന കൊടുക്കാൻ ജില്ലാ കളക്ടറോട് നിർദ്ദേശിക്കും. നിലവിലുള്ള നിയമത്തിന്റേയും സാമ്പത്തിക പ്രതിസന്ധിയുടേയും അടിസ്ഥാനത്തിൽ മോട്ടോർ സഹകരണ സംഘങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പരമാവധി സഹായംചെയ്യും.

(18) <u>കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ</u>

<u>പ്രൊഫസർ എൻ. ജയരാജ്</u>: ശബരിമല സീസണിൽ നിരവധി തീർത്ഥാടകർ ചികിൽസയ്ക്കായി എത്തുന്ന കാഞ്ഞിരപ്പള്ളി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങളില്ല. കാഷ്വാലിറ്റിയിൽ പോലും ആവശ്യമായ ഡോക്ടേഴ്സും നഴ്സുമില്ല. 142 കിടക്കകളുള്ള ഈ ആശുപത്രിയിൽ 600-1000 രോഗികളാണ് ഒരു ദിവസം വരുന്നത്. മോർച്ചറിയുടെ അഭാവമുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനം നടത്തുന്ന കാഞ്ഞിരപ്പള്ളി സർക്കാരാശുപത്രിയിൽ നാല് സിവിൽ സർജന്മാരും 7 അസിസ്റ്റന്റ് സർജന്മാരും ഒരു ദന്തൽ സർജനും ആറ് ഹെഡ് നഴ്സുമാരും 18 സ്റ്റാഫ് നഴ്സുമാരും 15 നഴ്സിംഗ് അസിസ്റ്റന്റുമാരുമുൾപ്പെടെയുള്ളവരുടെ സേവനം ലഭ്യമാണ്. എക്സ്റേ സൗകര്യങ്ങളും രണ്ട് ആംബുലൻസുകളും

ലാബും ഉണ്ട്. മലയോര മേഖല എന്നുള്ള നിലയിൽ കൂടുതൽ വികസനം ആവശ്യമാണെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ റൂറൽ ഹെൽത്ത് മിഷന്റെ ഫണ്ട് ഉപയോഗിച്ച് കൂടുതൽ വികസനത്തിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(19) പഞ്ചായത്ത്-മുനിസിപ്പാലിറ്റി റോഡ് പണിക്കു നൽകുന്ന ടാർ.

ശ്രീ. കെ. അച്ചുതൻ: റോഡ് വർക്കിനാവശ്യമായ ടാർ പഞ്ചായത്തുകൾ വാങ്ങിക്കാതെ കരാറുകാരെ ഏൽപ്പിക്കുന്നതിന്റെ ഫലമായി വ്യാജ ബിൽ ഉണ്ടാക്കി പൈസ എഴുതി വാങ്ങുകയും പി.ഡബ്ളിയു.ഡി. റോഡ് വർക്കിന് കൊടുക്കുന്ന ടാർ ബാരലിന് പകുതിയിൽ കൂടുതലും നാലായിരം രൂപ വിലയ്ക്ക് പഞ്ചായത്തിൽ വർക്കെടുക്കുന്നവർക്ക് വിൽക്കുകയാണ്. ഇതുമൂലം പഞ്ചായത്ത് റോഡുകളും പി.ഡബ്ളിയു.ഡി. റോഡുകളും പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാകുന്നു. അതിനാൽ പഞ്ചായത്തുകൾക്കാവശ്യമായ ടാർ വാങ്ങിക്കൊടുക്കാൻ സംവിധാനം ഏർപ്പെടുത്തണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ സർക്കുലർ അനുസരിച്ച് റോഡ് പണികൾക്കുള്ള ടാർ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകുകയോ ആ സ്ഥാപനങ്ങളുടെ തീരുമാനപ്രകാരം കരാറുകാരന് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വാങ്ങുകയോ ചെയ്യാവുന്നതാണ്. അപ്രകാരം ടാർ വാങ്ങുന്നവർക്ക് ബിൽ പ്രകാരമുള്ള നിരക്കും പൊതുമരാമത്ത് വകുപ്പിന്റെ ഷെഡ്യൂൾ പ്രകാരമുള്ള കൺവേയൻസും നൽകാവുന്നതുമാണ്.

(20) ആധാരത്തിലെ ഭാഷാ ശൈലി പരിഷ്ക്കരിക്കൽ

ശ്രീ. എ.പി. അനിൽകുമാർ: ആധാരമെഴുത്തിലും ബില്ലുകളിലും സർക്കുലറുകളിലും ഉപയോഗിക്കുന്ന പദങ്ങളും ശൈലിയും മനസ്സിലാക്കാൻ ബുദ്ധിമുട്ടായിരിക്കുന്നു. കേരളപ്പിറവിയുടെ 50-ാം വാർഷികമാഘോഷി ക്കുന്ന വേളയിൽ മലയാളം ഔദ്യോഗിക ഭാഷയാക്കാനുള്ള ശ്രമമുണ്ടാകുന്ന അവസരത്തിൽത്തന്നെ സാധാരണക്കാരന് മനസ്സിലാകുന്ന ഭാഷയിലും ശൈലിയിലും പദങ്ങൾ പ്രയോഗിക്കാൻ നിർദ്ദേശം കൊടുക്കണം. ആവശ്യ മെങ്കിൽ ഒരു കമ്മിറ്റിയെ വച്ച് ഇതിനെക്കുറിച്ച് പഠിച്ച് കാലോചിതമായ മാറ്റം വരുത്താൻ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്.ശർമ്മ): ആധാരങ്ങളിലെ ഭാഷാശൈലി സംബന്ധിച്ച് രജിസ്ട്രേഷൻ നിയമത്തിൽ ഒരു പൊതു മാനദണ്ഡം വ്യവസ്ഥ ചെയ്തിട്ടില്ല. രജിസ്ട്രേഷന് ഹാജരാക്കുന്ന ആധാരങ്ങൾ കക്ഷികളുടെയും ആധാരമെഴുത്തുകാരുടെയും ഇഷ്ടാനു സരണമുള്ള ഭാഷാ ശൈലിയിലാണ് തയ്യാറാക്കുന്നത്. ഭാഷാ ശൈലിയുടെ കാര്യം നിയമം വഴി നിയന്ത്രിക്കാനാകാത്ത വിഷയമാണെങ്കിലും ശൈലി കൂടുതൽ ലളിതമാക്കണമെന്ന കാര്യം ആധാരമെഴുത്തുകാരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ ഉത്തരവു കളിലും മറ്റ് രേഖകളിലും ഉപയോഗിക്കുന്ന ശൈലി കൂടുതൽ ലളിത മാക്കാൻ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നതാണ്.

(21) ചെറുകിട പട്ടണങ്ങളുടെ വികസന പദ്ധതി.

ശ്രീ.കെ.സി.വേണുഗോപാൽ: കേന്ദ്ര ഗവണ്മെന്റിന്റെ ചെറുകിട പട്ടണങ്ങളുടെ സമഗ്രവികസന പദ്ധതിയിൽ ആലപ്പുഴ പട്ടണത്തെ ഉൾപ്പെടുത്തി അനുമതി വാങ്ങാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ പദ്ധതിയിൽ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെറുകിട പട്ടണങ്ങളുടെ സമഗ്ര വികസനത്തിനായുള്ള ചെറുകിട-ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന സ്കീമിൽ ആലപ്പുഴ ഉൾപ്പെടെയുള്ള എല്ലാ പട്ടണങ്ങളേയും ഉൾപ്പെടുത്തുകയും നഗരസഭകൾ പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി അയച്ചുകൊടുക്കുകയും ചെയ്യുന്നതാണ്. കേന്ദ്രാനുമതി ലഭിക്കുന്ന പ്രോജക്ടുകളാണ് നഗരസഭകൾ നടപ്പാക്കേണ്ടത്. പദ്ധതികൾ തയ്യാറാക്കിത്തന്നാൽ അവ കേന്ദ്ര ഗവണ്മെന്റിൽ സമർപ്പിച്ച് അംഗീകാരം വാങ്ങാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(22) കാസർകോട്ടെ ലത്തീൻ കത്തോലിക്കാവിഭാഗത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തൽ

ശ്രീ.സി.എച്ച്.കുഞ്ഞമ്പു: സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന കൊങ്ങിണി ഭാഷ സംസാരിക്കുന്ന കാസർകോട് ജില്ലയിലെ ലത്തീൻ കത്തോലിക്കാ വിഭാഗത്തിന് ഒ.ബി.സി. ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ): കാസർകോട് ജില്ലയിലെ കൊങ്ങിണി കാത്തലിക് ക്രിസ്ത്യൻ

വിഭാഗത്തിനെ പിന്നോക്ക വിഭാഗത്തിൽപ്പെടുത്തണമെന്നാവശ്യപ്പെട്ട് കാത്തലിക് സഭ കാസർകോട് ജില്ലാ കമ്മിറ്റി നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനെ അറിയിക്കുകയും ബന്ധപ്പെട്ട പാർട്ടികളെ കമ്മീഷൻ നേരിൽ വിളിച്ച് കാര്യങ്ങൾ കേൾക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇവരുടെ സാമൂഹികവും സാമ്പത്തികവുമായ നിലയെ സംബന്ധിച്ച് വ്യക്തമായ വിവരം ശേഖരിച്ച് നൽകാൻ കിർത്താഡ്സ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കമ്മീഷന്റെ ഉപദേശം ലഭിച്ചശേഷം യുക്തമായ തീരുമാനം എടുക്കുന്നതാണ്.

(23) <u>ഡോ. വി.വി. വേലുക്കുട്ടി അരയന്റെ കടലാക്രമണ പ്രതിരോധ പദ്ധതി.</u>

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> കടലാക്രമണം രൂക്ഷമായ തീരപ്രദേശങ്ങളിൽ തിരക്കുഴിയിൽ നിന്ന് മണ്ണ് കുഴിച്ചെടുത്ത് കടലിന്റെ തീരത്തോട് ചേർന്ന ഭാഗത്ത് നിക്ഷേപിച്ച് മുക്കാൽ കിലോമീറ്റർ വീതിയിൽ പുതിയ കര നിർമ്മിക്കുന്ന ഒരു റിക്ളമേഷൻ സ്കീം 1954-ൽ ഡോ:വി.വി. വേലുക്കുട്ടി അരയൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് സമർപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനും തീരദേശ സംരക്ഷണത്തിനും കടലാക്രമണം തടയുന്നതിനുമുള്ള ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ):</u> ഡോ. വി.വി. വേലുക്കുട്ടി അരയൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് 1954-ൽ സമർപ്പിച്ചു എന്നു പറയുന്ന കടലാക്രമണ പ്രതിരോധ പദ്ധതി അന്നത്തെ തിരു-കൊച്ചി സംസ്ഥാനങ്ങളോ ഇൻഡ്യാ ഗവണ്മെന്റോ പരിഗണിച്ചതായോ നടപ്പാക്കിയതായോ രേഖകൾ ലഭ്യമല്ല. കടലിലെ തിരക്കുഴികളിൽനിന്ന് മണ്ണ്

കുഴിച്ചെടുത്ത് മുക്കാൽ കിലോമീറ്റർ വീതിയിൽ തീരത്തിന്റെ രീതിയിൽ പുതിയ കരയുണ്ടാക്കുകയാണ് കടലാക്രമണ പദ്ധതിയിലെ പ്രധാനപ്പെട്ട നിർദ്ദേശം. കൂടാതെ തിരു-കൊച്ചി പ്രദേശത്തിന്റെ വടക്കേയറ്റമായ ചെല്ലാനത്തുനിന്ന് കോവളം വരെ ഒരു ഫർലോംഗ് വീതിയിൽ കടൽ നികത്തി കടൽത്തീരം മുതൽ നീളത്തിൽ കര നിർമ്മിക്കുന്നതുമൂലം കടലാക്രമണം ശാശ്വതമായി തടയാമെന്നും പറയുന്നുണ്ട്. 1950-കളിലെ സാഹചര്യത്തിനനുസരിച്ച് തയ്യാറാക്കി സമർപ്പിച്ച പ്രസ്തുത കടലാക്രമണ പ്രതിരോധ പദ്ധതി ശാസ്ത്രീയ പുരോഗതിയിൽ ഏറെ മുന്നോട്ടുപോയിട്ടുള്ള ഇപ്പോഴത്തെ കാലഘട്ടത്തിലും നിലവിലിരിക്കുന്ന തീര സംരക്ഷണത്തിനുള്ള ഇതര നിയമങ്ങൾക്കും അനുസൃതമായി ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നതാണോ എന്ന് ഒരു വിദഗ്ദ്ധ ശാസ്ത്രസമിതിയുടെ പഠനത്തിന് വിധേയമാക്കുന്നതാണ്. ടി.ആർ.പി.യിൽ ലഭ്യമാകുന്ന ഫണ്ടുപയോഗിച്ച് ലാൻഡ് റിക്ളമേഷൻ സ്കീം കേരളത്തിലെ ഏതെങ്കിലും തീരദേശത്ത് 500 മീറ്ററോ ഒരു കിലോമീറ്ററോ നീളത്തിൽ നടപ്പാക്കി കടലാക്രമണ പ്രതിരോധ ത്തിന് ഗുണമാണെന്ന് ബോധ്യപ്പെട്ടാൽ സംസ്ഥാന വ്യാപകമായി നടപ്പിലാ ക്കാൻ ഗവണ്മെന്റ് സന്നദ്ധമാണ്.

(24) <u>വെമ്പായം-പനവൂർ ശുദ്ധജലവിതരണ പദ്ധതി</u>

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:</u> 1997-ൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച വെമ്പായം-പനവൂർ ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്. ട്രീറ്റ്മെന്റ് പ്ലാന്റ്, വെൽ, രണ്ട് ടാങ്കുകൾ എന്നിവയുടെ പണി പൂർത്തിയായി. ഒരു ഉന്നതതലയോഗം വിളിച്ച് റാ വാട്ടർ പമ്പിംഗ് മെയിൻ, ടാങ്ക്, ഡിസ്ട്രിബ്യൂഷൻ ലൈൻ എന്നിവയുടെ

നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ): എ.ആർ.ഡബ്ളിയു. സ്കീമിൽപ്പെടുത്തി 1998-ൽ ആരംഭിച്ച 350 ലക്ഷം രൂപ മതിപ്പു ചെലവ് വരുന്ന പ്രസ്തുത പദ്ധതിയുടെ കിണർ, ട്രീറ്റ്മെന്റ് പ്ളാന്റ്, ആറ് ജലസംഭരണികൾ എന്നിവയുടെ പണി പൂർത്തിയായിട്ടുണ്ട്. വയ്യാക്കാവിലെ ട്രീറ്റ്മെന്റ് പ്ളാന്റിൽനിന്ന് ആലുമുക്കിലെ പ്ളാന്റിലേയ്ക്ക് നേരിട്ട് പമ്പ് ചെയ്യാനുള്ള പദ്ധതിയിലെ ഡീവിയേഷനും ട്രീറ്റ്മെന്റ് പ്ളാന്റിൽനിന്ന് 5 കിലോ മീറ്റർ ദൂരം ക്ളിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. എൽ.ഐ.സി.-യുടെ ധനസഹായത്തോടെ ആരംഭിച്ച കല്ലറ-പാങ്ങോട് പദ്ധതികൂടി ഉൾപ്പെടുന്ന പൊതുവായ ഘടകങ്ങളിൽ ഒന്നായ കിണറിൽനിന്ന് ശുദ്ധീകരണശാല വരെ സ്വീവേജ് റാ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് സപ്ളൈ ആന്റ് ലേയിംഗ് വ്യവസ്ഥയിൽ പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ഈ പണികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുക്കിയ ഷെഡ്യൂൾ റേറ്റ് പ്രകാരം 11.35 കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്.

(25) കുമരകം വിനോദ സഞ്ചാരകേന്ദ്രം.

ശ്രീ.വി.എൻ.വാസവൻ: ആയിരക്കണക്കിന് വിദേശികളും സ്വദേശി കളും വന്നുപോകുന്ന അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച കുമരകം വിനോദസഞ്ചാര കേന്ദ്രത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുള്ള പ്രധാന റോഡുകൾ സഞ്ചാരയോഗ്യമാക്കണം. കുടിവെള്ളക്ഷാമം പരിഹരിക്കുകയും പ്രസ്തുത പ്രദേശത്തെ പ്രാഥമികാരോഗ്യ കേന്ദ്രം ഫലപ്രദമായി പ്രവർത്തി

പ്പിക്കുകയും ചെയ്യണം. ഹൗസ് ബോട്ടുകളിൽനിന്ന് ബഹിർഗമിക്കുന്ന മാലിന്യങ്ങളും ഖരമാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനും അവിടത്തെ ടൂറിസം പോലീസിന്റെ യൂണിഫോം പരിഷ്ക്കരിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കുമരകം ടൂറിസ്റ്റ് വികസന കേന്ദ്രമായി മാറിയതിന്റെ ഭാഗമായി കോട്ടയം-കുമരകം റോഡിന്റെ വികസനത്തിനായി ടൂറിസം വകുപ്പ് സമർപ്പിച്ച പദ്ധതി നബാർഡ് അംഗീകരിക്കുകയും ഇതിനായി ആറര ക്കോടി രൂപയുടെ അനുവാദം ലഭിക്കുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പുവഴിയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ജില്ലാ പഞ്ചായത്തിലൂടെ 150 ലക്ഷം രൂപയുടെ ഒരു പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കിവരികയാണ്. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി 13 കോടി 10 ലക്ഷം രൂപയുടെ പദ്ധതി കേരള വാട്ടർ അതോറിറ്റി ടൂറിസം വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിനായി 12,70,000 രൂപയുടെ ഒരു പദ്ധതി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സമർപ്പിച്ചെങ്കിലും ഇതിനായുള്ള സ്ഥലം കണ്ടെത്താൻ കഴിയാത്തതുകൊണ്ട് ഈ പദ്ധതിക്ക് അനുവാദം നൽകിയിട്ടില്ല. കുമരകത്ത് മാലിന്യ സംസ്ക്കരണത്തിനാവശ്യമായ പദ്ധതിക്ക് രൂപം കൊടുക്കുന്നതോടൊപ്പം ടൂറിസം പോലീസിന്റെ കാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണ്. കുമരകം അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതാണ്.

(26) <u>കൊച്ചിയിലെ ഭൂമി ഇടപാടിലെ കള്ളനോട്ട് ഉപയോഗം</u>

<u>ശ്രീ.കെ.ബാബു</u>:കേരളത്തിൽ വ്യാപകമായും കൊച്ചിയിൽ പ്രത്യേകിച്ചും കണ്ടെയ്നറുകളിൽ കള്ളനോട്ട് കൊണ്ടുവന്ന് ഭൂമി ഇടപാട് നടത്തുന്ന സംഭവം വളരെ ഗുരുതരമാണ്. നിലവിലുള്ള ഭൂമിയുടെ വിലയേക്കാൾ ആറിരട്ടിയിലധികം വിലകൊടുത്ത് ആധാരം നടത്തുകയാണ്. പാക്കിസ്ഥാൻ ചാര സംഘടനയായ ഐ.എസ്.ഐ.യുടെ പ്രവർത്തനം ഇതിനു പിന്നിലുണ്ടെന്ന് പറയപ്പെടുന്നു. ഈ പ്രശ്നത്തിൽ ഗവൺമെന്റ് അടിയന്തിരമായി ഇടപെടണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ.കോടിയേരി ബാലകൃഷ്ണൻ):</u> മാധ്യമങ്ങളിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയതിൽ കള്ളനോട്ടുകൾ കൊച്ചി തുറമുഖം വഴി വന്നതായോ ആ പണം ഉപയോഗിച്ച് കൊച്ചിയിലും പരിസരപ്രദേശങ്ങളിലും വൻതുക മുടക്കി ഭൂമി ഇടപാട് നടന്നതായോ യാതൊരു വിവരവും ഇതുവരെ ലഭ്യമായിട്ടില്ല. കേരളത്തിൽ നടക്കുന്ന ഇത്തരം കള്ളനോട്ട് ഇടപാടുകൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി വിശദാംശങ്ങൾ അന്വേഷിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(27) <u>മരമടി മത്സരം കൂടി സ്പോർട്ട്സ് ഐറ്റത്തിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. എ.എം. യൂസഫ്</u>: വടക്കൻ മലബാറിൽ കാളപൂട്ടും തെക്കൻ പ്രദേശങ്ങളിൽ മരമടിയും എന്നറിയപ്പെടുന്ന ഉത്സവം കർഷകരുടെ ഏറ്റവും വലിയ വിനോദമാണ്. തോടുകളും കുളങ്ങളും സംരക്ഷിക്കാനും പാടശേഖരങ്ങളിൽ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനും ചെറുപ്പക്കാർക്ക് പ്രോൽസാഹനം നൽകാനും കഴിയുന്ന മേഖല എന്ന നിലയ്ക്ക് ഈ

ഉൽസവത്തെ സ്പോർട്ട്സ് ഐറ്റത്തിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): കന്നി, തുലാം, വൃശ്ചികം മാസങ്ങളിലായി നടത്തുന്ന കേരളത്തിലെ നെൽക്കൃഷിയുമായി ബന്ധപ്പെട്ട ഒരു വിനോദമാണ് കാളപൂട്ട് അഥവാ മരമടി മഹോത്സവം. ഞാറ് നടീലിനു മുന്നോടിയായി നിലമൊരുക്കുന്നതിന്റെ ഭാഗമായി കൊണ്ടാടുന്ന ഈ കാർഷിക വിനോദം കാർഷികോൽപ്പാദനവുമായി ബന്ധപ്പെട്ട ഉത്സവം കൂടിയാണ്. വളരെ ആകർഷകമായ ഈ ഉത്സവം കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകുന്നതും വള്ളംകളിപോലെ പ്രോത്സാഹനം അർഹിക്കുന്ന ഒരിനവുമാണ്. മനുഷ്യരും മൃഗങ്ങളും ഒരുപോലെ പങ്കെടുക്കുന്നതാണ് ഈ മൽസരത്തിന്റെ പ്രത്യേകത. മലബാറിലെ വളരെ പ്രധാനപ്പെട്ട ഈ ഉത്സവം ദേശീയ-അന്തർദേശീയ തലങ്ങളിൽ സ്പോർട്ട്സ് ഇനമായി ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഇത് ഒരു കായികമത്സരമായി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്.

(28) പുത്തൂരിലും വാളകത്തും പോലീസ് സ്റ്റേഷനുകൾ

ശ്രീമതിപി. അയിഷാ പോറ്റി: പതിനൊന്നര വില്ലേജുകൾ അടങ്ങിയ കൊട്ടാരക്കര പോലീസ് സ്റ്റേഷൻ അതിർത്തിയുടെ അധികാര പരിധി കുറച്ചുകൊണ്ട് അവിടത്തെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പൂത്തൂരും വാളകത്തും ഓരോ പോലീസ് സ്റ്റേഷൻ വീതം അനുവദിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പുതിയ പോലീസ് സ്റ്റേഷൻ വേണമെന്ന ആവശ്യം സജീവമായി വന്നുകൊണ്ടിരിക്കുകയാണ്.

കൊട്ടാരക്കരയിലെ പുത്തൂരും വാളകത്തും ഒരേ സമയം പോലീസ് സ്റ്റേഷൻ അനുവദിക്കാൻ സാമ്പത്തിക പ്രശ്നംമൂലം ബുദ്ധിമുട്ടുണ്ട്. അടിയന്തിരമായി ഗവൺമെന്റിന്റെ പരിഗണനയിൽ വന്നിരിക്കുന്ന വാളകത്തെ പ്രശ്നം സംബന്ധിച്ച് പ്രത്യേകമായി ഗവൺമെന്റ് പരിശോധിക്കുന്നതാണ്. പുത്തൂരിലെ കാര്യം സത്വര പരിഗണനയിലുണ്ട്.

(29) പറവൂർ മുനിസിപ്പാലിറ്റിയിൽ ട്രാഫിക് പോലീസ് യൂണിറ്റ്

ശ്രീ.വി.ഡി.സതീശൻ: എൻ.എച്ച്-17-ഉം എൻ.എച്ച്.-47-ഉം ഉൾപ്പെടെ യുള്ള പ്രധാനപ്പെട്ട റോഡുകളുടെ സംഗമസ്ഥാനമായ പറവൂരിൽ ട്രാഫിക് പോലീസ് യൂണിറ്റ് ഇല്ലാത്തതുകൊണ്ട് ഒരുപാട് അപകടങ്ങൾ ഉണ്ടാകു കയും ഗുരുതരമായ പ്രശ്നങ്ങളിലേയ്ക്ക് വഴിവയ്ക്കുകയും ചെയ്യുന്നു. അതുകൊണ്ട് പറവൂർ മുനിസിപ്പാലിറ്റിയിൽ ട്രാഫിക് പോലീസ് യൂണിറ്റ് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): പറവൂരിൽ ട്രാഫിക് പോലീസ് യൂണിറ്റ് തുടങ്ങുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഇതുസംബന്ധിച്ച് ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് നടപടി സ്വീകരി ക്കുന്നതാണ്.

(30) കുട്ടനാട്ടിലെ കുളങ്ങര പാലംപണി

ശ്രീ. തോമസ് ചാണ്ടി: കുട്ടനാട്ടിലെ എടത്വാ, തലവടി പഞ്ചായത്തുകളി ലേയ്ക്ക് പടിഞ്ഞാറൻ പ്രദേശങ്ങളിൽനിന്ന് വരുന്നവർ ഉപയോഗിക്കുന്ന കുളങ്ങര പാലം ഒരു വർഷത്തോളമായി അപകടസ്ഥിതിയിലാണ്. പ്രസിദ്ധമായ ചക്കുളത്തുകാവ് ക്ഷേത്രത്തിലും എടത്വാ പള്ളിയിലും ധാരാളം ആളുകൾ എത്തുന്ന ഈ പ്രദേശത്തോട് പി.ഡബ്ള്യു.ഡി. കാണിക്കുന്ന

അനാസ്ഥ ഒഴിവാക്കി പാലം അടിയന്തിരമായി നിർമ്മിക്കാനാവശ്യമായ നടപടിയുണ്ടാകണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): കുളങ്ങര പാലത്തിന്റെ ഒരു തൂണിന് ബലക്ഷയമുള്ളതുകൊണ്ട് ഭാരമുള്ള വാഹനങ്ങൾ ഇപ്പോൾ നിരോധിച്ചിരിക്കുകയാണ്. കാർ, ആട്ടോറിക്ഷ മുതലായ വാഹനങ്ങൾ മാത്രമേ ഈ പാലത്തിലൂടെ കടന്നുപോകുന്നുള്ളൂ. 104 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പാലത്തിന്റെ പണി ഉടനെ ആരംഭിക്കുന്നതാണ്.

(31) മിച്ചഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് കോടതിയിലുള്ള കേസുകൾ

ശ്രീ. പള്ളിപ്രം ബാലൻ: ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകുന്നതിനുവേണ്ടിയാണ് മിച്ചഭൂമി ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചത്. എന്നാൽ സംസ്ഥാനത്ത് ഇന്ന് മിച്ചഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനം വളരെ മന്ദഗതിയിലാണ് നടക്കുന്നത്. പല മിച്ചഭൂമി കേസുകളും കോടതിയുടെ പരിഗണനയിലാണ്. അതുകൊണ്ട് അടിയന്തിരമായി മിച്ചഭൂമി ഏറ്റെടുത്ത് ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനും കോടതിയിൽ കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): 1,70,484 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചതിൽ 99,261 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. വിവിധ കോടതികളിലും ട്രിബ്യൂണലുകളിലും ഇതുസംബന്ധിച്ചുള്ള കേസ്സുകൾ നിലവിലുള്ളതിനാൽ ഈ കേസുകൾ 24 മുതൽ 28 കൊല്ലം വരെ പഴക്കമുള്ളവയാണ്. ഇവ സമയബന്ധിതമായി തീർപ്പാക്കുന്നതിനുവേണ്ടി സർക്കാർ പ്രത്യേകമായി ഗവൺമെന്റ് പ്ളീഡർമാരെ നിയമിക്കുന്നതിന്

തീരുമാനിച്ചിട്ടുണ്ട്. ഈ മിച്ചഭൂമി ഏറ്റെടുത്തു കഴിഞ്ഞാൽ മാത്രമേ ഭൂരഹിത രായവർക്ക് ഭൂമി വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. 2337 ഏക്കർ ഭൂമി ഇപ്പോൾ വിതരണം ചെയ്യാൻ ലഭ്യമായിട്ടുണ്ട്. കേരളപ്പിറവിയുടെ സുവർണ്ണ ജൂബിലി ആഘോഷ വേളയിൽ ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുമായി ഇത് വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(32) <u>പൊഴിയൂരിലെ നൂറോളം കുടുംബങ്ങളെ പുനരധിവസിപ്പിക്കൽ</u>

<u>ശ്രീ.ആർ.സെൽവരാജ്:</u> പാറശ്ശാല മണ്ഡലത്തിലെ കടലോര മേഖലയായ പൊഴിയൂരിലെ പരുത്തിയൂർ പൊഴിക്കര കടലോരത്ത് ഓലപ്പുരയിൽ താമസിക്കുന്ന നൂറിലധികം കുടുംബങ്ങൾക്ക് വെള്ളമോ വെളിച്ചമോ ലഭ്യമല്ല. കടൽക്ഷോഭിച്ചാലോ കാറ്റ് വീശിയാലോ കുടിലുകൾ പറന്നുപോവുകയും അവരുടെ ജീവനോപാധികൾ തിരമാലകൾ വിഴുങ്ങുകയുമാണ് പതിവ്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട തൊഴിൽ മാത്രം അറിയാവുന്ന ഈ കുടുംബങ്ങളുടെ ജീവനും തൊഴിലിനും ജീവനോപാധി കൾക്കും വേണ്ട സംരക്ഷണം ഏർപ്പെടുത്തി വെള്ളവും വെളിച്ചവും ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ.കെ.പി.രാജേന്ദ്രൻ</u>): പൊഴിയൂരിലെ തീരദേശത്തെ പൊഴിക്കരയോട് ചേർന്ന് കുടിൽ കെട്ടി താമസിക്കുന്ന നൂറോളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ നടത്തിയ ശ്രമങ്ങൾ ഇതുവരെ വിജയിച്ചിട്ടില്ല. ഇതിന് പ്രധാനപ്പെട്ട കാരണം ഭൂമി ലഭ്യമല്ലാത്തതാണ്. അനുയോജ്യമായ ഭൂമി negotiable purchase പ്രകാരം

സ്വകാര്യ വ്യക്തികളിൽനിന്ന് വാങ്ങി പുനരധിവസിപ്പിക്കാൻ നടത്തിയ ശ്രമവും സ്ഥലം വിട്ടുതരാൻ ഭൂ ഉടമകൾ തയ്യാറാകാത്ത സാഹചര്യത്തിൽ വിജയിച്ചിട്ടില്ല. ഇതിന് സമീപമുള്ള പള്ളിയുടെ നേതൃത്വത്തിൽ സ്ഥലം നൽകി ഇവരെ പുനരധിവസിപ്പിക്കാൻ നീക്കം നടക്കുന്നുണ്ടെന്ന് വിവരം കിട്ടിയിട്ടുണ്ട്. ഇത് സ്വാഗതാർഹമായ നടപടിയാണ്. തികച്ചും അനുകമ്പ അർഹിക്കുന്ന പൊഴിയൂരിലെ കുടുംബങ്ങളെ കഴിയുന്നത്ര വേഗം മാറ്റി താമസിപ്പിക്കുന്നതിന് സുനാമി ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി പദ്ധതി തയ്യാറാക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(33) <u>പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ വില്ലേജാഫീസ്</u>

<u>ശ്രീമതി കെ.എസ്. സലീഖ:</u> പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ ഒരു വില്ലേജാഫീസ് അനുവദിക്കണം. അമ്പലപ്പാറ, തൃക്കടീരി, വെള്ളിനേഴി, ശ്രീകൃഷ്ണപുരം എന്നീ പഞ്ചായത്തുകളിലെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് 1979–80 കാലഘട്ടത്തിൽ തുടക്കം കുറിച്ച പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്ത് തീരെ അവികസിതവും സാമ്പത്തികമായി വളരെ പിന്നോക്കംനിൽക്കുന്നതുമായ ഒരു പ്രദേശമാണ്. 15,000–ത്തോളം ജനങ്ങൾ അവിടെ താമസിക്കുന്നുണ്ട്. തൃക്കടീരി, വെള്ളിനേഴി, ശ്രീകൃഷ്ണപുരം വില്ലേജുകളിലെ വില്ലേജാഫീസുകളുടെ കീഴിലാണ് ഈ പഞ്ചായത്തിന്റെ പ്രവർത്തനം നിൽക്കുന്നത്. പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്തിലെ നിരവധി ആവശ്യങ്ങൾക്കായി മൂന്ന് വില്ലേജാഫീസുകളെ ആശ്രയിക്കേണ്ടിവരുന്നതുകൊണ്ട് ആ പഞ്ചായത്തിൽ ഒരു വില്ലേജാഫീസ് എന്ന ജനങ്ങളുടെ ആവശ്യകത നിറവേറ്റണം. എല്ലാ ഭൗതിക സാഹചര്യങ്ങളും നൽകാൻ പഞ്ചായത്ത് തയ്യാറാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ പൂക്കോട്ടുകാവ് വില്ലേജാഫീസ് അനുവദിക്കണമെന്നത് ജനങ്ങളുടെ ദീർഘകാലത്തെ ആവശ്യമാണ്. ഈ പ്രദേശത്തിന്റെ ജനസംഖ്യ, പിന്നോക്കാവസ്ഥ, പഞ്ചായത്ത് ത്രിതല സംവിധാനം, സാമ്പത്തിക സ്ഥിതി തുടങ്ങിയ കാര്യങ്ങൾ വിശദമായി പരിശോധിച്ച് ഈ പഞ്ചായത്തിൽ ഒരു വില്ലേജാഫീസ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയോടും ലാൻഡ് റവന്യൂ കമ്മിഷണറോടും ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രൊപ്പോസൽ കിട്ടുന്ന മുറയ്ക്ക് ഇക്കാര്യം തീർച്ചയായും പരിഗണിക്കുന്നതാണ്.

(34) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് പെൻഷൻ

ശ്രീ.എം.എം. മോനായി: സംസ്ഥാന ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് പെൻഷൻ അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവുംവകുപ്പുമന്ത്രി (ശ്രീ.ജി. സുധാകരൻ): സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ നൽകാനുള്ള Co-operative Societies Employees Self Financing Pension Scheme 1994-ൽ പാസ്സാക്കിയതിനു ശേഷം 1952-ലെ Employees Provident Fund and Miscellaneous Provision Act-ൽ നിന്നും ഈ സംഘങ്ങളെ ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രാഥമിക സംഘങ്ങളിൽ പെൻഷൻ നൽകിത്തുടങ്ങുകയും ചെയ്തു. ജില്ലാ ബാങ്കിനെയും സ്റ്റേറ്റ് ബാങ്കിനെയും ഇതിൽനിന്ന് ഒഴിവാക്കാതിരുന്നതുകൊണ്ട് പെൻഷൻ നൽകാൻ കഴിഞ്ഞിട്ടില്ല. ഈ സർക്കാരിന്റെ കാലത്തുതന്നെ ഇവർക്ക് പെൻഷൻ നൽകുന്നതാണെന്ന് ഉറപ്പ് നൽകുന്നു.

(35) കാസർകോട്ടെ രാമഞ്ചിറ–ക്രോസ്ബാർ–കം–ബ്രിഡ്ജ് പുതുക്കിപ്പണിയൽ

ശ്രീ.കെ.കുഞ്ഞിരാമൻ: കാസർകോട് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്തിലും കയ്യൂർ–ചീമേനി പഞ്ചായത്തിലുമായി മദ്രാസ് ഗവൺമെന്റിന്റെ കാലത്ത് പണിത രാമഞ്ചിറ ക്രോസ് ബാർ കാലഹരണപ്പെട്ടതിന്റെ ഫലമായി നൂറു കണക്കിന് കൃഷിസ്ഥലങ്ങൾ ഇന്ന് ഉപ്പുവെള്ളം കയറി നശിച്ചുകൊണ്ടിരിക്കുകയാണ്. ആ ക്രോസ്ബാറിന്റെ സ്ഥാനത്ത് രണ്ട് പഞ്ചായത്തുകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡ് അപ്പുറവും ഇപ്പുറവുമുണ്ട്. ആ റോഡുകളെ കണക്ക് ചെയ്യുന്ന രീതിയിൽ ഒരു ക്രോസ്ബാർ–കം–ബ്രിഡ്ജ് പണിയാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ): 1963–ൽ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ച കാസർകോട് ജില്ലയിലെ രാമഞ്ചിറ–ക്രോസ്ബാർ–കം–ബ്രിഡ്ജ് ഭാഗികമായി മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. ഇത് പുതുക്കിപ്പണിയുന്നതിന് ഏകദേശം 40 ലക്ഷം രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി രാമഞ്ചിറ–ക്രോസ്ബാർ–കം–ബ്രിഡ്ജ് പുതുക്കിപ്പണിയുന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം പരിശോധിച്ചു വരികയാണ്.

(36) വന സംരക്ഷണ നിയമത്തിലെ ചട്ടങ്ങളുടെ ദുരുപയോഗം

ശ്രീ.കെ.സി.ജോസഫ്: ലാന്റ് റിഫോംസ് ആക്റ്റിലും വനം വകുപ്പ് ഇറക്കിയ ഓർഡിനൻസിലും ചെറുകിട ലാന്റ് ഹോൾഡർ എന്ന നിർവ്വചനം വ്യത്യസ്തമാണ്. മലയോര പ്രദേശങ്ങളിൽ എട്ടും പത്തും

ഏക്കർ സ്ഥലമുള്ളവരെ സ്മാൾ ലാന്റ് ഹോൾഡർ എന്ന ഡെഫനിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ശരിയല്ല. ചെറുകിട ലാന്റ് ഹോൾഡർ എന്നതിന് കൃത്യമായ ഡെഫനിഷൻ വേണം. ഓർഡിനൻസിൽ പ്രതിപാദിച്ചിരിക്കുന്ന 20 ഇനം മരങ്ങൾ മുറിക്കുന്നതിന് ബന്ധപ്പെട്ടവരുടെ അനുമതി ആവശ്യമില്ലെന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും ഓർഡിനൻസിലെ നാലാം വകുപ്പിൽ പറയുന്നത് ചന്ദനമരം ഒഴികെയുള്ള ഏതൊരു മരവും മുറിക്കുന്നതിന് ഫോറസ്റ്റ്-റവന്യൂ ഡിപ്പാർട്ടുമെന്റുകളുടെ അനുമതി വേണമെന്നാണ്. അതുകൊണ്ട് .മലയോര മേഖലകളിലെ കൃഷിക്കാർക്ക് സ്വന്തം ഭൂമിയിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.ബിനോയ് വിശ്വം): ഓർഡിനൻസിൽ പ്രതിപാദിച്ചിട്ടുള്ള 20 ഇനം മരങ്ങൾ മുറിക്കുന്നതിന് ആരുടെയും അനുവാദം ആവശ്യമില്ല. ഓർഡിനൻസ് നിയമമാക്കുന്ന വേളയിൽ ചെറുകിട കൃഷിക്കാർ ഉന്നയിച്ചിരിക്കുന്ന ഭൂവിസ്തൃതിയുടെ അളവിൽ ആവശ്യമായ മാറ്റം വരുത്തുന്ന കാര്യം ആലോചിക്കുന്നതാണ്.

(37) കിളിമാനൂർ പഞ്ചായത്തിലെ എട്ടോളം വാർഡുകളിലെ വാനരശല്യം

ശ്രീ.എൻ.രാജൻ: കിളിമാനൂർ പഴയകുന്നുമ്മലുള്ള 8 വാർഡുകളിൽ താമസിക്കുന്ന മുന്നൂറോളം കുടുംബങ്ങൾക്ക് വാനരൻമാരിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന ശല്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.ബിനോയ് വിശ്വം): കുരങ്ങൻമാരെ കൊല്ലാൻ നിയമമനുവദിക്കാത്തതുകൊണ്ട് മുന്നൂറോളം

കുടുംബങ്ങൾക്ക് ഭീഷണിയായുള്ള വാനരന്മാരെ പിടികൂടി കാട്ടിൽ കൊണ്ടു വിടാനുള്ള സാധ്യതയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(38) ജലവിഭവ വകുപ്പിന്റെ പ്രവർത്തനം പുന:സംഘടിപ്പിക്കൽ

ശ്രീ.സി.എം.ദിനേശ് മണി: ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 4-ാമത് റിപ്പോർട്ടിൽ ജല അതോറിറ്റികളും ഏജൻസികളും ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്നും ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ലായെന്നും വിലയിരുത്തിയിട്ടുള്ളതിനാൽ ജലവിഭവ വകുപ്പ് പുന:സംഘടിപ്പിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ): ആധുനിക സാങ്കേതിക വിദ്യയുടെ കാര്യക്ഷമമായ ഉപയോഗം, മാനേജ്മെന്റ് ഘടനയിലും പ്രവർത്തന രീതിയിലുമുള്ള സമഗ്രമായ മാറ്റങ്ങൾ, മാനവശേഷി വികസനം എന്നിവയുടെ അടിസ്ഥാനത്തിൽ ജലഅതോറിറ്റി പുന:സംഘടിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ശുദ്ധജലവിതരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് ഒരു സമഗ്ര പരാതി പരിഹാര സെൽ രൂപീകരിക്കുന്നതാണ്.

(39) കാസർഗോഡ് ജില്ലയിലെ വി.ഇ.ഒ.മാരുടെ ഒഴിവുകൾ

ശ്രീ.കെ.വി. കുഞ്ഞിരാമൻ: വമ്പിച്ച ജനസാന്ദ്രതയുള്ള കാസർഗോഡ് ജില്ലയിലെ 39 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജ് എക്സ്റ്റെൻഷൻ ആഫീസർമാരും ലേഡി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാരുമായി നിലവിൽ 54 പേരാണുള്ളത്. 78 തസ്തികകളാണ് സർക്കാർ ഉത്തരവ് പ്രകാരമുള്ളത്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും വ്യക്തിഗത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ഈ ഉദ്യോഗസ്ഥർ ആവശ്യമാണ്. ഗ്രാമവികസന വകുപ്പിലെ അധികമുള്ള

ഉദ്യോഗസ്ഥരെ  കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളിൽ  വിന്യസിപ്പിച്ച് പ്രശ്നം പരിഹരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ഒരു ഗ്രാമപഞ്ചായത്തിന് രണ്ട് പേർ എന്ന സർക്കാർ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയ്ക്ക് 78 വി.ഇ.ഒ.-എൽ.വി.ഇ.ഒ.മാർ ആവശ്യമാണ്.  നിലവിൽ 54 പേരേയുള്ളൂ.  മറ്റു ജില്ലകളിൽ അധികമുള്ളവരെ കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളിൽ പുനർവിന്യസിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(40) ചാലക്കുടിയിൽ മിനി സിവിൽസ്റ്റേഷൻ

ശ്രീ. ബി.ഡി.ദേവസ്സി: വളരെയധികം ജനസാന്ദ്രതയുള്ള ചാലക്കുടിയിൽ സർക്കാർ ആഫീസുകൾ പലയിടങ്ങളിലായി പ്രവർത്തിക്കുന്നതുമൂലം പൊതുജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുന്നു. ചാലക്കുടിയിൽ നിലവിലുള്ളതും ഉണ്ടാകാൻ സാധ്യതയുള്ളതുമായ ഓഫീസുകൾ ഒരുമിച്ച് പ്രവർത്തിപ്പിക്കുന്നതിന് മുകുന്ദപുരം താലൂക്ക് വിഭജിച്ച് ചാലക്കുടി ആസ്ഥാനമാക്കി ഒരു മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ):  2006-07 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ചാലക്കുടി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ തുക വകകൊള്ളിച്ചിട്ടുണ്ട്. സ്ഥല ലഭ്യത മാത്രമേ ആവശ്യമുള്ളൂ.  ഇക്കാര്യത്തിൽ ജില്ലാ കളക്ടറും റവന്യൂ ഉദ്യോഗസ്ഥരും എം.എൽ.എ.യുമായി ചർച്ച ചെയ്യുന്നതാണ്.  ഈ വർഷം തന്നെ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

(41) വർക്കലയിൽ കടലാക്രമണം മൂലം ദുരിതം അനുഭവിക്കുന്നവർക്ക് ധനസഹായം

ശ്രീ. വർക്കല കഹാർ: 2005 ജൂലായ് മാസം 9, 10 തീയതികളിൽ പെയ്ത മഴയിലും കടൽക്ഷോഭത്തിലുംപെട്ട് വർക്കല, വെട്ടൂർ, ഇടവ പ്രദേശ ങ്ങളിലെ നൂറ് കണക്കിന് പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ വീടുകൾ പൂർണ്ണമായി തകരുകയും ചില വീടുകൾക്ക് കേടുപാടുകൾ സംഭവി ക്കുകയും ചെയ്തു. ഭവനരഹിതരായവർക്ക് വീട് വയ്ക്കാനാവശ്യമായ സ്ഥലവും സാമ്പത്തിക സഹായവും നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരത്തുകയും ലഭ്യമാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): വർക്കല, വെട്ടൂർ, ഇടവ പ്രദേശങ്ങളിലെ ധാരാളം വീടുകൾ മഴയിലും കടൽക്ഷോഭത്തിലും പൂർണ്ണ മായി തകരുകയും ധാരാളം വീടുകൾക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്തു. 17 കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കാനുള്ള സ്ഥലലഭ്യത യുൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി 4,25,000 രൂപ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയ്ക്ക് മൊത്തം ഇക്കാര്യത്തിനായി 68 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(42) ഇത്തിക്കര ബ്ളോക്കിൽപ്പെട്ട ബണ്ട് എക്രോസ് റോഡിന്റെയും പാലത്തിന്റെയും പണി

ശ്രീ.എൻ.അനിരുദ്ധൻ: പ്രധാനമന്ത്രിയുടെ ഗ്രാമ സഡക്ക് യോജന പദ്ധതി പ്രകാരം മൂന്ന് വർഷം മുൻപ് ആരംഭിച്ച ഇത്തിക്കര ബ്ളോക്കിലെ പാലത്തിന്റേയും റോഡിന്റേയും പണി എത്രയും പെട്ടെന്ന് പൂർത്തി യാക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): പ്രധാനമന്ത്രിയുടെ ഗ്രാമ സഡക്ക് യോജന പദ്ധതി പ്രകാരം

2001–2002 സാമ്പത്തിക വർഷം 18 ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് ഇത്തിക്കര ബ്ളോക്കിൽ അനുവദിച്ച ഒരു കിലോമീറ്റർ ദൈർഘ്യമുള്ള ആനന്ദവിലാസം പോളച്ചിറ ബണ്ട് റോഡിന്റെ ഇരുവശവും വെള്ളക്കെട്ടുകാരണം പ്രസ്തുത സ്ഥലത്തെ മണ്ണ് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെക്കൊണ്ട് സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പണി പുരോഗമിക്കവേ ദേശീയ ഗുണനിലവാര പരിശോധകൻ സ്ഥലം സന്ദർശിക്കുകയും സാങ്കേതിക രീതിയിൽ ചെറിയ വ്യത്യാസം നിർദ്ദേശിക്കുകയും ചെയ്തു. എസ്റ്റിമേറ്റ് പുതുക്കേണ്ടതായിട്ടുള്ളതുകൊണ്ട് കരാറുകാർ പണി നിർത്തിവച്ചിരിക്കുകയാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കരാറുകാരുമായി ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### (43) ഡയറി സയൻസ് ആന്റ് ടെക്നോളജി കോളേജ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി ഇ.എസ്.ബിജി മോൾ: 10–08–2000–ൽ പീരുമേട് കെ.എൽ.ഡി. ബോർഡിന്റെ 84 ഹെക്ടർ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും അവിടത്തെ 42 തൊഴിലാളികളെയും ഉൾപ്പെടെ ഡയറി സയൻസ് കോളേജ് ആരംഭിക്കുന്നതിനുവേണ്ടി കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറി യിരുന്നു. അക്കാഡമിക്ക് ബ്ളോക്കിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും പദ്ധതി അട്ടിമറിക്കാൻ തൊഴിലാളി കളെ പദ്ധതിക്കെതിരായി ചിന്തിപ്പിക്കുകയും അവരെ പീഡിപ്പിക്കുകയും ശമ്പള കുടിശ്ശികയുൾപ്പെടെയുള്ള തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് നടക്കുന്നത്. തൊഴിലാളി

കളുടെ പ്രശ്നങ്ങൾ പരിഹരിച്ച് അവിടെ ഡയറി സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ.മുല്ലക്കര രത്നാകരൻ): ഈ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നവംബർ 4-ാം തീയതി ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ ഇക്കാര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

(44) കുന്നമംഗലത്തെ ട്രൈബൽ ഹോസ്റ്റൽ

ശ്രീ.യു.സി.രാമൻ: കുന്നമംഗലത്തെ ട്രൈബൽ ഹോസ്റ്റൽ പി.ഡബ്ളിയു.ഡി. റെസ്റ്റ് ഹൗസിനോട് ചേർന്നുള്ള സ്ഥലത്ത് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ): പൊതുമരാമത്ത് വകുപ്പിൽനിന്ന് പ്രസ്തുത സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(45) വൈക്കം മണ്ഡലത്തിലെ പാർപ്പിട പ്രശ്നം

ശ്രീ.കെ.അജിത്: സ്മാർട്ട് സിറ്റി ഉൾപ്പെടെയുള്ള പദ്ധതികൾ വരുന്നതോടുകൂടി എറണാകുളത്തെ ജനസാന്ദ്രത അധികരിക്കുകയും ഉദ്യോഗസ്ഥർ എറണാകുളത്തിനടുത്ത പ്രദേശമായ വൈക്കം കേന്ദ്രീകരിച്ച് വാടകയ്ക്ക് താമസിക്കുകയും ചെയ്യുന്നതിലൂടെ വീട്ടുവാടക വർദ്ധിച്ചു വരികയാണ്. ഇതിനൊരു പരിഹാരമായി ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ താൽക്കാലികമായോ സ്ഥിരമായോ ഭവന നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും സ്ഥലം ലഭിക്കുകയാണെങ്കിൽ ഫ്ളാറ്റുകൾ ഉണ്ടാക്കാനുള്ള പദ്ധതികൾ സർക്കാർ ആലോചിക്കുന്നതാണ്.

(46) ഹൗസിംഗ് ബോർഡിൽനിന്നും കടമെടുക്കുന്നവർക്ക് ബോണ്ട് രജിസ്ട്രേഷൻ ഒഴിവാക്കൽ

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: ഹൗസിംഗ് ബോർഡിൽനിന്നും ലോൺ എടുക്കുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി സഹകരണ മേഖലയിൽ നടപ്പാക്കിയിട്ടുള്ള 'ഗഹാൻ പദ്ധതി' ഈ മേഖലയിലും നടപ്പാക്കണം. രാജീവ്ഗാന്ധി ഹൗസിംഗ് സ്കീം പ്രകാരം നിർമ്മിച്ച ഒഴിഞ്ഞു കിടക്കുന്ന വീടുകൾ പാവപ്പെട്ട ആളുകൾക്ക് നൽകാനും കൈരളി ഭവന നിർമ്മാണ പദ്ധതി പ്രകാരം വീട് വയ്ക്കാൻ നൽകിയ സബ്സിഡി അടക്കമുള്ള തുക അടച്ചതിനു ശേഷമുള്ള ബാക്കി തുക എഴുതിത്തള്ളാനും നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.ബിനോയ് വിശ്വം): രജിസ്ട്രേഷൻ വകുപ്പാണ് രണ്ടുഘട്ടങ്ങളിലും ബോണ്ട് രജിസ്റ്റർ ചെയ്യുന്നത്. സഹകരണ ബാങ്കുകൾ വഴിയുള്ള വായ്പകളുടെ ബോണ്ടിന്റെ കാര്യത്തിൽ ഇളവുണ്ടായിട്ടുണ്ട്. ഈ ഇളവുകൾ ഹൗസിംഗ് സ്കീമിന് നൽകുന്നതിനോട് ഗവൺമെന്റ് അനുകൂലമാണ്. കൂടാതെ പൊതുവിൽ സ്വീകാര്യമായ ഒരു പാർപ്പിട പദ്ധതിക്ക് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

**നിയമനിർമ്മാണകാര്യം**

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബില്ലും ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ബില്ലിന്റെ കോപ്പി അംഗങ്ങൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച്

ശ്രീ.കെ.എം.മാണി: റൂൾ 76(2) അനുസരിച്ച് ബിൽ അവതരിപ്പിക്കുന്നതിന് രണ്ടു ദിവസം മുൻപ് ബില്ലിന്റെ കോപ്പി അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്. അതനുസരിച്ച് ബില്ലിന്റെ കോപ്പി നൽകിയിട്ടില്ല. അതുപോലെ കോൺസ്റ്റിറ്റ്യൂഷനിലെ ആർട്ടിക്കിൾ 348(3) അനുസരിച്ച് ഗവർണർ ഓതന്റിക്കേറ്റ് ചെയ്ത ബില്ലിന്റെ ഇംഗ്ളീഷ് കോപ്പിയും വിതരണം ചെയ്തിട്ടില്ല. ഈ രണ്ട് ബില്ലിലെ വ്യവസ്ഥകൾ തമ്മിലും വ്യത്യാസമുണ്ട്. ഇതിൽ ഏത് ബില്ലാണ് എടുക്കുന്നതെന്ന് അറിയണം. 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ നിയമത്തിലെ 2(14), 2(16) വകുപ്പുകളിൽ പലിശയെക്കുറിച്ചും പിഴപ്പലിശയെക്കുറിച്ചും പ്രതിപാദിച്ചിട്ടുള്ളതിൽ ഇംഗ്ലീഷ്, മലയാളം പരിഭാഷകളിൽ അർത്ഥ വ്യത്യാസം ഉണ്ട്. ഫിനാൻഷ്യൽ ഇംപ്ലിക്കേഷനുള്ള ഓരോ വകുപ്പും പ്രതിപാദിച്ച് അതിൽ റെക്കറിംഗും നോൺ റെക്കറിംഗും എത്ര ഉണ്ടാകുമെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ഒരു ഇടക്കാല നടപടിയെന്ന

നിലയിൽ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം നൽകുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നു എന്ന് ഉദ്ദേശകാരണങ്ങളുടെ വിവരണത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ധനകാര്യ മെമ്മോറാണ്ടത്തിൽ ഇതിനാവശ്യമായ തുക അനുവദിച്ചിട്ടില്ല. ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അവാർഡുകൾ പാസ്സാക്കാനുള്ള അധികാരം കമ്മീഷന് നൽകിയിട്ടുണ്ടെങ്കിലും ഇതിനാവശ്യമായ പണം അനുവദിച്ചിട്ടില്ല. ഇത് ഭരണഘടനയുടെ ആർട്ടിക്കിൾ 348–ന്റെ ലംഘനമാണ്. റൂൾസ് ഓഫ് പ്രൊസീഡ്യുവറിലെ റൂൾ 73 അനുസരിച്ച് ഈ വ്യവസ്ഥ നിലനിൽക്കുന്നതല്ല. പ്രതിപക്ഷം ഈ ബില്ലിന് എതിരല്ല. ഈ ബിൽ ഒന്നുകൂടി വിശദമായി പരിശോധിച്ച് അവ്യക്തതകൾ മാറ്റി വീണ്ടും കൊണ്ടുവരുന്നത് ഉചിതമായിരിക്കും.

ശ്രീ. വി.ഡി. സതീശൻ: ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. ബില്ലിലെ 10–ാം വകുപ്പിന് നിയമ സാധുത ഇല്ല എന്നാണ് എന്റെ വാദം. സാധാരണയായി നിയമങ്ങൾ കൊണ്ടുവരുമ്പോൾ പ്രൊട്ടക്ഷൻ ക്ലാസ് കൊണ്ടുവരാറുണ്ട്. ഈ ബില്ലിലെ 10–ാം വകുപ്പനുസരിച്ച് ഒരു വ്യവഹാരമോ എക്സിക്യൂഷൻ പെറ്റീഷനോ ക്രിമിനലായോ സിവിലായോ ഒരു പരാതിയോ ആർക്കും കൊടുക്കാൻ സാധിക്കുകയില്ല. ഡിക്രിക്കോ ഉത്തരവിനോ എതിരായി അപ്പീൽ, റിവിഷൻ, റിവ്യൂ എന്നിവ പാടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് ഭരണഘടനയുടെ ആർട്ടിക്കിൾ 14–ന്റെ ലംഘനമാണ്. ഭരണഘടനയിലെ മൗലികാവകാശങ്ങൾക്ക് വിരുദ്ധമായി നിയമനിർമ്മാണം നടത്താൻ സഭയ്ക്ക് അധികാരമില്ല. ഇത് ഭരണഘടനയുടെ ആർട്ടിക്കിൾ 13 (2) ന്റെ ലംഘനമാണ്. ക്രിമിനൽ പ്രൊസീഡ്യുവർ കോഡിന്റേയും സിവിൽ പ്രൊസീഡ്യുവർ കോഡിന്റേയും പ്രൊവിഷനുകൾക്ക് വിരുദ്ധമായ പ്രൊവിഷൻ കൊണ്ടു

വരാൻ സ്റ്റേറ്റ് ലെജിസ്ലേച്ചറിന് അധികാരമില്ല. സി.പി.സി.യിലെ സെക്ഷൻ 9 അനുസരിച്ച് എല്ലാ സിവിൽ സ്യൂട്ടുകളും ഫയൽ ചെയ്യാനും സെക്ഷൻ 51 അനുസരിച്ച് എക്സിക്യൂഷൻ പെറ്റീഷൻ എൻഫോഴ്സ് ചെയ്യാനും സെക്ഷൻ 96 അനുസരിച്ച് അപ്പലേറ്റ് പ്രൊവിഷനുമുള്ള അധികാരം കോടതികൾക്കുണ്ട്. ഇതിനു സമാനമായ പ്രൊവിഷനുകൾ ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലും ഉണ്ട്. ഐ.പി.സി.യിൽ വരുന്ന എല്ലാ ഒഫൻസുകളും ട്രൈ ചെയ്യാനുള്ള അധികാരം കോടതികൾക്കുണ്ട്. ഒരു പരാതിയിന്മേൽ നിർബ്ബന്ധമായും എക്സാമിനേഷൻ നടത്തണമെന്ന് സിആർ.പി.സി.യി-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഗവണ്മെന്റിന്റെ സദുദ്ദേശത്തെ ചോദ്യം ചെയ്യുന്നില്ല. മോട്ടീവ് അല്ല നിയമമാണ് പ്രധാനം എന്ന് സുപ്രീം കോടതി വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് സെക്ഷൻ 10 നിലനിൽക്കുന്നതല്ല. ഇത് കർഷകരെ വളരെയധികം ബാധിക്കുന്ന പ്രശ്നമാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): ശ്രീ. കെ.എം. മാണിയും ശ്രീ. വി.ഡി. സതീശനും ബില്ലിനെ സ്വാഗതം ചെയ്തതോടൊപ്പം ഇതിന്റെ ഭരണഘടനാപരമായ ചില നടപടിക്രമങ്ങളെക്കുറിച്ചാണ് സൂചിപ്പിച്ചത്. ബിൽ മലയാളത്തിൽ അവതരിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിച്ചത്. ഇംഗ്ലീഷ് പരിഭാഷയിൽ ചെറിയ വ്യത്യാസം വന്നിട്ടുണ്ട്. സെലക്ട് കമ്മിറ്റി സ്റ്റേജിൽ വരുമ്പോൾ അത് തിരുത്താവുന്നതാണ്. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം നൽകണമെന്നുള്ളത് ഈ ഗവണ്മെന്റിന്റെ ആദ്യ ക്യാബിനറ്റ് യോഗ തീരുമാനമാണ്. ഇതുവരെ ലഭ്യമായ കണക്കനുസരിച്ച് മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിന്ന് എല്ലാവർക്കും പണം നൽകിയിട്ടുണ്ട്. ഇതിനുവേണ്ടി ബഡ്ജറ്റിലൂടെ കൂടുതൽ തുക പാസ്സാക്കിയിട്ടുണ്ട്. നിയമപര

മായി ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട് എന്നാണ് നിയമ വകുപ്പിന്റെ അഭിപ്രായം. ബിൽ പാസ്സാക്കി നടപ്പിലാക്കുന്ന സമയത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്, ഇതിനുവേണ്ടി എന്തു തുക വകയിരുത്തണം എന്നുള്ളതിനെക്കുറിച്ച് ആലോചിക്കാം. സെലക്ട് കമ്മിറ്റി സ്റ്റേജിൽ അംഗങ്ങളുടെ അഭിപ്രായങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാന ത്തിൽ പൂർണ്ണ രൂപത്തിൽ ബിൽ കൊണ്ടുവരുന്ന അവസരത്തിൽ കൃഷിക്കാർക്ക് ഏതെങ്കിലും തരത്തിൽ വൈഷമ്യം ഉണ്ടാകുന്ന നടപടി കളുണ്ടെങ്കിൽ അത് പരിശോധിക്കാം. ഇത് ഭരണഘടനാ വിരുദ്ധമല്ല എന്നാണ് നിയമവകുപ്പിൽ നിന്ന് കിട്ടിയ ഉപദേശം. ഇത് ഭരണഘടനയുടെ ആർട്ടിക്കിൾ 14-ന് വിരുദ്ധമാണെന്ന വാദം ശരിയല്ല. വിശദമായി പരിശോധി ച്ചതിനുശേഷമാണ് ഈ നിയമം സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ.എം.വിജയകുമാർ</u>): ശ്രീ. കെ.എം. മാണിയും ശ്രീ.വി.ഡി. സതീശനും ഉന്നയിച്ചിട്ടുള്ളത് ഭരണഘടനാപരമായ കാര്യങ്ങളാണ്. എല്ലാവരും അംഗീകരിച്ച, തികച്ചും സദുദ്ദേശപരമായ ഒരു ബില്ലാണ് 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ. ഇങ്ങനെയൊരു ബിൽ ആവശ്യമാണെന്നും ഈ സമ്മേളനത്തിൽത്തന്നെ അവതരിപ്പിക്കണമെന്നും സെലക്ട് കമ്മിറ്റിക്ക് അയച്ച് പാസ്സാക്കണമെന്നും ഉള്ള പരസ്പര ധാരണയുടെ അടിസ്ഥാനത്തിലാണ് ബിൽ അവതരിപ്പി ച്ചിട്ടുള്ളത്. ഭരണഘടനാപരമായി, നിയമസഭാച്ചട്ടം അനുസരിച്ചുതന്നെ അതിന്റെ ഇംഗ്ലീഷ് പരിഭാഷയിൽ വളരെ വ്യക്തമായി 'True translation' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് മലയാളത്തിലാണ് അവതരിപ്പിക്കുക.

ഇതെല്ലാം ക്ലിയറായിട്ടുള്ള കാര്യങ്ങളാണ്. ഫിനാൻഷ്യൽ മെമ്മോറാണ്ടത്തെ സംബന്ധിച്ച് കമ്മീഷന് ശുപാർശകൾ നൽകാനുള്ള അവകാശം നൽകുന്നുണ്ട്. കമ്മീഷൻ തീർപ്പാക്കുന്നതിന്റെ അടിസ്ഥാനത്തിൽ എത്രയാണ് ചെലവ് വരുന്നതെന്ന് കണക്കാക്കാൻ പറ്റില്ല. കൃത്യമായി തുക വയ്ക്കേണ്ട കാര്യമില്ല. തുക വച്ചില്ലെങ്കിലും ഒരു അപാകതയുമില്ല. ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയേണ്ട കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനുപരിയായിട്ടുള്ള കാര്യങ്ങൾക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും എല്ലാ സംരക്ഷണവും നൽകിയിട്ടുണ്ട്. ആത്മഹത്യ ചെയ്ത കർഷകർക്കു നൽകുന്ന സഹായം ഉൾപ്പെടെ പറഞ്ഞിട്ടുണ്ട്. ആൾട്ടർനേറ്റീവ് റെമഡി തേടുന്നതിന് തടസ്സമില്ല. ഇതിലെ പ്രൊവിഷൻസ് ഒന്നും ഫണ്ടമെന്റൽ റൈറ്റ്സിനെ ഹിറ്റ് ചെയ്യുന്നില്ല. ഭരണഘടനയിലെ വ്യവസ്ഥകളനുസരിച്ച് സുപ്രീംകോടതിയുടെ അധികാരത്തിൽ വരാത്ത ഏത് കാര്യത്തെ സംബന്ധിച്ചും നിയമനിർമ്മാണം നടത്താനുള്ള പരിപൂർണ്ണമായ അവകാശം സഭയ്ക്കുണ്ട്. സംസ്ഥാനത്ത് നിലനിൽക്കുന്ന ലേബർ നിയമം, ലാന്റ് റിഫോംസ് ആക്ട്, ലോക് ആയുക്ത എന്നിവയിൽ നിലനിൽക്കുന്ന പ്രൊവിഷനാണ് ഇതിലും വരുന്നത്.

**റൂളിംഗ്**

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട കെ.എം. മാണിയും ബഹുമാനപ്പെട്ട വി.ഡി. സതീശനും ഉന്നയിച്ച ക്രമപ്രശ്നങ്ങൾ ചെയർ പരിശോധിച്ചു. രണ്ട് ദിവസം മുമ്പ് ബില്ലിന്റെ കോപ്പി അംഗങ്ങൾക്ക് ലഭ്യമാക്കണമെന്നുള്ളതിനെ സംബന്ധിച്ച് നേരത്തേയും റൂളിംഗ് ഉണ്ടായിട്ടുണ്ട്. ക്ലിയർ കട്ടായി 48 മണിക്കൂറിനു മുമ്പായി അംഗങ്ങൾക്ക് ബില്ലിന്റെ കോപ്പി കിട്ടിയിരിക്കണം എന്നാണ് റൂളിൽ പറയുന്നത്. ഇവിടെ അത് പാലിക്കപ്പെട്ടിട്ടില്ല. തീർച്ചയായും 48 മണിക്കൂറിനു മുമ്പായി ബില്ലിന്റെ കോപ്പി അംഗങ്ങൾക്ക് കിട്ടാൻ

വേണ്ടിയുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്. അതുപോലെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ചെലവു വരുന്നതിനെസംബന്ധിച്ച് കൃത്യമായി സൂചിപ്പിച്ചില്ല എന്നു പറഞ്ഞു. ഇവിടെ പറയുന്ന ഗവൺമെന്റിന്റെ ഉദ്ദേശ്യലക്ഷ്യം ശരിയാണ്. ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർക്ക് 50,000 രൂപ വച്ച് കൊടുക്കണമെന്നാണ് അതിൽ പറയുന്നത്. അതിനു പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല എന്നു ചൂണ്ടിക്കാണിച്ചതു ശരിയാണ്. ഫൈനാൻഷ്യൽ മെമ്മോറാണ്ടം തയ്യാറാക്കുമ്പോൾ ഈ കാര്യങ്ങൾ ഉൾപ്പെടുത്തുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നത് നന്നായിരിക്കുമെന്നാണ് ചെയർ കരുതുന്നത്. ശ്രീ. വി. ഡി. സതീശൻ പറഞ്ഞ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ലാ മിനിസ്റ്റർ കൃത്യമായി പറഞ്ഞു. ബില്ലിലെ ക്ലാസ്സ് 5(2) അനുസരിച്ച് കമ്മിഷന് ആറു മാസം മുതൽ ഒരു വർഷം വരെയാണ് നീട്ടിക്കൊടുക്കാനുള്ള അവകാശമുള്ളത്. അല്ലാതെ പൂർണ്ണമായിട്ടും കമ്മിഷനു കോടതിയിൽ പോകാൻ അനുവാദം കൊടുക്കാതെയിരിക്കുന്ന സാഹചര്യമില്ല. ഒരു വർഷംവരെയാണ് സ്റ്റേ ചെയ്യാനുള്ള അധികാരമുള്ളത്. സ്റ്റേ മാത്രമേയുള്ളൂ. ലോക് ആയുക്ത, ഉപലോക് ആയുക്ത നിയമങ്ങൾ ഉണ്ടാക്കിയ സമയത്തും ഈ നിലപാട് തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഭരണ ഘടനയുടെ ആർട്ടിക്കിൾ 14-ന്റെ ലംഘനമായി കാണേണ്ടതില്ല. പിന്നീട് അവർക്ക് അവസരം കിട്ടുന്നതാണ്. കീഴ്ക്കോടതിയിൽ ചോദ്യം ചെയ്യുന്നതിന് തടസ്സമൊന്നുമില്ല. ഹൈക്കോടതിയിലും സുപ്രീംകോടതിയിലും പോകുന്നതിനു മാത്രമാണ് തടസ്സമുള്ളത്. അതുകൊണ്ട് ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ല.

ശ്രീ.കെ.സി.ജോസഫ്: 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണന ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.എം.മുരളി: ഈ ബിൽ വളരെ പ്രതീക്ഷയോടെയാണ് കേരള നിയമസഭയും കേരളത്തിലെ കർഷക സമൂഹവും നോക്കിക്കാണുന്നത്. നിയമവകുപ്പും ധനകാര്യവകുപ്പും പ്ലാനിംഗ്ബോർഡും സംയുക്തമായി ഡ്രാഫ്റ്റ് ചെയ്തതാണെങ്കിലും വളരെ vague ആയ നിയമമാണ് സഭയുടെ മുമ്പിൽ വന്നിരിക്കുന്നത്. ഉത്തമർണ്ണ സ്ഥാപനങ്ങളെ ഈ നിയമത്തിൽനിന്ന് പൂർണ്ണമായി ഒഴിവാക്കിയിരിക്കുകയാണ്. നാഷണലൈസ്ഡ് ബാങ്കുകൾ, സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള ബാങ്കുകൾ മറ്റ് സഹകരണസ്ഥാപനങ്ങൾ എന്നിവയെ പൂർണ്ണമായി ഒഴിവാക്കിയതോടെ ആത്മഹത്യ ചെയ്തവർ, ആത്മഹത്യയ്ക്കു ശ്രമിച്ചവർ, കടക്കെണിയിൽപ്പെട്ട് നട്ടംതിരിയുന്നവർ തുടങ്ങിയ പാവപ്പെട്ട കർഷകർക്ക് നിയമത്തിന്റെ പരിരക്ഷ ലഭിക്കാതാകുന്നു. കേരളത്തിൽ ആത്മഹത്യ ചെയ്ത കർഷകരിൽ 99 ശതമാനവും ഉത്തമർണ്ണ സ്ഥാപനങ്ങളിൽനിന്നും പണം കടമെടുത്ത് അവരുടെ വേട്ടയാടലിന് വിധേയമായിട്ടുള്ളവരാണ്. അവർ ഈ നിയമ ത്തിന്റെ പരിധിയിൽ പെടുന്നില്ല.; അവരെ രക്ഷിക്കുവാൻ ഈ നിയമത്തിൽ വ്യവസ്ഥയില്ല. ഈ ബില്ലിൽ കമ്മീഷൻ എന്ന് പറയുന്നത് മധ്യസ്ഥ ശ്രമങ്ങൾ നടത്താനും അനുരഞ്ജനത്തിനും ന്യായനിർണ്ണയത്തിനും ഗവൺമെന്റിന്

ഉപദേശം കൊടുക്കാനുമുള്ള കേവലം ഒരു ഉപദേശക സമിതി മാത്രമാണ്. കർഷകർക്ക് സംരക്ഷണം കൊടുക്കുന്ന ജുഡീഷ്യൽ അധികാരമുള്ള സ്ഥാപനമായി അതിനെ മാറ്റണം.

**അറിയിപ്പ്**

റൂൾ വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ലിസ്റ്റ് ഓഫ് ബിസിനസ് അനുസരിച്ച് 12.30 മുതൽ 1.30-വരെ ധനവിനിയോഗ ബില്ലാണ് ചർച്ചയ്ക്ക് എടുക്കേണ്ടത്. ഇപ്പോൾ അതിന് കഴിയാത്ത സാഹചര്യത്തിൽ റൂൾ വേവ് ചെയ്ത് ക്രമമനുസരിച്ച് ബാക്കി ബിസിനസ്സിലേയ്ക്ക് കടക്കാവുന്നതാണ്.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

ശ്രീ.എം.മുരളി-(തുടർച്ച): മുതലിനേക്കാൾ കൂടുതൽ പലിശ വന്നെങ്കിൽ മാത്രമേ ഈ നിയമം എൻഫോഴ്സ് ചെയ്യാൻ സാധിക്കുകയുള്ളുവെന്നത് വിചിത്രമാണ്. കൃഷിയിലും അതുമായി ബന്ധപ്പെട്ട തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നവരെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനു വേണ്ടി കർഷകത്തൊഴിലാളി എന്ന നിർവ്വചനം വിപുലീകരിക്കണം. ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഏത് ഡിപ്പാർട്ടുമെന്റിനെയാണ് ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കണം. സ്വകാര്യ പണമിടപാടുകാരെ ഈ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയാൽ അവർക്കെതിരെ ഈ നിയമം എൻഫോഴ്സ് ചെയ്യാൻ കഴിയുകയില്ല. അധികാരമില്ലാത്ത ഉപദേശക സമിതി മാത്രമായി ഒരു കമ്മീഷൻ കൊണ്ടുവരുന്നതുകൊണ്ട് കേരളം മുഴുവൻ ഉറ്റുനോക്കുന്ന ഈ നിയമം പ്രയോജനമില്ലാത്തതായി തീരും.

<u>ശ്രീ.സി.കെ.പി.പത്മനാഭൻ:</u> കേരള കർഷക കടാശ്വാസ കമ്മീഷൻ ബില്ലിനെ സ്വാഗതം ചെയ്യുന്നു. ഈ ബിൽ കൊണ്ടുവരുന്നതോടുകൂടി കേരളത്തിലെ കൃഷിക്കാരെ പണമിടപാടുകാരുടെ ചൂഷണത്തിൽനിന്നും രക്ഷിക്കാൻ സാധിക്കും. കാർഷികോല്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ തുടങ്ങിയതോടുകൂടി കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നവയ്ക്ക് വിലയിടിവു ണ്ടാകുകയും കൃഷിക്കാർ കടക്കെണിയിൽപ്പെട്ട് ആത്മഹത്യയ്ക്ക് മുതിരുകയും ചെയ്യുന്നു. ദരിദ്ര-ഇടത്തരം കൃഷിക്കാരുടെ താല്പര്യങ്ങൾ ഈ ബില്ലിലൂടെ സംരക്ഷിക്കപ്പെടണം. കടത്തിൽനിന്നും കൃഷിക്കാരെ മോചിപ്പിക്കുന്നതിനുവേണ്ടി പലിശ ഇളവുചെയ്ത് കൊടുക്കുകയും പലിശ രഹിത വായ്പ കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യണം. കാർഷിക അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന കർഷകരെയും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. പണമായി കൊടുക്കേണ്ട കടം മാത്രമല്ല വസ്തു, സ്വർണ്ണം എന്നിവ പണയപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതും കടത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തണം. കടാശ്വാസത്തിന് നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി 50,000 രൂപ എന്നുള്ളത് പുതുക്കി നിശ്ചയിക്കണം. കമ്മീഷനിൽ 5 അംഗങ്ങളുള്ളതിൽ കൃഷിക്കാരുടെ പ്രതിനിധിയായ ദരിദ്ര കൃഷിക്കാരുടെ വിഭാഗത്തിൽപ്പെട്ട 3 പേർ ഉണ്ടാകണം. ഒരു ലക്ഷത്തിനു മുകളിലുള്ള കടം തുല്യഗഡുക്കളായി പലിശരഹിതമായ രൂപത്തിൽ തിരിച്ചടയ്ക്കാനുള്ള സംവിധാനമുണ്ടാകണം. ദരിദ്ര-ഇടത്തരം-ധനിക കൃഷിക്കാർ എന്ന വേർതിരിവോടുകൂടി കടാശ്വാസത്തിനുള്ള അപേക്ഷാ ഫാറത്തിന് വില നിശ്ചയിക്കണം. ബാങ്കുകളുടെ നയംമൂലം 1990-നുശേഷം പലിശയും പിഴപ്പലിശയും ചുമത്തിയതിന്റെ ഫലമായി ഭൂമി നഷ്ടപ്പെട്ടവർക്ക് അത് വീണ്ടെടുക്കുന്നതിനും ന്യായമായ പലിശ അടയ്ക്കുന്ന കൃഷിക്കാർക്ക്

പിഴപ്പലിശ ഒഴിവാക്കി ഭൂമി തിരിച്ചെടുക്കുന്നതിനും അവസരമുണ്ടാക്കുന്നതിനെ സംബന്ധിച്ച് സെലക്ട് കമ്മിറ്റിയിൽ പരിശോധിക്കണം. കടത്തിന്റെ തിരിച്ചടവിന്റെ കാലാവധി ദീർഘിപ്പിക്കണം. ആഗോള നയങ്ങൾക്കെതിരായി പൊരുതാനുള്ള കരുത്ത് ആർജ്ജിച്ചുകൊണ്ട് കേരളത്തിലെ എല്ലാ വിഭാഗം കൃഷിക്കാരെയും സംരക്ഷിക്കുവാൻ ഈ ബില്ലിലൂടെ കഴിയണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഈ ബിൽ കൊണ്ടുവരുന്നതിലൂടെ കേരളത്തിലെ കർഷകർക്ക് ഏറെ ആശ്വാസമുണ്ടാകുമെങ്കിലും ഇതിൽ ചില പോരായ്മകൾ കടന്നുകൂടിയിട്ടുണ്ട്. കർഷകർ എന്ന നിർവ്വചനത്തിൽ നിന്നും ഒരു വലിയ വിഭാഗം കർഷകരെ ഒഴിവാക്കിയിരിക്കുന്നു. ജില്ലാ സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് ഓരോ ജില്ലയുടെയും ബാങ്കിംഗ് ചുമതല വഹിക്കുന്ന ലീഡ് ബാങ്ക് മാനേജരെക്കൂടി കമ്മിറ്റിയിൽ ഉൾപ്പെടുത്തണം. കൃഷിനാശത്തിനും വിലത്തകർച്ചയ്ക്കും ശാശ്വതമായ പരിഹാരം കണ്ടെത്തണം. ഉല്പാദനക്ഷമത കൂട്ടുന്നതിന് അനിവാര്യമായ നടപടികളുണ്ടാകണം. കൃഷിക്കുവേണ്ടി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള സംഖ്യ ചെലവഴിക്കാൻ കഴിയണം. കേരോൽപാദനത്തിനുവേണ്ടി നീക്കിവച്ച 25 കോടിരൂപയിൽ 6 ലക്ഷം രൂപ യഥാർത്ഥ കർഷകനുവേണ്ടിയാണോ ചെലവഴിച്ചതെന്ന് പരിശോധിക്കണം. കാർഷിക രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയണം. കർഷകർക്ക് കടാശ്വാസം നൽകുന്നതോടൊപ്പം അവരുടെ സ്ഥായിയായ പ്രശ്നങ്ങൾക്ക് എന്ത് പരിഹാരമാർഗ്ഗമാണ് സ്വീകരിക്കേണ്ടതെന്നുകൂടി ആലോചിക്കണം. പുതിയ ടെക്നോളജി ഉപയോഗിച്ച് ഈ രംഗത്ത് മാറ്റങ്ങളുണ്ടാക്കണം. ബയോ ടെക്നോളജി മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടാക്കണം. അതിനായി പണം മുടക്കാൻ ഗവണ്മെന്റിന് സാധിക്കുന്നില്ലെങ്കിൽ അതിന്

കഴിയുന്നവരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരാൻ കഴിയണം. ആധുനിക സാങ്കേതികവിദ്യ കർഷകർക്ക് പ്രയോജനപ്പെടുത്തണം. കഴിഞ്ഞവർഷം 10 കോടി രൂപ വിവര സാങ്കേതികവിദ്യ കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന തിനുവേണ്ടി നീക്കിവച്ചിട്ടും അഗ്രിക്കൾച്ചർ കിയോസ്ക്കുകൾ ആരംഭി ക്കുന്നതിന് ഒരു ചില്ലിക്കാശുപോലും വിനിയോഗിച്ചിട്ടില്ല. കടാശ്വാസത്തിനു വേണ്ടിയല്ല ഉദ്യോഗസ്ഥരുടെ ചെലവിനുവേണ്ടി മാത്രമാണ് തുക നീക്കിവച്ചി രിക്കുന്നതെന്നാണ് ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടം വ്യക്തമാക്കുന്നത്. കർഷകരുടെ ആശ്വാസത്തിനുള്ള വിഹിതം നീക്കിവച്ച് അവരെ രക്ഷിക്കുന്നതിന് അനിവാര്യമായ രീതിയിലുള്ള നിയമനിർമ്മാണമാണ് നടത്തേണ്ടത്.

<u>ശ്രീ.രാജാജി മാത്യൂ തോമസ്</u>: ബില്ലിനെ സ്വാഗതം ചെയ്യുന്നു. വർഷങ്ങ ളായി കേരളത്തിലെ കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് ഈ ബിൽ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഗവണ്മെന്റ് കേരളത്തിലെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനത്തിന്റെ പൂർത്തീകരണവും കർഷകരോട് കാണിക്കുന്ന പ്രതിബദ്ധതയുടെ പ്രതീക വുമായ ഈ ബിൽ രാജ്യത്തിനുതന്നെ മാതൃകയായിത്തീരും. കഴിഞ്ഞ 15 വർഷത്തിലേറെയായി രാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക നയങ്ങൾ ഏറ്റവും ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിച്ചിട്ടുള്ളത് കാർഷിക മേഖലയിലാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് കേന്ദ്രത്തിൽ നടപ്പാക്കി യിരുന്ന കർഷകദ്രോഹ നയങ്ങളുടെ ഫലമായി കടക്കെണിയിൽപ്പെട്ട ആയിരക്കണക്കിന് കർഷകരാണ് ആത്മഹത്യചെയ്തത്. ഈ ഗവണ്മെന്റ് കർഷകർക്ക് ആശ്വാസം പകരുന്ന നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്കുവേണ്ടി ആശ്വാസ

നടപടികൾ സ്വീകരിച്ചത് ശ്ലാഘനീയമാണ്. സെലക്ട് കമ്മിറ്റിയുടെ പരിഗണന യ്ക്കുശേഷം കുറ്റമറ്റ ഒരു ബിൽ പാസ്സാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷി ക്കുന്നത്. കർഷക കടാശ്വാസ കമ്മീഷനിൽ ദരിദ്രരായ കർഷകർക്ക് പ്രാതിനിധ്യമുണ്ടാകണം. കർഷകരുടെ വായ്പകൾക്ക് ഈടാക്കുന്ന പലിശയും പിഴപ്പലിശയും ഒഴിവാക്കി അവരുടെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണണം. ജനപ്രതിനിധികൾക്ക് കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങളെ സഹായിക്കാൻ കഴിയുംവിധം ശുപാർശകൾ സമർപ്പി ക്കാനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഉണ്ടാകണം. എങ്കിൽമാത്രമേ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കർഷകരെ കണ്ടെത്താനും അവർക്ക് പരിഹാരം കാണാനുള്ള മാർഗ്ഗങ്ങൾ ഉറപ്പുവരുത്താനും കഴിയൂ. കാർഷിക കടങ്ങളിൽപ്പെട്ട് ഉഴലുന്നവർക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസരം ഒരു ക്കിക്കൊടുക്കണം. ഉൽപന്നങ്ങളുടെ വിലത്തകർച്ചയും കാർഷിക കെടുതി കളും മുൻകൂട്ടി കണ്ടെത്തി പരിഹരിക്കുന്നതിന് കമ്മീഷന് കഴിയണം. മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിലെ കർഷകർക്കുകൂടി ആനുകൂല്യം ലഭിക്കാനുള്ള വ്യവസ്ഥകളും ബില്ലിൽ ഉണ്ടാകണം. കർഷകരുടെ വായ്പ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിനും അവരെ പ്രതിസന്ധിയിൽനിന്നും കരകയറ്റുന്നതിന് പുനർ വായ്പകൾ നൽകുന്നതിനും സൗകര്യങ്ങൾ ഒരു ക്കുന്നതിന് കമ്മീഷന് കഴിയണം. കർഷകരുടെ വരുമാനത്തിന്റെ പരിധിയെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ യാഥാർത്ഥ്യബോധത്തോടുകൂടി പരിഗണിക്കണം.

<u>ശ്രീ.ജോസഫ് എം.പുതുശ്ശേരി</u>: കർഷക കടാശ്വാസ കമ്മിഷൻ എന്ന ആശയം വളരെ നല്ലതാണ്. കേരളത്തിലെ ദുരിതമനുഭവിക്കുന്ന കർഷകന് സഹായം നൽകി അവരെ മുന്നോട്ടുകൊണ്ടുപോകാൻ കൊണ്ടുവന്ന ഈ

ബിൽ ഫലപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കണം. കടാശ്വാസ കമ്മിഷൻ വരുന്നത് കർഷകന് ഒരു വ്യവഹാരത്തിനുള്ള അവസരമായി തീരരുത്. കാർഷിക വായ്പയ്ക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കുന്ന ശുപാർശകൾ സ്വാഗതാർഹമാണ്. കാർഷിക രംഗത്തെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം. ഉൽപാദനക്ഷമതയുടെ അടിസ്ഥാനത്തിൽ വായ്പ തിരിച്ചടയ്ക്കാനുള്ള സാഹചര്യമുണ്ടാകണം. ഒരു ഹെക്ടറിനു താഴെഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകന് പലിശരഹിത വായ്പയും ഒരു ഹെക്ടറിനുമുകളിലുള്ളവർക്ക് ചുരുങ്ങിയ പലിശയ്ക്ക് വായ്പയും ലഭ്യമാക്കി കാർഷികവൃത്തി പ്രോൽസാഹിപ്പിക്കണം.

ശ്രീ. ജോസ് തെറ്റയിൽ: രാജ്യത്തിനൊട്ടാകെ മാതൃകയായിക്കൊണ്ട് ഇടുതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് കർഷക കടാശ്വാസ ബിൽ കൊണ്ടുവരുന്നതിനെ സ്വാഗതം ചെയ്യുന്നു. കേരളത്തിൽ കർഷകരൊഴികെയുള്ള എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ക്ഷേമനിധികളുണ്ട്. കേന്ദ്ര ഗവണ്മെന്റിന്റെ തെറ്റായ സാമ്പത്തിക ഇറക്കുമതി നയങ്ങൾ കേരളത്തിലെ കർഷകരുടെ നടുവൊടിച്ചിരിക്കുകയാണ്. ഉൽപന്നങ്ങളുടെ വിലയിടിവ് കേരളത്തിലെ സാമ്പത്തികസ്ഥിതിയാകെ നശിപ്പിച്ചിരിക്കുന്നു. കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ പ്രത്യാശയാണ് കടാശ്വാസ കമ്മീഷൻ. ഈ ബിൽ നടപ്പിലാക്കുന്നതോടെ ഇനിയൊരു കർഷകനും കടക്കെണിയാൽ ആത്മഹത്യ ചെയ്യേണ്ടി വരികയില്ല. കമ്മീഷന്റെ രൂപീകരണത്തിലുള്ള ഈ ഗവണ്മെന്റിന്റെ ആത്മാർത്ഥതയെ സ്വാഗതം ചെയ്യുന്നു. കർഷകരുടെ പ്രയാസങ്ങൾക്ക് അറുതിവരുത്തുന്ന വ്യവസ്ഥകളാണ് ബില്ലിലുള്ളത്. നിലവിലുള്ള കാർഷിക കടങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതോടൊപ്പം ഗവണ്മെന്റ് നിശ്ചയിക്കുന്ന ഏജൻസികളിലൂടെ കർഷകരുടെ ഭാവിയിലുള്ള

കടാവശ്യങ്ങൾ നിറവേറ്റുന്നതിന് ശുപാർശകൾ സമർപ്പിക്കാനുള്ള സൗകര്യം ഈ കമ്മീഷന്റെ പരിധിയിൽപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധേയമാണ്. കമ്മീഷന് ലഭിക്കുന്ന അപേക്ഷകൾ 15 ദിവസത്തിനുള്ളിൽ തീർപ്പുകൽപിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. മണി ലെൻഡേഴ്സ്, സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ എന്നിവയെ പബ്ളിക് ഓഫീസ് എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയത് ഭേദഗതി ചെയ്യണം. ഈ നിയമം ബാധകമാക്കുന്ന കൃഷിക്കാരുടെ വാർഷിക വരുമാനപരിധി ഉയർത്തണം. 'കർഷകൻ' എന്ന നിർവ്വചനത്തിൽ ക്ഷീരകർഷകരെയും ഉൾപ്പെടുത്തണം. ഭൂമിക്ക് കൈവശരേഖയില്ലാത്ത കർഷകരെയും ഇതിന്റെ പരിധിയിൽ കൊണ്ടുവരണം. പ്രകൃതിദുരന്തമുണ്ടാകുമ്പോൾ ഒരു പ്രദേശത്തെ മാത്രം ദുരിതബാധിതമെന്നു പ്രഖ്യാപിക്കാതെ സംസ്ഥാനം മുഴുവൻ ദുരിതബാധിത പ്രദേശമായി പ്രഖ്യാപിക്കണം.

ശ്രീ.കെ.കെ.ഷാജു: കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മറച്ചുപിടിക്കാനുള്ള ഉപകരണമാണ് ഈ കടാശ്വാസ ബിൽ. പ്രയോജനമില്ലാത്ത ഈ ബിൽ ഇന്ത്യയുടെ ചരിത്രത്തിൽത്തന്നെ ആദ്യത്തേതായിരിക്കും. റിസർവ്വ് ബാങ്കിന്റേയും ഷെഡ്യൂൾഡ് ബാങ്കിന്റേയും വായ്പകൾ എഴുതിത്തള്ളാൻ ഈ ബില്ലനുസരിച്ച് അവകാശമുണ്ടെങ്കിൽ അത് ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമാക്കണമായിരുന്നു. സാധാരണ കൃഷിക്കാർക്ക് ഈ ബില്ലുകൊണ്ട് യാതൊരു പ്രയോജനവുമില്ല. നാളീകേര കൃഷിക്കാർക്ക് പ്രയോജനം ലഭിക്കുന്ന 1924 കോടി രൂപയുടെ കേന്ദ്ര പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. സഹകരണ മേഖലയിൽ അധികബാദ്ധ്യതകൂടി അടിച്ചേൽപ്പിക്കുന്നതിന് ഈ ബിൽ വഴിതെളിക്കും.

കാർഷിക കമ്മീഷന്റെ ആസ്ഥാനം എവിടെയാണെന്നോ അതിന്റെ ക്വാറം എത്രയാണെന്നോ ബില്ലിൽ പറയുന്നില്ല. കർഷകർ ഏറ്റവും കൂടുതൽ പണം കടം വാങ്ങുന്ന ബാങ്കുകൾ ഈ നിയമത്തിന്റെ പരിധിയിൽ വരാത്തതിനാൽ ഇതിന്റെ യഥാർത്ഥ ഉദ്ദേശം നിറവേറ്റാനാവാത്ത സ്ഥിതി വരും. കേന്ദ്ര നിയമത്തിൽക്കൂടി മാറ്റം വരുത്താനുതകുന്ന നിയമമാണ് ആവശ്യം.

ശ്രീ.വി.സുരേന്ദ്രൻ പിള്ള: കാർഷിക മേഖലയിലെ അസ്വസ്ഥതകൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ ദീർഘവീക്ഷണത്തോടെ കൊണ്ടുവന്ന ബില്ലാണിത്. തകർന്നുതരിപ്പണമായ കേരളത്തിലെ കാർഷിക മേഖലയ്ക്ക് മോചനം നൽകാനുതകുന്ന ബില്ലാണിത്. വിവിധ കാരണങ്ങളാൽ കൃഷി നാശം സംഭവിക്കുന്നവർക്കും കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവുമൂലം നഷ്ടം സംഭവിക്കുന്നവർക്കും സഹായം നൽകുന്നതു സംബന്ധിച്ച് ബില്ലിൽ വ്യക്തമാക്കിയിട്ടുണ്ട്. ചെറുകിട–ഇടത്തരം–വൻകിട കൃഷിക്കാരനെക്കൂടി കമ്മീഷനിൽ അംഗമാക്കണം.

ശ്രീ.എ.എ.അസീസ്: കടക്കെണിയിൽപെട്ട് ആത്മഹത്യചെയ്യാൻ ശ്രമിക്കുന്ന കൃഷിക്കാരെ രക്ഷിക്കാനുള്ള ബില്ലാണിത്. കൃഷിക്കാരൻ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നത്തിനും ഉൽപ്പാദനച്ചെലവിനും തമ്മിൽ ബന്ധമില്ലാ താവുകയും സബ്സിഡി നിറുത്തലാക്കുകയും ചെയ്തതിലൂടെ ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബാംഗങ്ങൾക്ക് ഈ ഗവണ്മെന്റ് 50,000 രൂപ വീതം കൊടുത്തു. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലും നയപ്രഖ്യാപന ത്തിലും ബഡ്ജറ്റ് പ്രസംഗത്തിലും പറയുന്ന കാര്യങ്ങൾ നടപ്പാക്കുന്ന ഗവണ്മെന്റാണിത് എന്നതിന് ഉദാഹരണമാണ് ഈ കർഷക കടാശ്വാസ ബിൽ. കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന കൃഷിക്കാരെ രക്ഷിക്കാൻ ഈ ബിൽ സഹായകമാണ്. കുറ്റമറ്റതായി ഈ നിയമം പാസ്സാക്കണം.

<u>ശ്രീ.വി.ശശികുമാർ</u>: ബില്ലിനെ സ്വാഗതം ചെയ്യുന്നു. കേന്ദ്ര ഗവണ്മെന്റിന്റെ കാർഷിക വിരുദ്ധനയങ്ങൾ തിരുത്തിയാൽ മാത്രമേ കേരള ത്തിലെ കർഷക ആത്മഹത്യ അവസാനിപ്പിക്കാൻ കഴിയൂ. കടക്കാരായ കർഷകരും ഉത്തമർണ്ണ സ്ഥാപനങ്ങളല്ലാത്ത ഉത്തമർണ്ണന്മാരും തമ്മിലുള്ള തർക്കങ്ങൾ ന്യായനിർണ്ണയം നടത്തി ഇരുകക്ഷികൾക്കും ബാധകമാകുന്ന അവാർഡുകൾ പാസ്സാക്കുന്നത് ഇൻഡെഫനിറ്റായി നീണ്ടുപോകാതിരിക്കാൻ ഒരു പ്രത്യേക വാചകം കൂട്ടിച്ചേർക്കണം. ദുരിതബാധിതപ്രദേശത്തിൽ "വിള" കൂടി ഉൾപ്പെടുത്തണം. കടാശ്വാസത്തിന് അപേക്ഷ കൊടുക്കുന്നതിന് വ്യക്തമായി വ്യവസ്ഥ ചെയ്യണം. പരസ്യപ്പെടുത്തിയശേഷമായിരിക്കണം കമ്മീഷൻ സിറ്റിംഗ് നടത്തേണ്ടത്. കമ്മീഷൻ ഒരു പ്രത്യേക ജില്ലയിൽ സിറ്റിംഗ് നടത്തുമ്പോൾ ത്രിതല പഞ്ചായത്ത് ഭാരവാഹികളെ നിരീക്ഷക രായി ക്ഷണിക്കേണ്ടതാണ് എന്ന് ബില്ലിൽ വ്യക്തമാക്കണം. ഉത്തമർണ്ണൻ എന്നതിൽ എന്തെങ്കിലും അപൂർണ്ണതയുണ്ടെങ്കിൽ അത് പരിഹരിക്കണം. ബില്ലിന്മേലുള്ള ഭേദഗതികൾ സെലക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കി കൃഷിക്കാർക്ക് ആശ്വാസമേകുന്ന ഒരു ബില്ലായി ഇത് പാസ്സാക്കണം.

<u>ശ്രീ.പി.സി.ജോർജ്</u>: ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിലെ കൃഷി ക്കാരെ ആത്മഹത്യയുടെ വക്കിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടിയുള്ള ബില്ലാണിത്. ഈ നിയമത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും ചില മാറ്റങ്ങൾ വരുത്തേണ്ടതിനുമാണ് ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുന്നത്. കാർഷിക മേഖലയിൽ വിലയിടിവ് ഉണ്ടായ പ്പോൾ കൃഷിക്കാർക്ക് സബ്സിഡി നൽകി കൃഷിക്കാരെ രക്ഷിക്കാനോ

കാർഷിക ഉൾപ്പന്നങ്ങൾ ഇന്ത്യയിൽ ഇറക്കുമതി ചെയ്തപ്പോൾ അതിനെതിരെ നടപടി സ്വീകരിക്കാനോ ഇന്ത്യാ ഗവണ്മെന്റ് തയ്യാറാകാത്ത സാഹചര്യത്തിലാണ് ഗവണ്മെന്റ് കടാശ്വാസ നിയമം കൊണ്ടുവരാൻ തീരുമാനിച്ചത്. ദുരിതമനുഭവിക്കുന്ന അടയ്ക്ക, കുരുമുളക് കർഷകരുൾപ്പെടെയുള്ളവരെ രക്ഷിക്കുന്നതിനുവേണ്ടി ദീർഘകാല കാഴ്ചപ്പാടോടുകൂടെയുള്ള സംവിധാനം ബില്ലിൽ കൊണ്ടുവരണം. കാർഷിക മേഖല തകർന്നിരിക്കുന്ന ഈ സാഹചര്യത്തിൽ കൃഷിക്കാരെ രക്ഷിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഡോ: എം.എസ്.സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നടപടി സ്വീകരിക്കാൻ വൈകുന്നത് കൃഷിക്കാരെ കൂടുതൽ ഉപദ്രവിക്കുന്ന സ്ഥിതിവിശേഷമുണ്ടാക്കും. കാർഷികകടം എന്നതിനുപകരം കൃഷിക്കാരന്റെ കടമെന്നാണ് ബില്ലിൽ എഴുതേണ്ടത്. കൃഷിക്കാരൻ എന്ന വ്യക്തിയുടെ അർത്ഥം ഉൾക്കൊണ്ടുകൊണ്ട് നിയമമുണ്ടാക്കാൻ ഈ ഗവൺമെന്റ് തയ്യാറായി. ഇന്നത്തെ സാഹചര്യത്തിൽ സഹകരണ ബാങ്ക് കൃഷിക്കാരുടെ കടം എഴുതിത്തള്ളുന്നത് ബുദ്ധിമുട്ടുള്ള കാര്യമായതിനാൽ വകുപ്പുമന്ത്രി അത് പ്രത്യേകം ശ്രദ്ധിക്കണം. ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്കു പുറമേ ആത്മഹത്യയുടെ വക്കിലെത്തിനിൽക്കുന്ന കർഷക കുടുംബ ങ്ങളെക്കൂടി രക്ഷിക്കാൻ ഈ നിയമംമൂലം സാധിക്കണം.

ശ്രീ.മുരളി പെരുനെല്ലി: ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് കർഷകരുടെ കടബാധ്യത പ്രശ്നം വളരെ സങ്കീർണ്ണമാണ്. നല്ല വിളകണ്ട് വിളവിറക്കുന്ന കർഷകന് അതിൽനിന്നും അർഹിക്കുന്ന പ്രതിഫലം കിട്ടാത്തതുമൂലമാണ് പലരും ആത്മഹത്യയ്ക്ക് ഒരുങ്ങുന്നത്. ആഗോള വൽക്കരണനയംമൂലം കാർഷിക മേഖലയിലെ നിക്ഷേപം കുറയുകയും കാർഷിക വളർച്ചാനിരക്ക് ഇടിയുകയും ചെയ്യുന്നു. കാർഷിക മേഖലയിൽ

നിക്ഷേപം കുറയുന്നതായും കർഷകർക്ക് ന്യായമായ വില ഉറപ്പാക്കണമെന്നും ദേശീയ കാർഷിക കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത് രണ്ടും മെച്ചപ്പെട്ടാൽ ജനസംഖ്യാടിസ്ഥാനത്തിലുള്ള ഭക്ഷ്യോൽപ്പാദനം സംസ്ഥാനത്ത് ലഭ്യമാകും. ഈ സ്ഥിതിവിശേഷം ഇൻഡ്യയിൽ പല സംസ്ഥാനങ്ങളിലുമുണ്ട്. ആഗോളവൽക്കരണ നയത്തിന്റെ കെടുതിയുടെ ഫലമായി കേരളത്തിലും പ്രതിസന്ധിയുണ്ടായതുമൂലം 1500 പേർ ആത്മഹത്യ ചെയ്തു. 2001-ന് ശേഷമാണ് ആത്മഹത്യാ പ്രവണത ഏറ്റവും രൂക്ഷമായത്. ഈ ഗവൺമെന്റ് ആത്മഹത്യ തടയാൻ ആവശ്യമായ നടപടി സ്വീകരിച്ചു. 2001-ൽ യു.ഡി.എഫ്. ഗവൺമെന്റ് വന്നതോടുകൂടി ഗ്രാമപ്രദേശങ്ങളാകെ തകർന്നടിയുകയും കൃഷിക്കാർ ആത്മഹത്യയിലേയ്ക്ക് നീങ്ങുകയും ചെയ്തു. കേരളപ്പിറവിയുടെ 50-ാം വർഷം ആഘോഷിക്കുന്ന അവസരത്തിൽ ഇത്തരം ഒരു ബിൽ കൊണ്ടുവന്നത് ഇൻഡ്യയ്ക്കുതന്നെ മാതൃകയാണ്. 1957 മുതൽ ഭരിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലഘട്ടങ്ങളിലെല്ലാം രാജ്യത്തിന് പല മാതൃകയും കാണിച്ചിട്ടുണ്ട്. 1957-ലെ കാർഷിക പരിഷ്ക്കരണമാണ് ഇന്ന് ഈ ബില്ലിന് അടിത്തറ പാകിയത്. ഈ ഭൂപരിഷ്ക്കരണംവഴി കേരളത്തിൽ ഉൽപ്പന്നങ്ങളും ഉൽപ്പാദനക്ഷമതയും വർദ്ധിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിൽ കാർഷിക മേഖല തകർച്ചയിലാണെന്നും അതിനുള്ള കാരണവും റിസർവ്വ് ബാങ്കിന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്. വേൾഡ് ട്രേഡ് ഓർഗനൈസേഷനുമായുണ്ടാക്കിയ ഉടമ്പടിയുടെ ഫലമായാണ് ഇത്തരം സ്ഥിതിവിശേഷം ഉണ്ടായത്. വായ്പയുടെ 18 ശതമാനം കാർഷിക മേഖലയ്ക്ക് നൽകണമെന്ന ചട്ടം നിലവിലുണ്ടെങ്കിലും 12 ശതമാനത്തിൽ കൂടുതൽ നൽകാറില്ല. വായ്പാ നിക്ഷേപ അനുപാതത്തിന്റെ ദേശീയ ശരാശരി 60 ശതമാനമാണെങ്കിൽ

കേരളത്തിൽ അത് 50 ശതമാനമാണ്. വായ്പയുടെ കാര്യത്തിലും കേരളത്തിലെ കർഷകരെ അവഗണിക്കുന്നു. ഗാലസ, ഗ്രൂപ്പ് ഫാമിംഗ്, നെല്ല് സംഭരണം തുടങ്ങി നിരവധി പദ്ധതികളിലൂടെ കൃഷിക്കാരെ സംരക്ഷിക്കാൻ ആവശ്യമായ നടപടി മുൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിച്ചതിന്റെ തുടർച്ചയായി അതിന് സഹായകമായ നിലപാടെടുത്തു കൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഈ ബിൽ കാർഷിക മേഖലയ്ക്ക് ഉണർവ്വ് നൽകും.

<u>ശ്രീ.പി.കൃഷ്ണപ്രസാദ്</u>: ബില്ലിനെ അനുകൂലിക്കുന്നു. കാർഷിക മേഖലയിലെ കടക്കെണിയുടെ ഗൗരവം എത്രത്തോളം ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് പരിശോധിക്കേണ്ടതുണ്ട്. ഭാരതത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരം കടാശ്വാസ കമ്മീഷൻ രൂപീകരിക്കുന്നത്. 1930-ൽ ഒരു കമ്മീഷൻ നിലവിൽവന്നതിനുശേഷം ഇൻഡ്യയിൽ ഒരു കടാശ്വാസ കമ്മീഷൻ രൂപീകരിക്കാനുള്ള സാഹചര്യം ഉണ്ടായത് ഇപ്പോഴാണ്. ഇന്ന് കാർഷിക മേഖലയിൽ കർഷകർ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വിലത്തകർച്ചയാണ്. യു.ഡി.എഫ്. അതിന് കാരണം കണ്ടെത്തിയത് ഉദാരവത്ക്കരണ നയങ്ങളെയാണ്. 2001-ലെ കണക്ക് പ്രകാരം ഏതാണ്ട് ഒരു വർഷത്തിൽ 1,31,000-ലേറെ കോടി രൂപയുടെ നഷ്ടമാണ് ഉദാരവൽക്കരണ നയങ്ങളുടെ ഫലമായി ഇൻഡ്യാ രാജ്യത്തെ കർഷക സമൂഹം അനുഭവിച്ചു കൊണ്ടിരിക്കുന്നത്. ഉദാരവത്ക്കരണ നയത്തിന്റെ ഭാഗമായി കാർഷിക മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത് പാപ്പരീകരണമാണ്. യു.ഡി.എഫ്. കൊണ്ടുവന്ന പാക്കേജുകളെല്ലാം പൊള്ളത്തരങ്ങളാണ്. കർഷക കടാശ്വാസ കമ്മീഷൻ യഥാർത്ഥത്തിൽ കൊണ്ടുവരേണ്ടത് യു.പി.എ.ഗവൺമെന്റാണ്.

യു.ഡി.എഫ്. നടപ്പാക്കിയ നയങ്ങൾമൂലം വയനാട്പോലെയുള്ള പ്രദേശങ്ങളിൽ ആത്മഹത്യകൾ കൂടുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവാദിത്വം ഫിക്സ് ചെയ്യുന്നതിൽ നിയമത്തിന്റെ പരിമിതിയുണ്ട്. പാർലമെന്റിന്റെ അവകാശങ്ങൾ ഒരു സംസ്ഥാന നിയമസഭയ്ക്ക് ഇല്ലാത്തതുകൊണ്ട് റിസർവ്വ് ബാങ്കിന്റെ കീഴിലുള്ള ബാങ്കുകളെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുകയില്ല. കമ്മീഷൻ രൂപീകരിക്കുമ്പോൾ ഗവൺമെന്റിൽനിന്ന് ന്യായമായി ലഭിക്കേണ്ട സഹായങ്ങൾ ഉറപ്പുവരുത്തണം. അതിന് യൂ.ഡി.എഫ്–ന്റെ സഹകരണ മുണ്ടാകണം. ഇക്കാര്യത്തിൽ ഒരുമിച്ചുനിൽക്കണം. കർഷകരുടെ വായ്പകൾ എഴുതിത്തള്ളുന്നതടക്കമുള്ള നടപടികൾക്ക് ആവശ്യമായ പണം ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ നീക്കിവയ്ക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും 100 കോടിയോളം രൂപ കർഷക കടാശ്വാസ കമ്മീഷന് വേണ്ടി നീക്കിവയ്ക്കാൻ ഈ ഗവൺമെന്റ് തയ്യാറായി. കേരളത്തിലെ ഡിസ്ട്രസ്സ് ഏരിയയിലെ കർഷകരെ കടക്കെണിയിൽനിന്ന് മോചിപ്പിക്കാൻപോലും ആ തുക മതിയാകുകയില്ല. അതുകൊണ്ട് കൂടുതൽ തുക ലഭ്യമാക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. സംസ്ഥാനത്തെ കർഷകരോടും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളോടുമുള്ള ഐക്യദാർഢ്യത്തിന്റെ പ്രതീക മായാണ് ഇത്തരം ഒരു നിയമം കൊണ്ടുവന്നത്. സെലക്ട് കമ്മിറ്റിക്ക് ഈ നിയമം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയണം.

<u>ശ്രീ.കെ.സി.ജോസഫ്:</u> ബില്ലിനെ സ്വാഗതം ചെയ്യുന്നു. ആശങ്കകൾ ഉദ്ദേശശുദ്ധിയോടെ കാണണം. ഈ ബിൽ കർഷകരുടെ കടാശ്വാസ നിയമമായിരിക്കണം. കാർഷിക കടങ്ങൾക്ക് മാത്രം ആശ്വാസം നൽകുന്നതാകരുത്. കൃഷിക്കാരന്റെ മറ്റ് കടങ്ങളും ഈ നിയമത്തിന്റെ

പരിധിയിൽ വന്നില്ലെങ്കിൽ ഇതുകൊണ്ട് ഉദ്ദേശിച്ച ഫലമുണ്ടാകില്ല. ക്വാസി ജുഡീഷ്യൽ പവറുള്ള ഈ കമ്മിഷന്റെ പവർ എന്താണെന്ന് വ്യക്തമാക്കണം. ഈ കമ്മീഷന്റെ പ്രവർത്തനം കർഷകന് പ്രതികൂലമാകരുത്. ഈ കമ്മീഷന് അർദ്ധ ജുഡീഷ്യൽ അധികാരം നൽകണം. കർഷകനെ പൂർണ്ണമായോ ഭാഗീകമായോ കടത്തിൽനിന്നും മോചിപ്പിക്കാൻ ശുപാർശ ചെയ്യുക യാണെങ്കിൽ അതിന് പ്രൊവിഷൻ വേണം. ശുപാർശയും കൺസീലി യേഷനുമല്ലാതെ മറ്റ് അധികാരങ്ങളൊന്നും കമ്മീഷൻ അംഗങ്ങൾക്കില്ല. ക്വാസി ജുഡീഷ്യൽ അധികാരമുള്ള കമ്മീഷനാണെങ്കിൽ ഋണബാധ്യതയുള്ള കർഷകന്റെ പരാതി കേൾക്കാനും തീരുമാനമെടുക്കാനുമുള്ള അവകാശം കൊടുക്കണം. അത്തരത്തിലുള്ള അധികാരം ഈ ബില്ലിൽ കമ്മീഷന് കൊടുത്തിട്ടില്ല. കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി അവർക്ക് നൽകുന്ന ധനസഹായത്തെ സംബന്ധിച്ച് ധനകാര്യ മെമ്മോറാണ്ട ത്തിൽ ഉൾക്കൊള്ളിക്കണം. കമ്മിഷന്റെ ശുപാർശയനുസരിച്ച് കടം എഴുതിത്തള്ളാൻ തീരുമാനമുണ്ടാകുകയാണെങ്കിൽ അതിനാവശ്യമായ പ്രൊവിഷൻ ബില്ലിൽ ഉൾക്കൊള്ളിക്കുകയോ ഗവണ്മെന്റ് ബാധ്യത ഏൽക്കുകയോ ചെയ്യണം. 2001–ൽ ശ്രീ.എ.കെ.ആന്റണിയുടെ നേതൃത്വത്തിലു ണ്ടായിരുന്ന ഗവണ്മെന്റ് കേരള കാർഷിക കടക്കാർക്ക് താൽക്കാലികാശ്വാസ ബിൽ പാസ്സാക്കിയിട്ടുണ്ട്. അത്തരത്തിൽ ഒരു നിയമം വന്ന സാഹചര്യത്തിൽ ഈ നിയമം ഇൻഡ്യയിൽ ആദ്യത്തേതാണെന്നുള്ള ഈ ഗവണ്മെന്റിന്റെ വാദം പൊള്ളയാണ്. ഈ ബില്ലിൽ 'കർഷകൻ' എന്ന പദത്തിന് ശരിയായ നിർവ്വചനം ഉൾപ്പെടുത്തണം. ദുരിതബാധിതപ്രദേശത്തെ കർഷകർക്ക് മാത്രമായി സഹായം പരിമിതപ്പെടുത്തിയിരിക്കുന്നത് ശരിയല്ല. കമ്മീഷന്റെ

ചെലവ് കുറയ്ക്കുന്നതിനായി അംഗങ്ങളുടെ എണ്ണം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കണം. കമ്മീഷൻ സിറ്റിംഗ് നടത്തുമ്പോൾ നിരീക്ഷകരായി ക്ഷണിക്കാവുന്ന വ്യക്തികളുടെ എണ്ണം ചില ജില്ലകളിൽ ഏതാണ്ട് നൂറോളം പേർ വരുന്ന സാഹചര്യത്തിൽ അത് കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് ഗുണകരമാകുമോ എന്നുള്ള കാര്യം പരിശോധി ക്കണം. കൃഷിക്കാരെ ബാധിക്കുന്ന യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കാതെ പാക്കേജ് പ്രഖ്യാപിച്ചതുകൊണ്ടും കടം എഴുതിത്തള്ളിയതു കൊണ്ടും മാത്രം കർഷക ആത്മഹത്യ തടയാൻ കഴിയില്ല. കാർഷിക വായ്പയുടെ പലിശ നിരക്ക് കുറച്ചുകൊണ്ടുള്ള സഹകരണ വകുപ്പുമന്ത്രിയുടെ വാഗ്ദാനമുണ്ടാ യെങ്കിലും വായ്പയ്ക്കായി കൊടുക്കുന്ന അപേക്ഷയിന്മേൽ നാലഞ്ചുപേർ അടങ്ങുന്ന ഒരു കമ്മിറ്റി സ്ക്രൂട്ടിനൈസ് ചെയ്യണമെന്ന ഗവണ്മെന്റ് സർക്കുലർ കാരണം കർഷകർക്ക് വായ്പ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യത്തിൽ അതിനെക്കുറിച്ച് പുന:പരിശോധന നടത്തണം. വായ്പയ്ക്കായി കർഷകരുടെ അപേക്ഷയിൻമേൽ തീരുമാനമെടുക്കാനുള്ള അധികാരം കമ്മീഷന് നൽകുകയും അതനുസരിച്ച് കുറഞ്ഞ പലിശയ്ക്ക് വായ്പ കൊടുക്കാനുള്ള സാമ്പത്തിക പിൻബലം കൂടി നൽകുകയും വേണം. സെലക്ട് കമ്മിറ്റി പരിശോധിക്കുന്ന ഘട്ടത്തിലെങ്കിലും ഈ ബില്ലിലെ അപാകതകളെ സംബന്ധിച്ച് പരിശോധന നടത്താനുള്ള നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): ചർച്ചയിൽ പങ്കെടുത്തു സംസാരിച്ച അംഗങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ചുകൊണ്ട് ബിൽ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുമ്പോൾ തീരുമാനി

ക്കാവുന്നതാണ്. നിയമ വകുപ്പും ബന്ധപ്പെട്ട വകുപ്പുകളും വിശദമായി പഠിച്ച് തയ്യാറാക്കിയ ഇൻഡ്യയിലെ തന്നെ ആദ്യത്തെ ബില്ലാണിത്. കർണ്ണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, പഞ്ചാബ്, ഹരിയാന, കേരളം തുടങ്ങി എല്ലാ സംസ്ഥാനങ്ങളെയും ബാധിക്കുന്ന പ്രശ്നമായതിനാൽ ഇത്തരത്തിലൊരു ബിൽ യഥാർത്ഥത്തിൽ കൊണ്ടുവരേണ്ടത് കേന്ദ്ര ഗവണ്മെന്റാണ്. ഉദാരവൽക്കരണ നയത്തിന്റെ ഭാഗമായി കാർഷിക മേഖല യിലുണ്ടായ തകർച്ച കണക്കിലെടുത്ത് കർഷകരെ സഹായിക്കാനായി കൂടുതൽ സാമ്പത്തിക സഹായങ്ങളും സബ്സിഡികളും ഇളവുകളും പ്രഖ്യാപിച്ച് കാർഷിക മേഖലയെ പിടിച്ചുനിർത്താൻ കഴിയുന്ന പ്രവർത്തനങ്ങളാണ് കേന്ദ്ര ഗവണ്മെന്റ് ചെയ്യേണ്ടിയിരുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലം കാർഷിക മേഖലയുടെ തകർച്ചയും കർഷക ആത്മഹത്യയും സംബന്ധിച്ച വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ശക്തമായ പ്രതിഷേധ സമരങ്ങൾ നടത്തിയിട്ടും ഒരു പരിഹാരവും നിർദ്ദേശിക്കാതെ നിഷേധാത്മകമായ നിലപാടാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ചത്. കേരളത്തിൽ ആത്മഹത്യ ചെയ്ത കർഷകരുടെ വ്യക്തമായ കണക്ക് കൊടുക്കാൻപോലും കഴിയാത്തതിന്റെ ഫലമായി കേരളത്തിന് കിട്ടേണ്ട കേന്ദ്ര സഹായം ലഭ്യമാകാതെ പോകുകയും തുടർന്ന് അന്നത്തെ പ്രതിപക്ഷത്തിന്റെ നിരാഹാരസമരങ്ങളുൾപ്പെടെയുള്ള പ്രതിഷേധത്തിന്റെ ഫലമായി ചില പ്രഖ്യാപനങ്ങൾ ഉണ്ടായെങ്കിലും കൃഷിക്കാർക്ക് യാതൊരു ധനസഹായവും കിട്ടിയിട്ടില്ല. അത്തരത്തിൽ യു.ഡി.എഫ്. സർക്കാർ വരുത്തിവച്ച ബാധ്യത കൊടുത്തുതീർക്കാനായി ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം 7 കോടി രൂപയിൽ ചില്വാനം വയനാട് ജില്ലയ്ക്ക് മാത്രമായി കൊടുത്തു. പ്രകൃതിക്ഷോഭം, കാലവർഷം,

കാർഷിക വിളകൾക്ക് ബാധിച്ച രോഗം തുടങ്ങിയവമൂലം വൻ തകർച്ചയാണ് കാർഷിക മേഖലയിൽ ഉണ്ടായത്. ബ്ളേഡ് കമ്പനിക്കാർ, കൊള്ള പലിശക്കാർ തുടങ്ങിയവർ കർഷകരെ പീഡിപ്പിക്കുന്ന അവസ്ഥയ്ക്ക് നിയന്ത്രണമേർപ്പെടുത്താനും അത്തരക്കാരെ കർശനമായി നേരിടാനും കഴിയുന്ന വിധത്തിലുള്ള അധികാരങ്ങൾ കമ്മീഷന് നൽകുന്ന ശുപാർശകളാണ് ഈ ബില്ലിലുള്ളത്. കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ച 765.24 കോടി രൂപയുടെ പാക്കേജ് വയനാട്, പാലക്കാട്, കാസർകോട് ജില്ലകൾക്ക് മാത്രമാണ്. കർഷകർക്ക് സ്ഥിരമായി ആശ്വാസം കൊടുക്കാനും അവരെ ചൂഷണത്തിൽനിന്ന് രക്ഷിക്കാനും കഴിയുന്നവിധത്തിലുള്ള നിയമനിർമ്മാണമാണ് വേണ്ടത്. ഈ ഗവണ്മെന്റ് അധികാരമേറ്റശേഷം കൂടിയ ആദ്യ ക്യാബിനറ്റിൽ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കാൻ കാർഷിക മേഖലയിൽ സ്വീകരിക്കേണ്ട നിലപാടുകളെ സംബന്ധിച്ച് തീരുമാനം എടുക്കുകയുണ്ടായി. കേരളത്തിലെ എല്ലാ ബാങ്ക് മേധാവികളെയും വിളിച്ച് ചർച്ച നടത്തുകയും ഇളവുകളും സഹായങ്ങളും പ്രഖ്യാപിക്കുകയും ചെയ്തു. കേരളത്തിൽ 931 കൃഷിക്കാർ ആത്മഹത്യ ചെയ്തതായിട്ടാണ് ഇതുവരെ വിവരം കിട്ടിയിട്ടുള്ളത്. ഒക്ടോബർ 31-നുള്ളിൽ 14 ജില്ലകളിലെയും കണക്കുകൾ ശേഖരിക്കാനുള്ള നടപടികൾ എടുത്തുവരികയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അടിയന്തിരാശ്വാസമായി 50,000 രൂപ വീതം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കണക്കുകൾ മുഴുവൻ കിട്ടിക്കഴിഞ്ഞാൽ നവംബർ മാസത്തിൽ തന്നെ തുക കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സാമ്പത്തിക പരാധീനത കളുണ്ടെങ്കിലും കർഷകരെ സഹായിക്കുക എന്നുള്ളതാണ് ഈ

ഗവണ്മെന്റിന്റെ ലക്ഷ്യം. 'കൃഷിക്കാരൻ' എന്ന നിർവ്വചനത്തിൽ മത്സ്യ ക്കൃഷിയും മൃഗസംരക്ഷണവും മറ്റും ഉൾപ്പെടുത്താവുന്നതാണ്. കേരള ത്തിന്റെ വിവിധ പ്രദേശങ്ങളിലെ കൃഷിക്കാരുടേയും ഈ മേഖലയിൽ കൂടുതൽ അനുഭവസമ്പത്തുള്ള കർഷക പ്രതിനിധികളുടേയും നിർദ്ദേശ ങ്ങളും അഭിപ്രായങ്ങളും കേട്ടതിനുശേഷം ഈ നിയമം പരമാവധി ശക്തിപ്പെടുത്തണം. റിട്ടയേഡ് ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തി ലുള്ള കമ്മിഷനിൽ അഞ്ച് അംഗങ്ങളുണ്ടാവും. ചെറുകിട കൃഷിക്കാരുടെ അഭിപ്രായങ്ങൾകൂടി വരത്തക്ക വിധത്തിൽ കർഷകരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം സെലക്ട് കമ്മിറ്റി ചർച്ചാവേളയിൽ പരിഗണിക്കുന്നതാണ്. കമ്മീഷന്റെ തെളിവെടുപ്പ് വേളയിലും അഭിപ്രായ ങ്ങൾ കേൾക്കുമ്പോഴും കാര്യങ്ങൾ സൂക്ഷ്മതയോടെ വിലയിരുത്തുമ്പോഴും ജനപ്രതിനിധികൾക്ക് അവരുടെ ശുപാർശകളും നിർദ്ദേശങ്ങളും കൊടുക്കാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. കമ്മീഷനിൽ ജനപ്രതിനിധികളോടൊപ്പം കർഷകത്തൊഴിലാളി സംഘടനകളുടെ പ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചാൽ കർഷകരുടെ പരാതിയും ആശങ്കയും അകറ്റി ഫലപ്രദമായ നടപടികളെടു ക്കാൻ സഹായിക്കും. കൃഷിക്കാരേയും കർഷകത്തൊഴിലാളികളേയും സംരക്ഷിക്കാനും അവർക്ക് ആത്മവിശ്വാസം നേടിക്കൊടുക്കാനും അഭിമാന ബോധം വളർത്താനും മറ്റും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. സെലക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിൽ വേണ്ട മാറ്റങ്ങൾ വരുത്തി ഇതൊരു കുറ്റമറ്റ നിയമമാക്കി മാറ്റുന്നതിന് എല്ലാവരുടേയും സഹായ സഹകരണം പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബില്ലിലെ അപൂർണ്ണതകളും കുറവുകളും ചൂണ്ടിക്കാണിച്ചത് സെലക്ട് കമ്മിറ്റിയുടെ ചർച്ചയും തെളിവെടുപ്പും നടത്തുന്ന സന്ദർഭത്തിൽ ഒരു പരിധിവരെ മാത്രമേ പരിഹരിക്കാൻ കഴിയുകയുള്ളൂ എന്ന സത്യം വിസ്മരിക്കരുത്. സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കൃഷിക്കാർക്ക് ആശ്വാസം നൽകാൻ കഴിയുന്ന രീതിയിലായിരിക്കണം അത് ചെയ്യേണ്ടത്. അനുരഞ്ജനംവഴി ഒരുപാട് കാര്യങ്ങൾ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കാൻ കഴിഞ്ഞതു പോലെയാണ് ഇവിടേയും ഉദ്ദേശിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഉദാരവൽക്കരണ ഇറക്കുമതി നയങ്ങൾ ലക്ഷക്കണക്കിന് കർഷകരുടെ ആത്മഹത്യക്കിടയാക്കിയതിനാൽ ഇത്തരത്തിലൊരു നിയമം കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരാൻ ബാധ്യസ്ഥമാണെങ്കിലും അത് ഉണ്ടായില്ല. അന്യ രാജ്യങ്ങളിൽനിന്നുള്ള ഉല്പന്നങ്ങൾ ഇന്ത്യയിലേയ്ക്ക് നികുതിരഹിതമായി ഇറക്കുമതി ചെയ്യാൻ അനുവദിച്ചതുമൂലം സംസ്ഥാനത്തെ കൃഷിക്കാർ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്യുന്നു. വിദർഭാ പദ്ധതിയും മറ്റ് തൊഴിൽ ഉറപ്പ് പദ്ധതികളും വഴി അല്പം സഹായങ്ങൾ നൽകിയെന്നല്ലാതെ പ്രശ്നത്തിന് പരിഹാരമാകുന്നില്ല. സംസ്ഥാനത്തെ പ്രധാന പ്രശ്നം ഇറക്കുമതി ചുങ്കമാണ്. വിദേശ ഉല്പന്നങ്ങളുടെമേൽ ഇറക്കുമതി ചുങ്കം ചുമത്തിയാൽ അതനുസരിച്ചുള്ള വില ആഭ്യന്തര ഉല്പന്നത്തിനു ലഭിക്കും. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ സാമ്രാജ്യത്വ രാജ്യങ്ങളിൽനിന്നുള്ള ജനപ്രതിനിധികൾ ലോക വ്യാപാര സംഘടനയിൽ വാദിക്കുന്നത് പുതിയതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളിലെ കൃഷിക്കാർക്ക് സഹായം നൽകാൻ പാടില്ല എന്നാണ്. ഇതിനൊരു മാറ്റം വരുത്താനാണ് ഈ സർക്കാർ

ശ്രമിക്കുന്നത്. അനുരഞ്ജനങ്ങൾ, കടാശ്വാസ കമ്മീഷന്റെ നിർദ്ദേശങ്ങൾ, കർഷക പ്രസ്ഥാനങ്ങളുടേയും ഗ്രാമീണ ജനതയുടേയും സമ്മർദ്ദം എന്നിവ വഴി കൃഷിക്കാരെ രക്ഷിക്കാൻ കഴിയുമെന്നുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. കേരളത്തിലെ ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുമെന്ന് സർക്കാർ ഉറപ്പു നൽകിയിട്ടുണ്ട്. അവരുടെ കുടുംബത്തിന് 50,000 രൂപ വീതം സഹായധനം നൽകുകയും ജീവിച്ചിരിക്കുന്ന കർഷകരുടെ കടത്തിന് ഒരു കൊല്ലത്തേയ്ക്ക് മൊറോട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. മൊറോട്ടോറിയം പ്രഖ്യാപിച്ചിട്ട് അഞ്ച് മാസം കഴിഞ്ഞു. ഇനി ഏഴ് മാസമേ ഉള്ളൂ. ഏഴ് മാസം വരെ കാത്തുനിൽക്കാതെ സെലക്ട് കമ്മിറ്റി രണ്ട് മാസത്തിനിടയിൽ തെളിവെടുപ്പു നടത്തി റിപ്പോർട്ട് സമർപ്പിക്കണം. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാരെ രക്ഷിക്കാൻവേണ്ടി ഒരു സ്പെഷ്യൽ സെഷൻ വിളിച്ചുകൂട്ടി ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാൽ മൊറോട്ടോറിയം കാലാവധിക്കുള്ളിൽത്തന്നെ കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം തുടങ്ങാനും ആശ്വാസം നൽകാനും കഴിയും. അതിനാവശ്യമായ നടപടികൾ സമയബന്ധിതമായി ചെയ്ത് ഈ നിയമം ഐകകണ്ഠ്യേന പാസ്സാക്കിയെടുക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബത്തിന് ഒരു ലക്ഷം രൂപ വീതം സഹായം നൽകുമെന്ന കേന്ദ്ര ഗവൺമെന്റിന്റെ പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അത് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രധാനമന്ത്രി കേരളം സന്ദർശിക്കുമ്പോൾ ഒരു മെമ്മോറാണ്ടം കൊടുക്കാൻ തീരുമാനി ച്ചിരിക്കുകയാണ്. കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവിന്റെ ഫലമായാണ് കേരളത്തിലെ കർഷകർക്ക് 7,000 കോടിയോളം രൂപ നഷ്ടപ്പെട്ടത്. ബാങ്ക്

മേധാവികളെ വിളിച്ചുകൂട്ടി ഒരു ലക്ഷം രൂപ വരെയുള്ള കടം എഴുതിത്തള്ളണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പലിശ എഴുതിത്തള്ളാമെന്നും കടം എഴുതിത്തള്ളണമെങ്കിൽ റിസർവ്വ് ബാങ്കിന്റെ അനുവാദം ആവശ്യമാണെന്നാണ് ബാങ്ക് മേധാവികൾ അറിയിച്ചിരിക്കുന്നത്. ഇപ്പോൾ ബാങ്കേഴ്സ് കമ്മിറ്റി കൂടി കടം തന്നെ എഴുതിത്തള്ളാമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. വിദർഭാ മോഡലിൽ കേരളത്തിലെ മൂന്ന് ജില്ലകളെ ഉൾപ്പെടുത്തുകയും തൊഴിൽ ഉറപ്പ് പദ്ധതിയിൽ രണ്ട് ജില്ലകളെ ഉൾപ്പെടുത്തുകയും ചെയ്തു. ഇത്തരത്തിൽ കുറച്ചു നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന് ജനപ്രതിനിധികളുടെ സഹകരണം ആവശ്യമാണ്. ഇൻഡ്യയിലാകെയുള്ള കർഷകർക്ക് സഹായകമായ നിലയിൽ കേന്ദ്ര ഗവൺമെന്റ് ഒരു നിയമനിർമ്മാണം നടത്തുന്നതിന് ഒരു പഴുതുണ്ടാക്കുകകൂടിയാണ് ഈ ശ്രമം കൊണ്ടുദ്ദേശിക്കുന്നത്.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ.കെ.പി.രാജേന്ദ്രൻ</u>): 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയമാണ് അവതരിപ്പിച്ചിട്ടുള്ളത്. റവന്യൂ വകുപ്പുമന്ത്രി ശ്രീ.കെ.പി.രാജേന്ദ്രൻ, കൃഷി വകുപ്പുമന്ത്രി ശ്രീ.മുല്ലക്കര രത്നാകരൻ, സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ.ജി.സുധാകരൻ, ധനകാര്യ വകുപ്പുമന്ത്രി ഡോ.തോമസ് ഐസക് എന്നിവരും സർവ്വശ്രീ സി.കെ.പി.പത്മനാഭൻ, പി.കൃഷ്ണപ്രസാദ്, പി. വിശ്വൻ, വി.എൻ.വാസവൻ, എൻ. അനിരുദ്ധൻ, എം.വി.ശ്രേയാംസ് കുമാർ, വി. സുരേന്ദ്രൻ പിള്ള, എ.എ. അസീസ്, പി.സി. ജോർജ്, കെ.സി. ജോസഫ്, അടൂർ പ്രകാശ്, എം.മുരളി, റോഷി അഗസ്റ്റിൻ, യു.സി. രാമൻ, കെ.കെ. ഷാജു എന്നിവർ കമ്മിറ്റി അംഗങ്ങളായിരിക്കും.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

2006-ലെ കേരള കർഷക കടാശ്വാസ കമ്മിഷൻ ബിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നിർദ്ദേശിച്ച അംഗങ്ങളുൾപ്പെടുന്ന സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**ഗവൺമെന്റ് പ്രമേയം**

സഹകരണ മേഖലയെ തകർക്കുന്ന ഇൻകം ടാക്സ് ആക്ടിലെ ഭേദഗതി റദ്ദ് ചെയ്യണമെന്നത് സംബന്ധിച്ച്

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി സുധാകരൻ): "സഹകരണ സ്ഥാപനങ്ങളുടെ ലാഭത്തിൽനിന്ന് ആദായ നികുതി അടയ്ക്കണമെന്ന വ്യവസ്ഥയിൽനിന്നും എല്ലാ സഹകരണ സംഘങ്ങളെയും ഒഴിവാക്കിയിരിക്കുന്നതാണ്. എന്നാൽ 2006-07-ലെ കേന്ദ്ര ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ പ്രകാരം ആദായ നികുതി നിയമത്തിലെ 80 (പി) വകുപ്പനുസരിച്ച് സഹകരണ സംഘങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന നികുതി ഒഴിവ് ഇൻകം ടാക്സ് നിയമഭേദഗതിയിലൂടെ ഭാഗികമായി നിർത്തലാക്കിയിരിക്കുകയാണ്. ഇതുപ്രകാരം പ്രൈമറി കാർഷിക ക്രെഡിറ്റ് സൊസൈറ്റികൾക്കും പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്മെന്റ് ബാങ്കുകൾക്കും മാത്രമേ മേലിൽ ഈ കിഴിവിന് അർഹതയുള്ളൂ. ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, സംസ്ഥാന കാർഷിക വികസന ബാങ്ക്

തുടങ്ങിയവയെ 80 (പി) യുടെ പരിധിയിൽ നിന്നും ഒഴിവാക്കി അവയുടെ ലാഭത്തിന്റെ 30 ശതമാനം ആദായ നികുതിയായി അടയ്ക്കണമെന്നതാണ് പുതിയ നിയമം. സഹകരണ മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതിനും സഹകരണ സംഘങ്ങളുടെ സാമ്പത്തിക ഭദ്രതയെ തകർക്കുന്നതുമായ ഇൻകം ടാക്സ് ആക്ടിലെ ഈ ഭേദഗതി റദ്ദ് ചെയ്യണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ.കെ.സി.ജോസഫ്: പ്രമേയത്തിന്റെ അവസാന ഭാഗത്ത് "കേന്ദ്ര ഗവൺമെന്റിനോട്" എന്നതിന് പകരം "കേന്ദ്ര ഗവൺമെന്റിനോടും വാറ്റ് നിയമപരിധിയിൽ ഉൾപ്പെടുത്തിയതുമൂലം കൺസ്യൂമർ സഹകരണ സംഘങ്ങളും മാർക്കറ്റിംഗ് സംഘങ്ങളും നേരിടുന്ന സാമ്പത്തിക പ്രയാസങ്ങൾ കണക്കിലെടുത്ത് വാറ്റ് നിയമത്തിന്റെ പരിധിയിൽനിന്നും കൺസ്യൂമർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളെ ഒഴിവാക്കണമെന്ന് സംസ്ഥാന ഗവൺമെന്റിനോടും" എന്നു ചേർക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ.ഉമ്മൻ ചാണ്ടി): പ്രമേയത്തോട് യോജിക്കുന്നു. സഹകരണ സ്ഥാപനങ്ങളെ ആദായ നികുതിയുടെ പരിധിയിൽനിന്ന് പൂർണ്ണമായും ഒഴിവാക്കേണ്ട ന്യായമായ ആവശ്യം ഉന്നയിച്ച് കേന്ദ്ര ധനകാര്യ മന്ത്രിക്ക് ഐക്യജനാധിപത്യ മുന്നണി നിവേദനം സമർപ്പിച്ചിട്ടുണ്ട്. കൺസ്യൂമർ സഹകരണ സംഘങ്ങൾക്ക് വാറ്റ് കാരണം സംസ്ഥാനത്തു

നിന്നും സാധനങ്ങൾ വാങ്ങാനുള്ള താൽപര്യം കുറയുകയാണ്. സഹകരണ സംഘങ്ങൾ നേരിടുന്ന നികുതി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്): സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ആദായത്തിൽനിന്ന് നികുതി എടുക്കരുതെന്നും ഗ്രോസ് പ്രോഫിറ്റിൽനിന്നും ഈടാക്കണമെന്നുമാണ് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്. 'വാറ്റ്' സഹകരണസംഘങ്ങൾ ഉപഭോക്താക്കളിൽ നിന്നും പിരിച്ചുനൽകുന്നതാണ്. വാറ്റിനു പകരം സെയിൽസ് ടാക്സ് നൽകിയിരുന്ന സഹകരണ സംഘങ്ങൾക്ക് ആദായനികുതിയിൽനിന്നും എക്സംപ്ഷനുണ്ടായിരുന്നു. ഒരു സെക്ടറിനെയോ ഒരു വിഭാഗത്തെയോ വാറ്റിൽനിന്ന് ഒഴിവാക്കാൻ കഴിയുകയില്ല. സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ആദായനികുതി ഏർപ്പെടുത്തിയത് ഒരു പുതിയ സംഭവമാണ്. സഹകരണ പ്രസ്ഥാനത്തെ സഹായിക്കണമെന്ന കാര്യത്തിൽ ആർക്കും എതിർപ്പുണ്ടാവില്ല. ഭേദഗതി പിൻവലിച്ച് ചർച്ച കൂടാതെ പ്രമേയം ഏകകണ്ഠമായി അംഗീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): ഈ പ്രമേയം വളരെ ആലോചിച്ച് കൊണ്ടുവന്നിട്ടുള്ളതായതിനാൽ ഏകകണ്ഠമായി പാസാക്കണം.

ശ്രീ.ആര്യാടൻ മുഹമ്മദ്: സ്വകാര്യ മേഖല നൽകുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാനും കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില നൽകാനും സഹകരണ മേഖലയ്ക്ക് കഴിയും. എന്നാൽ ഈ നികുതി ഏർപ്പെടുത്തിയാൽ അതിന് കഴിയാതെ വരും. അതിനാൽ നികുതി എത്രയെന്ന് കണക്കാക്കി സഹകരണ

സംഘങ്ങൾക്ക് അത്രയും തുക സബ്സിഡി കൊടുക്കാൻ കഴിയണം. ജനങ്ങളെ സഹായിക്കാൻ സർക്കാരിന് താല്പര്യമുണ്ടെങ്കിൽ ഫസ്റ്റ് പ്രിഫറൻസ് കൊടുത്തുകൊണ്ട് കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ ഇൻകം-ടാക്സിൽനിന്നും ഒഴിവാക്കണം. പ്രമേയം പാസ്സാക്കുന്നതിന് സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാണ്. പക്ഷേ നിയമസഭയ്ക്ക് ചെയ്യാൻ അധികാരമുള്ള കാര്യം ചെയ്തതിനുശേഷം കേന്ദ്രത്തോട് ആവശ്യപ്പെടുന്നതായിരിക്കും നല്ലതെന്ന അഭിപ്രായമാണുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ.ഉമ്മൻചാണ്ടി): പ്രമേയത്തോട് പൂർണ്ണമായി യോജിച്ചുകൊണ്ട് ഏകകണ്ഠമായി പാസ്സാക്കാൻ പ്രതിപക്ഷം തയ്യാറാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ഏറ്റവുമധികം രൂക്ഷമായിരിക്കുന്ന ഈ സന്ദർഭത്തിൽ ഈ ഭേദഗതി ജനങ്ങൾക്ക് പ്രയോജനകരമാകുന്നതാണ്. ഭേദഗതി അംഗീകരിക്കാതിരിക്കാൻ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ ന്യായങ്ങളോട് യോജിപ്പില്ല. വില വർദ്ധനവുമൂലം നട്ടം തിരിയുന്ന ജനങ്ങൾക്കും വിലയിടിവുമൂലം കഷ്ടപ്പെടുന്ന കൃഷിക്കാർക്കും ഈ ഭേദഗതി ആശ്വാസകരമാകുമെന്നതിനാൽ ഇത് സർക്കാർ ആലോചിച്ച് പരിഗണിക്കുമെന്ന വിശ്വാസത്തിൽ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കുന്നതിനോട് യോജിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

**നിയമനിർമ്മാണകാര്യം**

<u>2006-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ: തോമസ് ഐസക്</u>): 2006-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബില്ലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ.എം.വിജയകുമാർ):</u> പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽവന്ന് 5 മാസം കഴിഞ്ഞിട്ടും ബഡ്ജറ്റിൽ നീക്കിവച്ച തുകയുടെ പത്തുശതമാനംപോലും ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുക ലാപ്സാക്കിയിട്ട് ഉപധനാഭ്യർത്ഥനകൾ പാസ്സാക്കുന്ന പ്രവണത ശരിയല്ല. ഏകജാലക സംവിധാനത്തിലൂടെ വിവിധ വകുപ്പുകളുടെ അവലോകനം നടത്തി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക കാലതാമസം കൂടാതെ ചെലവഴിക്കാൻ നടപടി സ്വീകരിക്കണം. ഇന്ന് സംസ്ഥാനത്ത് ഭരണവും വികസന പ്രവർത്തനങ്ങളും നിശ്ചലമായിരിക്കുകയാണ്. കള്ളനോട്ട് വിതരണവും ബോംബ് നിർമ്മാണവും ദേവാലയങ്ങൾക്കുനേരെയുള്ള ആക്രമണങ്ങളും തടയാൻ കഴിയണം. വിജിലൻസ് വിംഗ് ശക്തിപ്പെടുത്തണം. പല കേസ്സിലെ പ്രതികളെയും കണ്ടുപിടിക്കാൻ പോലീസിന് കഴിഞ്ഞിട്ടില്ല. ജാതി-മത പരിഗണനയില്ലാതെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സർക്കാരിന് കഴിയണം. കാർഷിക മേഖലയിൽ ഉൽപ്പാദനച്ചെലവ് കുറച്ച് ഉൽപ്പാദനം

വർദ്ധിപ്പിക്കാനും കർഷകന്റെ ഉൽപ്പന്നങ്ങൾക്ക് അർഹമായ വില ലഭ്യമാക്കാനും കഴിയണം. കായ്ഫലമില്ലാത്ത കവുങ്ങ്, തെങ്ങ്, കശുമാവ് തുടങ്ങിയവ മുറിച്ചുമാറ്റി അത്യുൽപാദനശേഷിയുള്ള തൈകൾ വച്ചുപിടിപ്പി ക്കാനുള്ള പദ്ധതി നടപ്പിലാക്കണം. കൃഷിയിൽനിന്നും ഉൽപ്പന്നങ്ങൾ ലഭിക്കുന്നതുവരെ കാർഷിക വായ്പകൾക്ക് പലിശ ഇളവ് അനുവദിക്കണം. കർഷക കടാശ്വാസ ബില്ലിന്റെ സെലക്ട് കമ്മിറ്റി പരിഗണനാവേളയിൽ ഇക്കാര്യങ്ങൾകൂടി പരിശോധിച്ച് കുറ്റമറ്റതാക്കണം. റോഡുകളുടെ ശോച്യാവസ്ഥമൂലം റോഡ് അപകടങ്ങൾ വർദ്ധിക്കുന്നതിനു പരിഹാരം കാണണം. ചിക്കുൻ ഗുനിയ പോലുള്ള പകർച്ച രോഗങ്ങൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം. സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ പരിഹരിക്കണം; പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിൽസ ലഭ്യമാക്കണം. കൂടുതൽ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ കഴിയണം. ഗൾഫ് യാത്രക്കാരുടെ വിമാനക്കൂലി കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ കീടനാശിനി ഉപയോഗംമൂലം രോഗബാധിതരായവർക്ക് യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കണം. മാലിന്യ നിർമ്മാർജ്ജന ത്തിനായി ഖരമാലിന്യ സംസ്കരണ പ്ളാന്റ് സ്ഥാപിക്കണം; പ്ളാസ്റ്റിക് പൂർണ്ണമായും നിരോധിക്കണം. ആധുനിക അറവുശാലകൾ സ്ഥാപിക്കണം. ശുചീകരണ രംഗത്ത് ആവശ്യമായ ബോധവൽക്കരണം നടത്തി കേരളത്തെ ഒരു മാതൃകാ സംസ്ഥാനമാക്കി മാറ്റാൻ നടപടി സ്വീകരിക്കണം.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u>: ധനവിനിയോഗ ബില്ലിനെ സ്വാഗതം ചെയ്യുന്നു. ധൂർത്തും അനാവശ്യ ധനവിനിയോഗവും പിശുക്കും ഒഴിവാക്കി സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയമായ രീതി

യിൽ ധനവിനിയോഗം നടത്തുന്നതിന് കൊണ്ടുവന്നിട്ടുള്ള ബില്ലാണിത്. കേന്ദ്ര ഗവൺമെന്റിന്റെ ചെയ്തികൾ കേരളത്തെ ബാധിക്കുമെന്നതിനാൽ ഒരു ബദൽ സംവിധാനം ഉണ്ടാക്കാൻ വേണ്ടിയാണ് ഈ സർക്കാർ പരിശ്രമിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് സമർത്ഥമായി ധനവിനിയോഗം നടത്തുന്നുവെന്നതിന് തെളിവാണ് ചെറുകിട കാർഷിക വ്യാവസായിക മേഖലകളെ സഹായിക്കാൻ വേണ്ടിയുള്ള പരിശ്രമം. ദരിദ്രനും ധനവാനും തമ്മിലുള്ള അന്തരം വർദ്ധിപ്പിക്കുന്ന കേന്ദ്ര സാമ്പത്തിക നയത്തെ അംഗീകരിക്കാനാവില്ല. റവന്യൂ വരുമാനത്തിന്റെ 15 ശതമാനത്തിൽ കൂടുതൽ പലിശ കൊടുക്കുന്ന അവസ്ഥ ഉണ്ടാകരുതെന്ന റിസർവ്വ് ബാങ്ക് നിർദ്ദേശം കഴിഞ്ഞ ഗവൺമെന്റ് ലംഘിച്ചിരിക്കുകയാണ്. യു.ഡി.എഫ്. ഗവണ്മെന്റ് പണം കടമെടുത്ത് പ്രത്യുൽപ്പാദനപരമല്ലാത്ത കാര്യങ്ങൾക്കു വേണ്ടി ചെലവഴിക്കുകയും പദ്ധതിമൂലധന ചെലവുകൾക്കുള്ള വിഹിതം വെട്ടിക്കുറയ്ക്കുകയും ചെയ്തു. മൂലധനച്ചെലവ് കുറഞ്ഞതുമൂലം തൊഴിലില്ലായ്മയും വിലക്കയറ്റവും വർദ്ധിക്കാനിടയായി. വികസന രംഗത്ത് കൂടുതൽ പണം ചെലവഴിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചതിനെ സ്വാഗതം ചെയ്യുന്നു. മൂലധനച്ചെലവ് വർദ്ധിപ്പിക്കുന്നതിനും പതിനൊന്നാം പഞ്ചവൽസര പദ്ധതി ജനകീയമാക്കുന്നതിനും ഉള്ള ഈ ഗവണ്മെന്റിന്റെ ശ്രമങ്ങൾ ശ്ലാഘനീയമാണ്. കൃത്യമായ കണക്കുകൾ സൂക്ഷിച്ചുകൊണ്ട് പണം ചെലവഴിക്കാനും നടപ്പിലാക്കുന്ന പദ്ധതികൾ ഗുണഭോക്താക്കളെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിക്കാനും സാധിക്കണം. ആരോഗ്യ ഇൻഷ്വറൻസ് പോളിസി എടുക്കാത്തവർക്കും ചികിത്സാസഹായം ലഭ്യമാക്കണം. കാർഷിക മേഖലയിൽ പ്രഖ്യാപിച്ചിട്ടുള്ള പാക്കേജുകൾ ഫലപ്രദമായും ശാസ്ത്രീയമായും നടപ്പിലാക്കാൻ കഴിയണം. കാർഷിക

മേഖലയിൽ കൃഷി അഭിവൃദ്ധിപ്പെടുത്താനും കൃഷിനാശം സംഭവിച്ചവരെ രക്ഷിക്കാനും പാക്കേജുകൾ പ്രഖ്യാപിക്കണം. കാർഷിക പാക്കേജിന്റെ ഭാഗമായി ആറളം ഫാം അഭിവൃദ്ധിപ്പെടുത്താനും ആദിവാസികൾക്ക് വീതിച്ചു കൊടുത്തതിനുശേഷമുള്ള സ്ഥലത്ത് ഒരു കാർഷിക ഗവേഷണശാല സ്ഥാപിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് തൊഴിൽ ഉറപ്പ് പദ്ധതി കൃത്യമായി നടപ്പിലാക്കണം. വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ പണം ചെലവഴിച്ച് കേരളത്തിലെ വിദ്യാർത്ഥികളുടെ ബുദ്ധിപരമായ കഴിവുകൾ കാർഷിക-വ്യാവസായിക-ഗവേഷണ രംഗങ്ങളിൽ ഉപയോഗ പ്പെടുത്താൻ കഴിയുന്ന തരത്തിൽ വിദ്യാഭ്യാസം ക്രമീകരിക്കണം. ആരോഗ്യ മേഖല അഭിവൃദ്ധിപ്പെടുത്തുന്നതിനായി ആശുപത്രികളിലെ എല്ലാ ഒഴിവുകളും നികത്താൻ നടപടി സ്വീകരിക്കണം. കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാ ക്കുന്നതിനാവശ്യമായ പണം എത്രയുംവേഗം കണ്ടെത്തണം. പോലീസ് സേനയെ പരിഷ്ക്കരിക്കുന്നതിനും റോഡുകൾ മെച്ചപ്പെടുത്തുന്നതിനും ശ്രദ്ധിക്കണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ബഡ്ജറ്റിൽ വകയിരുത്തിയ തുകപോലും ചെലവഴിക്കാൻ കഴിയാത്ത സർക്കാരിന് ഉപധനാഭ്യർത്ഥനയിൽക്കൂടി കണ്ടെത്തുന്ന പണം ചെലവഴി ക്കാൻ അവകാശമില്ല. സംസ്ഥാനത്തെ നിർദ്ധനരായ രോഗികൾക്ക് നൽകി വന്നിരുന്ന ചികിത്സാ സഹായം ലഭ്യമല്ലാത്ത സാഹചര്യമാണ്. സാമ്പത്തിക സ്ഥിതി മെച്ചമല്ല എന്ന കാരണത്താൽ കടുത്ത വെല്ലുവിളികളെ നേരിടുന്ന ആരോഗ്യ മേഖലയ്ക്ക് മുൻഗണന നൽകാതിരിക്കുന്നത് ശരിയല്ല. 1980-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ച പ്രിവൻഷൻ ഓഫ് എപ്പിഡമിക് ആന്റ് ഇൻഫെക്ഷൻ ഡിസീസ് സെല്ലിന്റെ പ്രവർത്തനം

പുനരുജ്ജീവിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഡിസാസ്റ്റർ മാനേജുമെന്റ് വിംഗ് ആരോഗ്യ വകുപ്പുമായി ഏകോപിപ്പിച്ച് പ്രവർത്തിപ്പി ക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കണം. കേരളത്തിൽ പൊട്ടിപ്പുറ പ്പെടുന്ന പകർച്ച വ്യാധികളെ ദുരന്തങ്ങളായി കാണുന്നതിനും ഡിസാസ്റ്റർ മാനേജുമെന്റിന്റെ കീഴിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് വരുമാനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. രാജ്യാന്തര വിപണിയിൽ ഇന്ധന വില 25 ശതമാനം കുറഞ്ഞ സാഹചര്യത്തിൽ ഇന്ധന വില കുറയ്ക്കാതെ സംസ്ഥാന സർക്കാർ വരുമാനം വർദ്ധിപ്പിക്കുകയാണു ണ്ടായത്. പാവപ്പെട്ട ജനങ്ങൾക്ക് ചികിത്സാ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ധനവിനിയോഗത്തിന് അപ്രായോഗികമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് ഫലപ്രദമായി ധനം വിനിയോഗിക്കണം.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ:</u> ധനവിനിയോഗ ബില്ലിനെ അനുകൂലി ക്കുന്നു. ഈ ഗവണ്മെന്റ് ജനോപകാരപ്രദമായ നടപടികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അനുവർത്തിച്ച സാമ്പത്തിക നയത്തിന് ബദലായ വികസന കാഴ്ചപ്പാടോടുകൂടിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് മുന്നോട്ടുപോയിക്കൊണ്ടി രിക്കുന്നത്. കേന്ദ്ര ഗവണ്മെന്റിന്റെ ഉദാരവൽക്കരണ നയത്തിന്റെ കെടുതികൾ സംസ്ഥാനത്തെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഈ ഗവണ്മെന്റ് കർഷക കടാശ്വാസ കമ്മീഷൻ നിയമം കൊണ്ടുവരികയുണ്ടായി. പ്രത്യക്ഷത്തിൽ ജനോപകാരപ്രദമെന്നുതോന്നുമെങ്കിലും ആരോഗ്യ രംഗത്തുണ്ടാകുന്ന തകർച്ചയ്ക്ക് വഴി തെളിക്കുന്നതാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.

ആരോഗ്യം, കുടിവെള്ളം, വിദ്യാഭ്യാസം തുടങ്ങി എല്ലാ സേവന മേഖലകളിലേയും ഉത്തരവാദിത്വത്തിൽനിന്നും പിന്മാറുന്ന സമീപനമാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. ഇൻഷ്വറൻസിൽ ചേർന്നാൽ മാത്രമേ ആരോഗ്യ രംഗത്ത് പരിരക്ഷ കിട്ടുകയുള്ളു എന്നും കുട്ടികൾക്ക് പഠിക്കണമെങ്കിൽ ബാങ്കിൽ നിന്ന് ലോൺ എടുക്കണമെന്നും ഉള്ള മനോഭാവത്തിലേയ്ക്ക് ജനങ്ങളെ കൊണ്ടെത്തിക്കുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിട്ടുള്ളത്. കേന്ദ്ര ഗവണ്മെന്റിന്റെ സാമ്പത്തിക നയത്തെ ചെറുത്തുതോൽപ്പിക്കാൻ കഴിയുന്ന തരത്തിൽ ശാശ്വത പരിഹാരം കാണണമെന്ന ഉത്തമ വിശ്വാസത്തിലാണ് സംസ്ഥാനത്ത് നിയമം കൊണ്ടുവന്നിട്ടുള്ളത്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം നൽകാതെ അവരെ കൂടുതൽ ദുരിതത്തിലേയ്ക്ക് നയിക്കുന്ന സമീപനമാണ് യു.ഡി.എഫ്. സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. പ്രകൃതി ദുരന്തമുണ്ടായ സന്ദർഭങ്ങളിലെല്ലാം ഈ സർക്കാർ സഹായം നൽകുകയുണ്ടായി. വ്യാപാരികളുടെ ജീവനോപാധിയെ തകർക്കുന്ന നയത്തെ ചെറുത്തുതോൽപ്പിക്കുന്നതിനായി സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ ആയിരക്കണത്തിന് ഔട്ട് ലെറ്റുകൾ ആരംഭിക്കാൻ തീരുമാനിച്ചു. പൊതു ആരോഗ്യ രംഗത്ത് സർക്കാർ നടപ്പിലാക്കിയിട്ടുള്ള നിരവധി നയപരിപാടികളുടെ ഫലമായിട്ടാണ് പകർച്ചവ്യാധികൾ തടയാൻ സാധിച്ചിട്ടുള്ളത്. ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ കാലത്താണ് ഏറ്റവും കൂടുതലായി പിൻവാതിൽ നിയമനങ്ങൾ നടന്നിട്ടുള്ളത്. ഇത് തടയുന്നതിനുള്ള നയപരിപാടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്.

<u>ശ്രീ.ജോസ് തെറ്റയിൽ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് 890.90 കോടി രൂപ ഗ്രാമീണ അടിസ്ഥാന

സൗകര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുകയും 619 കോടി രൂപയിലധികം ചെലവഴിക്കാതിരിക്കുകയുമാണുണ്ടായത്. ഒഴിഞ്ഞ ഖജനാവും ഉയർന്ന കടബാദ്ധ്യതയുമാണ് ആകെയുള്ള സമ്പാദ്യം. കേന്ദ്രത്തിൽനിന്ന് കാലാകാലങ്ങളിൽ കിട്ടേണ്ട തുക വാങ്ങിയെടുക്കാൻ കഴിയുന്നില്ല. ഈ ഫെഡറൽ സിസ്റ്റത്തിന് മാറ്റം വരണം. ഇന്ന് ഇവിടെ പാസ്സാക്കേണ്ടിവന്ന കർഷക കടാശ്വാസ ബില്ലും ഇതിന്റെ അനന്തരഫലമായുണ്ടായതാണ്. ഇതിൽനിന്ന് വ്യത്യസ്തമായി വളരെ നല്ല ഫിസ്ക്കൽ മാനേജ്മെന്റോടുകൂടിയുള്ളതാണ് ഇവിടെ ഇപ്പോഴുള്ള ധനവിനിയോഗം.

<u>ശ്രീ.എ.എം.ആരിഫ്:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഉപധനാഭ്യർത്ഥനയുടെ ചർച്ചയിൽ പ്രതിപക്ഷാംഗങ്ങൾക്ക് ഈ ഗവൺമെന്റിനെതിരായി വിമർശനങ്ങൾ ഉന്നയിക്കാൻ കഴിയാത്തനിലയിൽ വിഷയങ്ങൾക്കുവേണ്ടി പരതുന്നതാണ് കണ്ടത്. സാമ്പത്തിക നില ഭദ്രമായിരുന്നെങ്കിൽ പെൻഷനും മറ്റ് സാമ്പത്തിക സഹായങ്ങളും കുടിശ്ശിക ആകുകയില്ലായിരുന്നു. നികുതി പിരിവിലുള്ള വർദ്ധനവും അതുപോലെ അഴിമതിയും ധൂർത്തും ഒഴിവാക്കി ചെലവുചുരുക്കി വരുമാനമുണ്ടാക്കാനുള്ള വ്യഗ്രതയും ആത്മാർത്ഥതയുമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിൽ പ്രകടമാകുന്നത്. കേരള സംസ്ഥാനത്ത് ആദ്യമായി 'പേമെന്റ് സീറ്റ്' എന്ന വാക്ക് സംഭാവന ചെയ്തതും ദുർഗന്ധപൂരിതമായ കുംഭകോണം അരങ്ങേറിയതും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. കുഴൽപ്പണവും വിദേശപ്പണവും സാമ്പത്തികരംഗത്ത് അരാജകത്വം സൃഷ്ടിച്ചു. മാറാടിൽ ഗൂഢാലോചന നടന്നിട്ടുണ്ടെന്ന് കമ്മീഷൻ പറഞ്ഞില്ലെങ്കിൽപ്പോലും കാര്യങ്ങൾ എല്ലാവർക്കുമറിയാം. റിപ്പോർട്ട് ബന്ധപ്പെട്ടവർ

കണ്ടിട്ടില്ലെന്നു പറയുന്നതിൽ ദുരൂഹത നിലനിൽക്കുകയാണ്. അതിനെ സംബന്ധിച്ച് ആഭ്യന്തര വകുപ്പുമന്ത്രി വ്യക്തമാക്കണം. അഴിമതിയും ധൂർത്തും ഇല്ലാതെ വന്നാൽ മാത്രമേ സാമ്പത്തിക ഭദ്രത പാലിക്കാൻ കഴിയൂ. കഴിഞ്ഞ 5 മാസക്കാലം ഒരു ആരോപണത്തിനും അവസരമുണ്ടാക്കാത്ത ഈ ഗവൺമെന്റിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശവും പിന്തുണയും കൊടുക്കണം. ആലപ്പുഴ ജില്ലയിൽ അടിഞ്ഞുകൂടുന്ന കരിമണൽ രാത്രികാലങ്ങളിൽ കടത്തിക്കൊണ്ടുപോകുന്നത് കർശനമായി തടയുകയും അത് ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിലുള്ള സാദ്ധ്യതകൾ ആരായുകയും വേണം. ആലപ്പുഴ ജില്ലയിൽ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ധനവിനിയോഗത്തിലും ധനകാര്യ മാനേജ്മെന്റിലും ജനവിശ്വാസം ആർജ്ജിക്കുവാൻ ഈ ഗവൺമെന്റിന് കഴിയണം.

<u>ശ്രീ.പി.സി.ജോർജ്</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞകാല ബഡ്ജറ്റുകളെ അപേക്ഷിച്ച് സാധാരണ ജനങ്ങൾക്കുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ഒരു ബഡ്ജറ്റാണിത്. ഈ സഭാ സമ്മേളനം ആരംഭിച്ചിട്ട് ഒന്നരമാസക്കാലമായി. ജനങ്ങൾക്കിടയിൽ ദുരൂഹത നിലനിറുത്തിക്കൊണ്ട് സഭാ സമ്മേളനം അവസാനിക്കുന്നത് ശരിയല്ല. ഒന്നാം മാറാട് സംഭവത്തിനുശേഷം ഒരു ഇന്റലിജൻസ് റിപ്പോർട്ട് ഉണ്ടായിരുന്നുവെന്ന് കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നുണ്ട്. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയുടെ ചാർജ് വഹിച്ചിരുന്ന ഇന്നത്തെ പ്രതിപക്ഷനേതാവ് പറയുന്നത് ഇന്റലിജൻസ് റിപ്പോർട്ട് ഇല്ല എന്നാണ്. ഇതിനെക്കുറിച്ചുള്ള നിജസ്ഥിതി ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഒരു നല്ല അന്തരീക്ഷത്തിൽ സഭാ സമ്മേളനം അവസാനിപ്പിക്കണം. ഒന്നാം മാറാട് സംഭവത്തിനുശേഷം ഇന്റലിജൻസ് റിപ്പോർട്ട് ഉണ്ടെങ്കിൽ മേശപ്പുറത്തുവയ്ക്കുകയോ നാളെ പത്രക്കാർക്ക് വിതരണം ചെയ്യുകയോ ചെയ്യണം. സംസ്ഥാനത്തെ സാമ്പത്തികമായി തകർത്തതിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ളത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് ഫിസ്ക്കൽ ഡെപ്പോസിറ്റ് 4052 കോടി രൂപയാക്കി കുറച്ചു കൊണ്ടു വന്നിട്ടുണ്ട്. ധനക്കമ്മിയും റവന്യൂക്കമ്മിയും എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്താണ് കൂടിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തികഭദ്രതയ്ക്ക് റവന്യൂക്കമ്മിയും ഫിസ്ക്കൽ ഡെപ്പോസിറ്റും കൂടാൻ പാടില്ല; അത് സമ്പദ്ഘടനയെ തകർക്കുന്നതാണ്. 2005-2006-ൽ റവന്യൂക്കമ്മി 3129 കോടി രൂപയാണ്. കഴിഞ്ഞ എൽ.ഡി.എഫ്.ഗവൺമെന്റിന്റെ കാലത്ത് റവന്യൂ റെസീപ്റ്റ്സ് 36 ശതമാനമായിരുന്നു. എന്നാൽ യു.ഡി.എഫ് ഗവൺമെന്റ് അധികാരം ഒഴിയുമ്പോൾ റവന്യൂ റെസീപ്റ്റ്സ് 20 ശതമാനമായി കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. 2006-2007-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് അനുസരിച്ച് റവന്യൂക്കമ്മി 5414 കോടി രൂപയാണ്. ഇപ്പോൾ റവന്യൂക്കമ്മിയും ധനക്കമ്മിയും കൂടി; കടബാദ്ധ്യത വർദ്ധിച്ചിരിക്കുന്നു. 150 രൂപയക്ക് താഴെ വാടകയുള്ള ഹോട്ടൽ മുറികളെ ടാക്സിൽനിന്നും ഒഴിവാക്കുമെന്ന് പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. എന്നാൽ എയർകണ്ടീഷൻ ചെയ്ത ഒരു മുറിയിൽ താമസസൗകര്യം ക്രമപ്പെടുത്തുന്നതിനും മറ്റ് സൗകര്യങ്ങൾക്കു മായി 75 രൂപയിൽനിന്ന് ഒരു രൂപ കൂടുതൽ ആകുകയാണെങ്കിൽ അതിന്റെ 10 ശതമാനം ടാക്സ് കൊടുക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് അനീതിയാണ്. യു.ഡി.എഫ് ഗവൺമെന്റ് കൺവെൻഷൻ സെന്ററുകൾക്ക്

30 ശതമാനം ടാക്സ് ചുമത്തിയിരുന്നത് ഈ ഗവൺമെന്റ് 15 ശതമാനമായി കുറച്ചിരിക്കുന്നു. ചാർജിംഗ് സെക്ഷനോ ലെവിയിംഗ് സെക്ഷനോ കൊണ്ടു വരാതിരുന്നാൽ ടാക്സേഷൻ നിയമമനുസരിച്ച് ടാക്സ് ഈടാക്കാൻ സാധിക്കുകയില്ല. ഭരണഘടനാവിരുദ്ധമായ കാര്യങ്ങൾ പാവപ്പെട്ട ജനങ്ങളുടെ മേൽ അടിച്ചേല്പിക്കുകയാണ് ചെയ്യുന്നത്. സമ്പന്നർക്കും ചെറ്റക്കുടിലിൽ താമസിക്കുന്നവർക്കും ഒരുപോലെ കേബിൾ ടി.വി.ക്ക് സർവ്വീസ് ചാർജ് 5 രൂപ നിരക്കിൽ ഏർപ്പെടുത്തിയിരിക്കുന്നത് ശരിയല്ല. ഇക്കാര്യത്തിൽ ഓരോരുത്തരുടെയും കഴിവിനനുസരിച്ചുള്ള ടാക്സേഷൻ കൊണ്ടുവരണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): കേരളത്തിൽ ബോംബുനിർമ്മാണവും ആയുധ ശേഖരണവും ഉണ്ടെന്നുള്ള റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ക്രമസമാധാനത്തെ അട്ടിമറിക്കുന്നതിനുവേണ്ടി ചില ശക്തികൾ ബോധപൂർവ്വം ശ്രമിക്കുന്നുണ്ട്. ആയുധ നിർമ്മാണം, ബോംബ് നിർമ്മാണം, ആയുധ ശേഖരണം എന്നിവയുടെ ഉറവിടം കണ്ടുപിടിക്കുന്നതിനും അവ തകർക്കുന്നതിനുമുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആരാധനാലയങ്ങളുടെ നേരെ നടന്നിട്ടുള്ള കയ്യേറ്റങ്ങളെ ഗവണ്മെന്റ് ഗൗരവമായിട്ടാണ് കാണുന്നത്. മാറാട് കലാപം സംബന്ധിച്ച് അന്നത്തെ മുഖ്യമന്ത്രി ശ്രീ.എ.കെ. ആന്റണി ഉണ്ടെന്നു പറഞ്ഞ ഇന്റലിജൻസ് റിപ്പോർട്ടും ഇന്നലെ ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞ ഇന്റലിജൻസ് റിപ്പോർട്ടും വ്യത്യസ്തമായിട്ടുള്ളതാണ്. രണ്ടാം കലാപത്തിനു ശേഷം നൽകിയിട്ടുള്ള ഇന്റലിജൻസ് റിപ്പോർട്ടിലാണ് എഫ്.എം.നെ

സംബന്ധിച്ച് പരാമർശമുണ്ടായത്. ആയുധശേഖരണവും സ്ഫോടകവസ്തു ശേഖരണവും സംഭരണവും വൻതോതിൽ നടന്നിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുള്ള ഒരു ഇന്റലിജൻസ് റിപ്പോർട്ടാണ് മാറാട് കമ്മീഷനുമുമ്പിൽ ഹാജരാക്കിയിട്ടുള്ളത്. കമ്മീഷനുമുമ്പിൽ ആദ്യം ഈ റിപ്പോർട്ട് ഹാജരാക്കാൻ സന്നദ്ധമായിരുന്നില്ല. ഹൈക്കോടതി ഇടപെട്ടപ്പോഴാണ് ഹാജരാക്കിയത്. കമ്മീഷന്റെ അധികാരം ഉപയോഗിച്ച് പ്രത്യേക നോട്ടീസ് കൊടുത്തുകൊണ്ടാണ് ഇന്റലിജൻസ് റിപ്പോർട്ട് ഹാജരാക്കിയത്. അങ്ങനെ ഒരു ഇന്റലിജൻസ് റിപ്പോർട്ട് കണ്ടില്ല എന്നാണ് ശ്രീ. എ.കെ. ആന്റണി കോടതിയിൽ പറഞ്ഞത്. വൻതോതിൽ പണശേഖരണവും ആയുധശേഖരണവും നടന്നുവെന്നുള്ളതുകൊണ്ടാണ് ഇന്റലിജൻസ് ബ്യൂറോയുടേയും റവന്യൂ ബ്യൂറോയുടേയും സഹായത്തോടുകൂടി സി.ബി.ഐ. അന്വേഷിക്കണമെന്ന് ഈ ഗവണ്മെന്റ് പറഞ്ഞത്. ഇങ്ങനെയൊരു ഇന്റലിജൻസ് റിപ്പോർട്ട് ഉണ്ടെന്നാണ് ഇന്റലിജൻസ് ആസ്ഥാനത്തുനിന്നും കിട്ടിയ വിവരം. എല്ലാ ഇന്റലിജൻസ് റിപ്പോർട്ടും രേഖാമൂലമല്ല സമർപ്പിക്കുന്നത്. ചില റിപ്പോർട്ടുകളെ സംബന്ധിച്ച് ബ്രീഫ് ചെയ്യുക മാത്രമേ ചെയ്യുകയുള്ളൂ. ഇങ്ങനെയൊരു റിപ്പോർട്ട് ഉണ്ടായിരുന്നുവെങ്കിൽ അന്നത്തെ മന്ത്രിസഭയിലെ രണ്ട് മന്ത്രിമാരെക്കുറിച്ചുണ്ടായ പരാമർശം സ്വാഭാവികമായും മുഖ്യമന്ത്രിയോട് പറയാതിരിക്കില്ല. ഇത്രയും ഗൗരവതരമായ ഒരു കാര്യം ഇന്റലിജൻസ് റിപ്പോർട്ടിൽ ഉണ്ടായിട്ട് അന്നത്തെ മുഖ്യമന്ത്രിയോട് പറയാതിരുന്നുവെങ്കിൽ അത് ഏറ്റവും വലിയ തെറ്റാണ്. അന്നത്തെ ഇന്റലിജൻസ് വകുപ്പ് കൈകാര്യം ചെയ്ത ഉദ്യോഗസ്ഥർ ഇതിൽ വീഴ്ചകാണിച്ചിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കുന്നതിന് സി.ബി.ഐ.യോട് ആവശ്യപ്പെടും. ഇതിൽ നടന്നിട്ടുള്ള ഗൂഢാലോചന തെളിയിക്കുന്നതിനുള്ള ഒരു പ്രധാനപ്പെട്ട രേഖയാണ് സി.ബി.ഐ. അന്വേഷണം. ഇതുസംബന്ധി

ച്ചുള്ള ഗൂഢാലോചന പുറത്തുകൊണ്ടുവരുന്നതിനുവേണ്ടിയുള്ള പ്രധാനപ്പെട്ട രേഖ എന്നുള്ള നിലയിൽ ഇത് പ്രത്യേകമായി പരിശോധിക്കുന്നതിന് പ്രത്യേക മായി ആവശ്യപ്പെടുമെന്ന് സഭയെ അറിയിക്കുകയാണ്. അന്വേഷണ കമ്മീഷനു മുമ്പിൽ ഒരു ഇന്റലിജൻസ് റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. ആ റിപ്പോർട്ട് സി.ബി. സി.ഐ.ഡി.ക്ക് കൈമാറേണ്ടതായിരുന്നു. അന്നത്തെ ഇന്റലിജൻസ് ഐ.ജി. അത് കൈമാറാതെ മറച്ചുപിടിച്ചു. അതാണ് ഇവിടെ പരിശോധിക്കേണ്ട കാര്യം. അന്നത്തെ ഭരണരംഗത്തെ മിസ്മാനേജുമെന്റാണ് ഈ കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഈ ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തുകൊണ്ട് നടപടി എടുത്തില്ല എന്ന കാര്യം ഉൾപ്പെടെ സി.ബി.ഐ. അന്വേഷണത്തിൽ വിഷയമാക്കണം എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇല്ലാത്ത ഒരു റിപ്പോർട്ട് അന്വേഷണ കമ്മീഷനു മുന്നിൽ ഹാജരാക്കുകയില്ല. അന്വേഷണ കമ്മീഷനുമുന്നിൽ ഇത് ഒരു സീക്രട്ട് രേഖയായി കൊടുത്തിട്ടുണ്ട്. അത് ബഹുമാനപ്പെട്ട സ്പീക്കറെ കാണിക്കാൻ തയ്യാറാണ്. പ്രതിപക്ഷത്തിനും വേണമെങ്കിൽ പരിശോധിക്കാം.

പ്രതിപക്ഷനേതാവ് <u>(ശ്രീ.ഉമ്മൻ ചാണ്ടി):</u> ഞാൻ പറഞ്ഞതിൽ നിന്നും തികച്ചും വ്യത്യസ്തമായി ഒഴിഞ്ഞുമാറിക്കൊണ്ടാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി സംസാരിച്ചത്. ഇന്റലിജൻസ് റിപ്പോർട്ട് 5 കോപ്പി കാണും. ആഭ്യന്തര വകുപ്പുമന്ത്രി, ഹോം സെക്രട്ടറി, ഡി.ജി.പി., അഡീഷണൽ ഡി.ജി.പി. എന്നിവർക്ക് ഓരോ കോപ്പിവീതം കൊടുക്കും. ഈ റിപ്പോർട്ട് അന്നത്തെ മുഖ്യമന്ത്രി കാണാനിടയായിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി മേൽപ്പറഞ്ഞവരുടെയൊക്കെ ഫയലിൽ ഉണ്ടാകും. അങ്ങനെയാണെങ്കിൽ ശ്രീ. എ.കെ. ആന്റണി മാത്രമല്ല, അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി എന്ന നിലയിൽ ഞാനും ആ റിപ്പോർട്ടിൻമേൽ നടപടിയെടുക്കാത്തതിന്

ഉത്തരവാദിയാണ്. ഇന്റലിജൻസ് റിപ്പോർട്ട് എന്നുപറഞ്ഞാൽ അതിന് പല നടപടിക്രമങ്ങളുമുണ്ട്. ആ നടപടിക്രമങ്ങൾ പ്രോപ്പർ ചാനലിലൂടെയാണ് വരേണ്ടത്. ഒരു എസ്.ഐ.യോ, ഡിവൈ.എസ്.പി.യോ, സി.ഐ.യോ എന്തെങ്കിലും എഴുതി അയച്ചാൽ അത് ഇന്റലിജൻസ് റിപ്പോർട്ടാകില്ല. അത് പ്രോസ്സസ് ചെയ്ത് ശരിയായിട്ടുള്ള വിവരങ്ങളാണ് മുകളിലേയ്ക്ക് അയയ്ക്കുന്നത്. ഇങ്ങനെ ഒരു റിപ്പോർട്ടില്ല എന്ന് വ്യക്തമായ അറിവു ലഭിച്ചതിന്റെ പേരിലാണ് പറയുന്നത്. ഇത് ആഭ്യന്തര വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും അറിയാവുന്ന കാര്യമാണ്. ഇത് ഇന്റലിജൻസ് റിപ്പോർട്ടാണെന്നു പറഞ്ഞാൽ ആഭ്യന്തര വകുപ്പുമന്ത്രിയുടെ ക്രെഡിബിലിറ്റിയാണ് നഷ്ടപ്പെടുന്നത്. ഇങ്ങനെയൊരു ഇന്റലിജൻസ് റിപ്പോർട്ടുണ്ടെങ്കിൽ ഞാൻ രണ്ടു കൈയും ഉയർത്തി ഈ സഭയിൽ ക്ഷമാപണം നടത്താൻ തയ്യാറാണ്. ഇങ്ങനെ ഒരു റിപ്പോർട്ടുണ്ടെങ്കിൽ അക്കാര്യം മുഖ്യമന്ത്രിയെ അറിയിച്ചില്ലെങ്കിൽ അത് ഗുരുതരമായ പ്രശ്നമാണ്. അങ്ങനെ ഒരു റിപ്പോർട്ടുണ്ടോ എന്നുള്ളത് അറിയണം. സഭ പിരിയാൻപോകുന്ന ഈ അവസരത്തിൽ ഒരു ദുരൂഹ സാഹചര്യം സൃഷ്ടിക്കാൻ വേണ്ടി ബോധപൂർവ്വം നടത്തിയ ആക്ഷേപമാണിത്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രോപ്പർ ചാനലിലൂടെ വന്നിട്ടുള്ള റിപ്പോർട്ടുണ്ടോ എന്നറിയണം. എന്റെ അറിവിൽ ഇങ്ങനെ ഒരു റിപ്പോർട്ടില്ല.

(മാറാട് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചതായി പറയപ്പെടുന്ന ഇന്റലിജൻസ് റിപ്പോർട്ട് സംബന്ധിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തൃപ്തികരമായ മറുപടി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ച് സഭവിട്ട് പുറത്തുപോയി.)

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): ധനവിനിയോഗത്തെ ഏറ്റവും കൂടുതൽ ബാധിക്കുന്ന ഒന്നാണ് ഫുൾ ബഡ്ജറ്റ്. ധനകാര്യ വർഷത്തിന്റെ ആറ് മാസം പിന്നിടുമ്പോഴാണ് സാധാരണ ഫുൾ ബഡ്ജറ്റ് പാസ്സാക്കുന്നത്. അതുകൊണ്ട് അടുത്ത വർഷം മാർച്ച് മാസത്തിനു മുമ്പേ തന്നെ പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കുന്നതിന് ഗവണ്മെന്റ് ഉദ്ദേശിക്കുകയാണ്. അതുവഴി ധനവിനിയോഗത്തെ കൂടുതൽ മെച്ചപ്പെടുത്താനാകുമെന്ന് കരുതുന്നു. യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ കമ്മി കുറയ്ക്കാൻ ശ്രമിക്കുന്നുവെന്നും എൽ.ഡി.എഫ്. വരുമ്പോൾ കമ്മി നിയന്ത്രണാതീതമായി ഉയരുന്നുവെന്നും ധനപരമായ അരാജകത്വം നടക്കുന്നു എന്നുമാണ് പ്രതിപക്ഷത്തുള്ള പല അംഗങ്ങളും പറഞ്ഞത്. കമ്മി ഇല്ലാത്തതാണ് നല്ലത് എന്ന തത്വം നടപ്പിലാക്കിക്കഴിഞ്ഞാൽ ജനങ്ങളുടെയിടയിൽ പ്രതിഷേധം വരും. ആ പ്രതിഷേധത്തെ മറികടക്കുന്നതിനുവേണ്ടി, കമ്മി നിയന്ത്രിക്കുന്നതിനു വേണ്ടി നിയമം തന്നെ പാസ്സാക്കാൻ തുടങ്ങി. ആ നിയമങ്ങളുടെ വക്താക്കളാണ് ഇവിടത്തെ പ്രതിപക്ഷം. പ്ളാനിംഗ് കമ്മിഷൻ റവന്യൂ കമ്മി ഇത്ര ദിവസംകൊണ്ട് ഇല്ലാതാക്കിക്കൊള്ളണമെന്നും കമ്മി കുറയ്ക്കണമെന്നും പറയുന്നത് ശരിയല്ല. ഫ്ളെക്സിബിളായിട്ടുള്ള നിലപാട് എടുക്കണമെന്ന് പ്ളാനിംഗ് കമ്മിഷൻ പറയുമ്പോൾ അതിനോട് യോജിക്കാതെ ഏറ്റവും ജനവിരുദ്ധമായ നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ഭരണം മാറുന്നതനുസരിച്ച് കയറുകയും ഇറങ്ങുകയും ചെയ്യുന്നതല്ല സംസ്ഥാനത്തെ സാമ്പത്തികനില. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി എന്നുപറയുന്നത് ഇൻഡ്യാ രാജ്യത്തുവരുന്ന സാമ്പത്തിക മാറ്റങ്ങളുടെ ഭാഗമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഖണ്ഡിതമായിട്ടുള്ള നിലപാട് ഈ

കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ ധനകാര്യ അധ:പതനത്തിനു കാരണം കേന്ദ്ര നയമാണ്. ഇതൊരു ഭേദഗതി ബഡ്ജറ്റാണ്. ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റിൽ ധനക്കമ്മിയും റവന്യൂ കമ്മിയും വർദ്ധിച്ചിരുന്നു. അത് ക്രമാതീതമായി ഉയരാതിരിക്കാൻവേണ്ടി യഥാർത്ഥ ത്തിലുള്ള ചെലവ് മറച്ചുവച്ചു. ശംപളത്തിനുള്ള പണം വകയിരുത്തിയിട്ടില്ല. കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള പണം വകയിരുത്തിയിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. ഭരണത്തിന്റെ പരിണതഫലമാണ് കേരളം ഇന്ന് അഭിമുഖീ കരിക്കുന്ന റവന്യൂക്കമ്മിയും ധനക്കമ്മിയും. അത് പരിഹരിക്കുന്നതിനുവേണ്ടി ഇവിടെ പാസ്സാക്കിയ ജനവിരുദ്ധ നിയമത്തിന്റെ അടിസ്ഥാനത്തിൽ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാഴ്ചപ്പാട് അനുസരിച്ച്, ജനങ്ങൾക്കുള്ള സമാശ്വാസങ്ങളൊന്നും വെട്ടിക്കുറയ്ക്കാതെ വിഭവം സമാഹരിച്ചു കൊണ്ട് ദീർഘകാലാടിസ്ഥാനത്തിൽ കമ്മി ഇല്ലാതാക്കുന്നതിനും എന്നാൽ ആവശ്യമുള്ള പണം ഉപയോഗിച്ച് വികസനം നടപ്പാക്കുന്നതിനും തീരുമാനിച്ചിരിക്കുകയാണ്. ആ നയമാറ്റത്തിന് ഈ ബഡ്ജറ്റിലൂടെ തുടക്കം കുറിക്കുകയാണ്. സഭയിൽ പറഞ്ഞിട്ടുള്ള എന്തെങ്കിലും കാര്യങ്ങൾ നിയമത്തിൽ ഇല്ല എന്നുണ്ടെങ്കിലും ഒഴിവാക്കും എന്നുപറഞ്ഞ കാര്യങ്ങൾ ഒഴിവാക്കിയിട്ടില്ല എന്നുണ്ടെങ്കിൽ അത് പരിശോധിക്കാം. ഏതെങ്കിലും വിഭാഗത്തിന് ഇനിയും കൂടുതൽ നികുതിയാകാം എന്ന് പ്രതിപക്ഷത്തിന് അഭിപ്രായമുണ്ടെങ്കിൽ മൂന്ന് മാസം കഴിഞ്ഞാൽ വീണ്ടും ബഡ്ജറ്റ് അവതരിപ്പിക്കുകയാണ്. അപ്പോൾ അതിനെപ്പറ്റി ആലോചിക്കാം. ഏകകണ്ഠമായ നികുതി സമ്പന്ന വിഭാഗങ്ങളുടെ മേൽ ഏൽപിക്കുന്നതിനും ഏർപ്പെടുത്തുന്നതിനും ഒരു തർക്കവുമില്ല. കേബിൾ കണക്ഷന് എന്റർടൈൻമെന്റ് ടാക്സ് ചുമത്താനുള്ള അവകാശം പഞ്ചായത്തുകൾ

ക്കാണ്. ആ അധികാരം കവർന്നുകൊണ്ട് സർവ്വീസ് ചാർജ്ജ് ഈടാക്കുകയാണ് ചെയ്തത്. ചെറ്റക്കുടിലിലുള്ള കേബിൾ ടെലിവിഷൻ കാർക്ക് അധികഭാരം അടിച്ചേൽപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. പാസ്സാക്കിയ ബഡ്ജറ്റിലെ പൂർണ്ണ ധനവിനിയോഗ ബില്ലിനേക്കാൾ 481 കോടി രൂപകൂടി ചെലവഴിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇനി 6 മാസമാണ് ഈ പണം ചെലവഴിക്കാനുള്ള സമയം. അത് വലിയ ജാഗ്രതയോടുകൂടി ചെലവഴിക്കുന്നതിന് മുന്നോട്ടുവന്നില്ലെങ്കിൽ ഫലപ്രദമായ ചെലവഴിക്കൽ നടക്കുകയില്ല. ഓരോ ഇനത്തിലും എത്ര തുകയാണ് ചെലവഴിക്കേണ്ടത് എന്ന് പറഞ്ഞിട്ടുണ്ട്. ധനവിനിയോഗത്തിന്റെ കാര്യക്ഷമത ഉയർത്തിക്കൊണ്ട് ഈ വർഷത്തെ ഇനിയുള്ള 6 മാസങ്ങളിൽ ഫലപ്രദമായി ജനങ്ങൾക്ക് കൂടുതൽ സമാശ്വാസവും നാടിന്റെ വികസനവും ഉറപ്പുവരുത്തുന്ന രീതിയിൽ ഈ ബഡ്ജറ്റ് നടപ്പാക്കുന്നതിനുവേണ്ടി യത്നിക്കാം. ഈ ധനവിനിയോഗബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2006-ലെ കേരള ധനവിനിയോഗ (17-ാംനമ്പർ) ബിൽ പരിഗണന യ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ഉം 3-ഉം വകുപ്പുകൾ</u>

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>1–ാം വകുപ്പും പീഠികയും പേരും</u>

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ.തോമസ് ഐസക്):</u> 2006–ലെ കേരള ധനവിനിയോഗ (17–ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ.എം.വിജയകുമാർ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2006–ലെ കേരള ധനവിനിയോഗ (17–ാം നമ്പർ) ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

**പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നം**

<u>മി.സ്പീക്കർ</u>:സഭയിൽ ഉന്നയിക്കപ്പെട്ട ഒരു ചോദ്യത്തിന് കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ കീടനാശിനി ഉപയോഗിച്ചതുമൂലം മരണം സംഭവിച്ചിട്ടില്ലായെന്ന് വാസ്തവ വിരുദ്ധമായ ഉത്തരം നൽകിയ കൃഷി വകുപ്പുമന്ത്രി ശ്രീ. മുല്ലക്കര രത്നാകരനെതിരെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു നോട്ടീസ് നൽകിയത് ചെയറിന്റെ പരിഗണനയിലാണ്.

പന്ത്രണ്ടാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം 2006 സെപ്റ്റംബർ 18–ന് ആരംഭിച്ച് ബിസിനസ് പൂർത്തിയാക്കി ഇന്ന് പിരിയുന്നു. 21 ദിവസം സമ്മേളിച്ച ഈ സെഷനിൽ 2006–2007–ലെ ബഡ്ജറ്റ് നടപടികൾ പൂർത്തീകരിക്കുന്നതിനാണ് പ്രഥമ പരിഗണന നൽകിയത്. ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്ന കേരള ഷോപ്സ് ആന്റ്

കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ ഐകകണ്ഠ്യേന പാസ്സാക്കുകവഴി ജനക്ഷേമ നിയമനിർമ്മാണം നടത്തുന്നതിൽ കേരള നിയമസഭയ്ക്കുള്ള പാരമ്പര്യവും യശസ്സും ഉയർത്തിപ്പിടിച്ചു. കർഷക കടാശ്വാസ കമ്മീഷൻ ബിൽ അവതരിപ്പിച്ച് വിശദമായ പരിശോധനയ്ക്ക് സെലക്ട് കമ്മിറ്റിക്ക് വിടുന്നതിന് ഐകകണ്ഠ്യേന തീരുമാനിച്ചു. ഈ സമ്മേളനം വൈവിധ്യമാർന്ന അനുഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ചട്ടം 130 അനുസരിച്ച് ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി, റോഡപകടങ്ങൾ എന്നിങ്ങനെ രണ്ട് പ്രമേയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ചട്ടം 23 അനുസരിച്ച് സ്റ്റാറ്റ്യൂട്ടറി പ്രമേയം സഭയിൽ അവതരിപ്പിക്കപ്പെട്ടു. ചട്ടം 300 അനുസരിച്ച് മാലിന്യമുക്ത കേരളം, നെയ്യാർഡാമിൽ നിന്നും തമിഴ്നാടിന് ജലം നൽകുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയും മുരളീധരൻ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയും മുല്ലപ്പെരിയാർ പ്രശ്നം സംബന്ധിച്ച് ജലവിഭവ വകുപ്പുമന്ത്രിയും സഭയിൽ പ്രസ്താവന നടത്തി. ചട്ടം 118 അനുസരിച്ച് സഹകരണ സ്ഥാപനങ്ങളെ ആദായനികുതിയുടെ പരിധിയിൽപ്പെടുത്തിക്കൊണ്ടുള്ള ഇൻകം ടാക്സ് ആക്ടിലെ ഭേദഗതി റദ്ദ് ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി പ്രമേയം അവതരിപ്പിച്ചു. ചട്ടം 58 അനുസരിച്ച് മാറാട് സംഭവത്തിന്റെ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്മേൽ നടന്ന ചർച്ചയിൽ സഭയിൽ പ്രാതിനിധ്യമുള്ള എല്ലാ പാർട്ടി പ്രതിനിധികളും പങ്കെടുത്തു. സംസ്ഥാനത്ത് മതസൗഹാർദ്ദവും സാഹോദര്യവും സംരക്ഷിക്കുന്ന കാര്യത്തിൽ കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാപേരും യോജിച്ചതിനും സഭ വേദിയായി. ഈ

സെഷനിൽ 21 ദിവസങ്ങളിലായി 40 ശ്രദ്ധ ക്ഷണിക്കൽ പ്രമേയങ്ങളും 340 സബ്മിഷനുകളും അവതരിപ്പിച്ചു. സഭാനടപടികൾ അൽപ്പം നീണ്ടു പോകുന്നുവെന്ന പരാതിയുണ്ടെങ്കിലും ചോദ്യോത്തരങ്ങൾക്ക് പുറമെ മണ്ഡലങ്ങളിലേയും അല്ലാത്തതുമായ വിഷയങ്ങൾ സഭയിൽ ഉന്നയിക്കുന്നതിന് അംഗങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നിയമസഭാ സമ്മേളനം നടക്കുന്നതിനിടയിലും അംഗങ്ങൾക്കുവേണ്ടി പഠന പ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്താൻ കഴിഞ്ഞു. അതിന്റെഭാഗമായി ബഹുമാനപ്പെട്ട ലോക്സഭാ സ്പീക്കർ ശ്രീ. സോമനാഥ് ചാറ്റർജി ഉത്ഘാടനം ചെയ്ത ഒക്ടോബർ 3, 4 തീയതികളിൽ നടന്ന ഓറിയന്റേഷൻ പ്രോഗ്രാം പ്രയോജനപ്രദമായിരുന്നു. അംഗങ്ങൾ ക്കുള്ള കമ്പ്യൂട്ടർ പരിശീലന പരിപാടിയനുസരിച്ച് ഒന്നാം ബാച്ചിന്റെ പരിശീലനം പൂർത്തീകരിക്കുകയും രണ്ടാം ബാച്ചിന്റെ പരിശീലനം തുടർന്നുവരികയും ചെയ്യുന്നു. സഭ സമ്മേളിച്ചുകൊണ്ടിരിക്കുന്ന കാലയളവിലാണ് നമ്മുടെ സഹപ്രവർത്തകനായ മത്തായി ചാക്കോ നമ്മെ വിട്ടുപിരിഞ്ഞത്. ആ വേർപാട് സഭയുടെ ദു:ഖമായതിനും നാം സാക്ഷ്യം വഹിച്ചു. സഭയുടെ പ്രവർത്തനങ്ങൾ സുഗമമായി കൊണ്ടുപോകുന്നതിന് സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, മറ്റ് കക്ഷിനേതാക്കൾ, മന്ത്രിമാർ, ബഹുമാനപ്പെട്ട അംഗങ്ങൾ എന്നിവർക്കും പത്ര മാധ്യമപ്രതിനിധികൾക്കും ജീവനക്കാർക്കും ചെയറിന്റെ പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): സഭ മുമ്പാകെ മറ്റ് ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ : സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

സഭ വൈകുന്നേരം 5.35–ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.